# TRICHUR ARCHDIOCESAN BULLETIN

2025 ആഗസ്റ്റ് | വാല്യം: 92 | ലക്കം: 08




**പത്തു കുഷ്ഠരോഗികൾ** (ലൂക്കാ 17:17)

*From* : Editor, Trichur Archdiocesan Bullettin, Catholic Archbishop's House,
Thrissur, Kerala - 680 005 Ph: 0487-2333325, 2338203, 2333542

# തിരുനാൾ ആശംസകൾ



വൈദികരുടെ മധ്യസ്ഥനായ

**വി. ജോൺ മരിയ വിയാനി**

ഓഗസ്റ്റ് 04

Trichur
Archdiocesan
Bulletin
TAB

ESTD:1934

ആഗസ്റ്റ് 2025
ലക്കം: 08 | വാല്യം: 92

08

*Imprimatur*
(Sd)
**Mar Andrews Thazhath**
Archbishop of Trichur
*Chief Editor*
**Fr. Francis Aloor**
*Executive Editor*
**Fr. Shijo Chiriyankandath**
*Design*
smritidesin.com
*Printed at*
St. Mary's Orphanage Press
*Published from*
Archbishop's House
P.B No.706, Thrissur- 680 005
Ph: 0487- 2333325,
2338203, 2333542
Email: curiatcr@gmail.com
bulletintcr@gmail.com
www.trichurarchdiocese.org



## ഉള്ളടക്കം

| | |
|---|---|
| സർക്കുലർ | 04 |
| കച്ചേരിക്കാര്യം | 07 |
| അതിരൂപതാദ്ധ്യക്ഷന്റെ പരിപാടികൾ | 13 |
| സഹായമെത്രാന്റെ പരിപാടികൾ | 14 |
| നാളാഗമം | 16 |
| നാമകരണ നടപടികൾ | 22 |
| വൈദികർ | 26 |
| സന്യസ്തർ | 28 |
| മേജർ ആർക്കിഎപ്പിസ്കോപ്പൽ തീർത്ഥകേന്ദ്രം | 35 |
| സാമ്പത്തിക കാര്യാലയം | 37 |
| വിശ്വാസ പരിശീലനം | 44 |
| സ്ഥാപനങ്ങൾ | 50 |
| സംഘടനകൾ | 65 |

# 1 സർക്കുലർ

## മാർ ആൻഡ്രൂസ് താഴത്ത്

$\frac{1659/2025}{19.07.2025}$ C-8

### വി. എവുപ്രാസ്യയുടെ തിരുനാൾ
### ആഗസ്റ്റ് 29

സുവിശേഷമൂല്യങ്ങളെ സ്വന്തം ജീവിതത്തിൽ പ്രാവർത്തികമാക്കി പുണ്യപൂർണത പ്രാപിച്ചവരാണ് വിശുദ്ധർ. വിശുദ്ധരുടെ മരണം സ്വർഗത്തിൽ അവരുടെ ജനനമാണല്ലോ. ആ ദിനം തിരുസ്സഭ അവരുടെ തിരുനാളായി ആഘോഷിക്കുന്നു. അവരുടെ ജീവിതം നമുക്ക് എന്നും പ്രചോദനവും, പ്രതീക്ഷയും പകരുന്നു. ഇളം പ്രായത്തിൽ തന്നെ വിശുദ്ധിയിലേക്കുള്ള തന്റെ വിളി തിരിച്ചറിഞ്ഞ് ഈശോയുടെ ഇഷ്ടങ്ങൾക്കനുസൃതം തന്റെ ജീവിതത്തെ എവുപ്രാസ്യമ്മ ക്രമപ്പെടുത്തി. സ്വന്തം കുടുംബത്തിലും, പിന്നീട് സന്യാസഭവനത്തിലും സാധാരണ ജീവിതത്തിന്റെ കർത്തവ്യങ്ങളും, തന്റെ ഉത്തരവാദിത്വങ്ങളും അസാമാന്യ തീക്ഷ്ണതയോടെ ചെയ്തു തീർത്തു. ഈശോയുടെ ചെറിയ ആഗ്രഹങ്ങൾപോലും മനസ്സിലാക്കി, അത് പ്രാവർത്തികമാക്കാൻ അവൾ നിർബന്ധം വെച്ചു. അതിനാലാണ്, രാവും പകലും

ദിവ്യകാരുണ്യ നാഥനരികെ തപസ്സിരുന്ന് അവിടുത്തെ ഹൃദയാഭിലാഷങ്ങൾ വിവേചിച്ചറിയാൻ അവൾക്ക് സാധിച്ചത്.

ദൈവീകവും മാനുഷികവുമായ സ്നേഹത്തിന്റെ ജ്വലിക്കുന്ന ചൂളയായ ഈശോയുടെ തിരുഹൃദയത്തിൽ അവൾ അഭയം കണ്ടെത്തി. ഈ ദൈവസ്നേഹം, അവളെ സഹോദരസ്നേഹത്തിന്റെ ഒരു പ്രേഷിതയാക്കി. താൻ കണ്ടുമുട്ടിയതും കേട്ടറിഞ്ഞതുമായ എല്ലാവർക്കുംവേണ്ടി, മനസ്സിലാക്കിയ എല്ലാ കാര്യങ്ങൾക്കുംവേണ്ടി, പ്രത്യേകിച്ച് തിരുസ്സഭക്കും, ശുദ്ധീകരണസ്ഥലത്തെ ആത്മാക്കൾക്കും വേണ്ടി രാപകൽ തന്റെ സഹനങ്ങൾ കാഴ്ചവെച്ച് അവൾ പ്രാർഥിച്ചു. സ്വാർഥത കൂടിവരുന്ന, ധാർമിക മൂല്യങ്ങൾ ശോഷിക്കുന്ന ഈ കാലഘട്ടത്തിൽ വിശുദ്ധ എവുപ്രാസ്യമ്മ ഉയർത്തിപ്പിടിക്കുന്ന ദിവ്യകാരുണ്യവും ജപമാലയുമാകുന്ന അമൂല്യനിധികളെ നമുക്കും നെഞ്ചോട് ചേർക്കാം. സമകാലിക വെല്ലുവിളികളെ അതിജീവിക്കാൻ ഇവയോളം ശക്തി മറ്റൊന്നിനും ഇല്ലെന്നുകൂടി ഈ പുണ്യകന്യക നമ്മെ പഠിപ്പിക്കുന്നു. ഒല്ലൂരിന്റെ ഈ അമ്മ, തന്റെ ജീവിതകാലത്തെന്ന പോലെതന്നെ ഇന്നും ആയിരങ്ങൾക്കായി തന്റെ മാധ്യസ്ഥ്യംവഴി അനുഗ്രഹങ്ങൾ വർഷിക്കുന്നു.

തിരുനാളിനൊരുക്കമായി ഒല്ലൂരിലെ അതിരൂപത തീർഥകേന്ദ്രത്തിൽ ഉയർത്താനുള്ള പതാക എവുപ്രാസ്യമ്മ മാമ്മോദീസ സ്വീകരിച്ച എടത്തിരുത്തി പരിശുദ്ധ കർമ്മലമാതാവിന്റെ ദൈവാലയത്തിൽനിന്ന് ഓഗസ്റ്റ് 17 ന് കൊണ്ടുവരികയും, തീർഥകേന്ദ്രത്തിൽ വെച്ച് രാവിലെ 9.15 ന് ഞാൻ അത് ഏറ്റുവാങ്ങി അൾത്താരയിൽ സമർപ്പിച്ച് വിശുദ്ധ കുർബാന അർപ്പിക്കുകയും ചെയ്യും.

ഒല്ലൂർ വി. എവുപ്രാസ്യ അതിരൂപത തീർഥകേന്ദ്രത്തിൽവെച്ച് എവുപ്രാസ്യമ്മയുടെ തിരുനാൾ ആഗസ്റ്റ് 29 ന് വെള്ളിയാഴ്ച ആഘോഷപൂർവം കൊണ്ടാടുന്നു. അന്നേദിവസം രാവിലെ 10.30നുള്ള തിരുനാൾ തിരുക്കർമങ്ങൾക്ക് അതിരൂപത വികാരിജനറാൾ മോൺ ജോസ് കോനിക്കര മുഖ്യകാർമികത്വം വഹിക്കും. ഉച്ചക്ക് 12 മണിയോടെ, തീർഥകേന്ദ്രത്തിൽ നിന്ന് മേരിമാത പള്ളിയിലേക്ക് ജപമാല പ്രദക്ഷിണവും ഉണ്ടായിരിക്കും. രാവിലെ 8 മുതൽ 5 മണിവരെ ഊട്ടുനേർച്ചയും ഒരുക്കിയിട്ടുണ്ട്. ഉച്ചതിരിഞ്ഞ്, 5 മണിക്ക് രാമനാഥപുരം രൂപതാമെത്രാൻ മാർ പോൾ ആലപ്പാട്ട് ആഘോഷമായ തിരുക്കർമങ്ങൾക്ക് മുഖ്യകാർമികത്വം വഹിക്കും. അതിരൂപത സഹായമെത്രാൻ മാർ ടോണി നീലങ്കാവിൽ, മോൺ ജെയ്സൻ കൂനംപ്ലാക്കൽ (അതിരൂപത വികാരി ജനറാൾ), റവ. ഫാ. ജോസ് നന്തിക്കര CMI (തൃശൂർ ദേവമാത CMI പ്രൊവിൻഷ്യൽ സുപ്പീരിയർ), റവ. ഫാ.

ജെയ്സൻ കാളൻ Ofm. Cap (പ്രൊവിൻഷ്യൽ സുപ്പീരിയർ) എന്നിവരും നൊവേന ദിവസങ്ങളിൽ തിരുക്കർമങ്ങൾക്ക് കാർമികത്വം വഹിക്കുന്നതായിരിക്കും.

എവുപ്രാസ്യമ്മയുടെ സുകൃത ജീവിതത്തിൽ പങ്കുചേരാൻ ദൈവം നമുക്ക് ഒരുക്കിത്തരുന്ന ഈ നല്ല അവസരത്തിൽ, സാധിക്കുന്ന എല്ലാവരും വി. എവുപ്രാസ്യമ്മയുടെ കബറിടത്തിലെത്തി വിശുദ്ധയുടെ മാധ്യസ്ഥ്യംവഴി ഈശോയുടെ അനുഗ്രഹം ഏറ്റുവാങ്ങാൻ ശ്രമിക്കുമല്ലോ. നൊവേന–തിരുനാൾ ദിനങ്ങളിലേക്ക് ഏവരേയും സ്നേഹപൂർവം ഞാൻ സ്വാഗതം ചെയ്യുന്നു. വി. എവുപ്രാസ്യമ്മയുടെ മാധ്യസ്ഥം നമുക്ക് ലഭിക്കട്ടെ എന്ന് പ്രാർത്ഥിക്കുന്നു.

മിശിഹായിൽ നിങ്ങളുടെ വത്സലപിതാവ്,

+ Andrews Thazhath

**മാർ ആൻഡ്രൂസ് താഴത്ത്**
*തൃശ്ശൂർ അതിരൂപത മെത്രാപ്പോലീത്ത*

---

N.B: *ഈ സർക്കുലർ 2025 ആഗസ്റ്റ് 10ന് ഞായറാഴ്ച പള്ളികളിലും സ്ഥാപനങ്ങളിലും വായിക്കുകയോ, ആശയങ്ങൾ ജനങ്ങളെ അറിയിക്കുകയോ ചെയ്യേണ്ടതാണ്. +AT.*

**ഇപ്പോൾ നമ്മൾ ആനന്ദിക്കുകയും ആഹ്ലാദിക്കുകയും വേണം. എന്തെന്നാൽ, നിന്റെ ഈ സഹോദരൻ മൃതനായിരുന്നു; അവനിപ്പോൾ ജീവിക്കുന്നു. നഷ്ടപ്പെട്ടിരുന്നു; ഇപ്പോൾ കണ്ടുകിട്ടിയിരിക്കുന്നു.**
**(ലൂക്ക 15, 32)**

# കച്ചേരി വാർത്തകൾ

**1. ഓർമ്മിക്കേണ്ട ദിവസങ്ങൾ**
**ആഗസ്റ്റ് 2025**

1 : പതിനഞ്ചുനോമ്പാരംഭം
: ആദ്യവെള്ളി
: നിസിബിസിലെ വി. യാക്കോബ്
: വി. അൽഫോൻസ് ലിഗോരി
3 : കൈത്താ രണ്ടാം ഞായർ
4 : വി. ജോൺ മരിയ വിയാനി
6 : ന. കർത്താവിന്റെ രൂപാന്തരീകരണം
8 : മാർ മാറി
: വി. ഡൊമിനിക്
10 : കൈത്താ മൂന്നാം ഞായർ
11 : വി. ക്ലാര
14 : വി. മാക്സിമില്യൻ കോൾബെ
15 : പരി. കന്യകാമറിയത്തിന്റെ സ്വർഗ്ഗാരോപണം
17 : കൈത്താ നാലാം ഞായർ
21 : വി. പത്താം പിയൂസ് മാർപാപ്പ
24 : കൈത്താ അഞ്ചാം ഞായർ
: വി. ബർത്തലോമിയോ ശ്ലീഹാ
28 : വി. അഗസ്റ്റിൻ
29 : വി. ശ്മോനിയും ഏഴു മക്കളും
: വി. എവുപ്രാസ്യ
31 : കൈത്താ ആറാം ഞായർ

**2. ആഗസ്റ്റ് മാസത്തെ പരിപാടികൾ**

04 : വിയാനി ഡേ, പൗരോഹിത്യ ജൂബിലി, മാർ ജേക്കബ് തൂങ്കുഴി പിതാവിന്റെ നാമഹേതുക തിരുനാളാഘോഷം, വൈദികസമ്മേളനം (10:00 am)
14 : ആലോചനസമിതി യോഗം (10:30 am)
15 : മതബോധന മെറിറ്റ് ഡേ

**3. വൈദിക ഏകദിനസമ്മേളനം, വിയാനി-ഡേ, പൗരോഹിത്യ ജൂബിലി**

വിയാനി-ഡേയും, പൗരോഹിത്യ രജതസുവർണ്ണ ജൂബിലി ആഘോഷവും അഭിവന്ദ്യ തൂങ്കുഴി പിതാവിന്റെ നാമഹേതുക തിരുനാളും വൈദികസമ്മേളനവും 2025 ആഗസ്റ്റ് 4ന് രാവിലെ 10:00 മണി മുതൽ മൈനർ സെമിനാരിയിൽ വച്ച് നടത്തുന്നു. രജത ജൂബിലിയും, സുവർണ്ണജൂബിലിയും ആഘോഷിക്കുന്ന വൈദികരെ ഈ യോഗത്തിൽ പ്രത്യേകം അനുമോദിക്കുന്നതാണ്.

**4. പാസ്റ്ററൽ കൗൺസിൽ അവാർഡ് ഡേ**

അതിരൂപതയുടെ ഈ വർഷത്തെ അവാർഡുദിന പരിപാടികൾ 2025 ഡിസംബർ 6-ാം തീയതി ശനിയാഴ്ച ഉച്ചക്കഴിഞ്ഞ് 2.00ന് ഫാമിലി അപ്പസ്തോലേറ്റ് സെന്ററിൽ വച്ച് നടത്തുന്നു. സമൂഹത്തിന്റെ വിവിധ തലങ്ങളിൽ 2024 ജൂൺ 1 മുതൽ 2025 ജൂൺ 1 വരെയുള്ള കാലയളവിൽ താഴെ പറയുന്ന വിധത്തിൽ അംഗീകാരം നേടുന്ന അതിരൂപതാംഗങ്ങളെ/ സ്ഥാപനങ്ങളെ ഈ സമ്മേളനത്തിൽ പ്രത്യേകം ആദരിക്കുന്നതാണ്. *(തൃശ്ശൂർ അതിരൂപതാംഗങ്ങളെ മാത്രമാണ് അവാർഡ് ദിനത്തിൽ ആദരിക്കുന്നത്. അതിരൂപതയിലെ സ്ഥാപനങ്ങളിൽ പഠിക്കുന്നവരോ പ്രവർത്തിക്കുന്നവരോ ആയ മറ്റ് രൂപതാംഗങ്ങളെയോ ഇതര മതസ്ഥരെയോ പുരസ്കാരങ്ങൾക്ക് പരിഗണിക്കുന്നതല്ല).*

* താഴെ പറയുന്ന വിഭാഗങ്ങളിൽ ഉൾപ്പെടുന്ന അപേക്ഷകൾ ബന്ധപ്പെട്ട അധികാരികളുടെ (ഹെഡ്മാസ്റ്റർ/ പ്രിൻസിപ്പൽ/ വികാരി) സാക്ഷ്യപത്രവും മാർക്കു ലിസ്റ്റ്/ സർട്ടിഫിക്കറ്റ് എന്നിവയുടെ അറ്റസ്റ്റഡ് കോപ്പികളോടും കൂടെ 15-10-2025 നു മുമ്പായി ജനറൽ സെക്രട്ടറി, പാസ്റ്ററൽ കൗൺസിൽ, കാത്തലിക് ആർച്ച്ബിഷപ്സ് ഹൗസ്, തൃശ്ശൂർ- 680 005 എന്ന അഡ്രസ്സിൽ അയക്കേണ്ടതാണ്.

* അപേക്ഷകരുടെ പൂർണമേൽവിലാസം ഫോൺ നമ്പർ സഹിതം നൽകേണ്ടതാണ്. മേൽവിലാസവും ഫോൺ നമ്പറും ഇല്ലാത്ത അപേക്ഷകൾ പരിഗണിക്കുന്നതല്ല.

* ഇക്കാര്യം പള്ളികളിലും സ്ഥാപനങ്ങളിലും കഴിയുന്നതും വേഗത്തിൽ അറിയിക്കാൻ ബഹു.വൈദികരും സ്ഥാപനാധികാരികളും ശ്രദ്ധിക്കണം.

* സമ്മാനാർഹരായവരുടെ പേരുവിവരം തൃശ്ശൂർ അതിരൂപത വെബ്സൈറ്റിൽ നവംബർ 15 നു പ്രസിദ്ധീകരിക്കുന്നതാണ് (www.trichurarchdiocese.org).

1. വിദ്യാഭ്യാസരംഗം

2024–25 അധ്യയനവർഷത്തിൽ

1.1 ഡിഗ്രി & പി.ജി.കോഴ്സുകളിൽ ഒന്നും രണ്ടും മൂന്നും റാങ്കുകൾ നേടിയിട്ടുള്ളവർ; കഴിഞ്ഞ അധ്യയനവർഷത്തിൽ Ph.D/PDF പൂർത്തിയാക്കിയവർ

1.2 ടി.ടി.ഐ., ടി.ടി.സി., ബി.എഡ്., എം.എഡ്., നേഴ്സിംഗ്, പോളിടെക്നിക്, ഐ. ടി. ഐ., എഞ്ചിനീയറിംഗ്, മെഡിസിൻ, സിവിൽ സർവീസ് തുടങ്ങിയ പ്രൊഫഷണൽ കോഴ്സുകളിൽ ഒന്നും രണ്ടും മൂന്നും റാങ്കുകൾ നേടിയിട്ടുള്ളവർ

1.3 സംസ്ഥാന സർക്കാരോ കേന്ദ്ര സർക്കാരോ നടത്തുന്ന എൻട്രൻസ് പരീക്ഷകളിൽ ഒന്നും രണ്ടും മൂന്നും റാങ്കുകൾ നേടിയിട്ടുള്ളവർ.

1.4 കഴിഞ്ഞ പ്ലസ് ടു., ബി.എഡ്., ടി.ടി.ഐ., നേഴ്സിംഗ്, പ്രൊഫഷണൽ പരീക്ഷകളിൽ ആദ്യ ചാൻസിൽ 100% വിജയം നേടിയ അതിരൂപതാതിർത്തിയിലെ കത്തോലിക്ക മാനേജുമെന്റ് സ്ഥാപനങ്ങൾ.

2. <u>കായികം</u>

2.1 വിദ്യാഭ്യാസവകുപ്പ് നടത്തുന്ന കായികമേളയിൽ

(State, C.B.S.E, I.C.S.E.) റവന്യു ജില്ലാതലത്തിൽ ഒന്നാം സമ്മാനം നേടിയവർ- ഒന്നാം സമ്മാനത്തെ കുറിച്ച് രേഖപ്പെടുത്താതെ, ഗ്രേഡ് മാത്രം രേഖപ്പെടുത്തിയിട്ടുള്ള സർട്ടിഫിക്കറ്റാണെങ്കിൽ സമ്മാനം ലഭിച്ചിട്ടുള്ളത് സംബന്ധിച്ച് ബന്ധപ്പെട്ട അധികാരി സാക്ഷ്യപ്പെടുത്തിയിരിക്കണം.

സംസ്ഥാന, ദേശീയ തലങ്ങളിൽ ഒന്നും, രണ്ടും, മൂന്നും സമ്മാനർഹരായിട്ടുള്ളവർ.

2.2 സർവ്വകലാശാല കായികമത്സരങ്ങളിൽ

ഒന്നും രണ്ടും മൂന്നും സമ്മാനാർഹരായിട്ടുള്ളവർ.

3. <u>കലാസാഹിത്യ രംഗം</u>

3.1 വിദ്യാഭ്യാസവകുപ്പ് നടത്തുന്ന യുവജനോത്സവങ്ങളിൽ

(State, C.B.S.E, I.C.S.E.) റവന്യു ജില്ലാതലത്തിൽ ഒന്നാംസമ്മാനം നേടിയവർ- ഒന്നാം സമ്മാനത്തെ കുറിച്ച് രേഖപ്പെടുത്താതെ, ഗ്രേഡ് മാത്രം രേഖപ്പെടുത്തിയിട്ടുള്ള സർട്ടിഫിക്കറ്റാണെങ്കിൽ സമ്മാനം ലഭിച്ചിട്ടുള്ളത് സംബന്ധിച്ച് ബന്ധപ്പെട്ട അധികാരി സാക്ഷ്യപ്പെടുത്തിയിരിക്കണം.

സംസ്ഥാന, ദേശീയ തലങ്ങളിൽ ഒന്നും രണ്ടും മൂന്നും സമ്മാനർഹരായിട്ടുള്ളവർ.

3.2 സർവ്വകലാശാല യുവജനോത്സവങ്ങളിൽ

ഒന്നും രണ്ടും മൂന്നും സമ്മാനാർഹരായിട്ടുള്ളവർ.

4. മറ്റു രംഗങ്ങൾ

4.1 സി.ബി.സി.ഐ., കെ.സി.ബി.സി., സീറോ മലബാർ സിനഡ് എന്നിവ ഏർപ്പെടുത്തിയിട്ടുള്ള പുരസ്കാരങ്ങൾ ലഭിച്ചവർ

4.2 മേൽകൊടുത്തിട്ടുള്ള വിഭാഗങ്ങളിൽപ്പെടാത്തതും ജില്ല, സംസ്ഥാന, ദേശീയ തലങ്ങളിൽ ശ്രദ്ധേയമായ പുരസ്കാരങ്ങൾ ലഭിക്കുന്ന വ്യക്തികളും, സ്ഥാപനങ്ങളും (അപേക്ഷകരിൽ നിന്ന് അർഹരായവരെ സമിതി തെരഞ്ഞടുക്കുന്നതായിരിക്കും. സമിതിയുടെ തീരുമാനം അന്തിമമായിരിക്കും).

4.3 അതിരൂപതയിലെ ഇടവകകളിൽ സേവനം ചെയ്ത് 25 വർഷം പൂർത്തിയാക്കുന്നവരെ അവാർഡ് ദിനത്തിൽ ആദരിക്കുന്നു (ബഹു. വികാരിയച്ചന്റെ സാക്ഷ്യപത്രത്തോടുകൂടി പേരും വിവരവും നല്കേണ്ടതാണ്).

NB:1. വിദ്യാഭ്യാസ വകുപ്പ് നടത്തുന്ന കലാ-കായിക മത്സരങ്ങളിൽ റവന്യൂ ജില്ലാതലത്തിന് താഴെയുള്ളവരെ പരിഗണിക്കുന്നതല്ല.

2. അതിരൂപതയിലെ സംഘടനകളോ സ്ഥാപനങ്ങളോ നടത്തുന്ന മത്സരങ്ങളിൽ അതിരൂപതാതലത്തിൽ സമ്മാനം നേടിയവർ അപേക്ഷിക്കേണ്ടതില്ല. അവ അതിരൂപതയുടെ അംഗീകാരമായിത്തന്നെ പരിഗണിക്കപ്പെടുന്നു.

3. വിശ്വാസപരിശീലനരംഗത്ത് പ്രവർത്തിക്കുന്നവർക്കുള്ള സർവ്വീസ് അവാർഡുകൾ വിശ്വാസപരിശീലനകേന്ദ്രത്തിൽ നിന്ന് നൽകുന്നതിനാൽ അവർ അപേക്ഷിക്കേണ്ടതില്ല.

4. അവാർഡിന് പരിഗണിക്കുന്ന സർട്ടിഫിക്കറ്റുകൾ വിലയിരുത്തി സമ്മാനാർഹരെ നിശ്ചയിക്കുന്നത് അതിരൂപത കാര്യാലയത്തിന്റെ തീരുമാനപ്രകാരമാണ്.

**5. വൈദികരുടെ വാർഷികധ്യാനം**

ബ. അച്ചന്മാരുടെ ഈ വർഷത്തെ വാർഷിക ധ്യാനം 2025 സെപ്തംബർ 14 മുതൽ 19 വരെയും (ജറുസലെം ധ്യാനകേന്ദ്രം) സെപ്തംബർ 21 മുതൽ 26 വരെയും സെപ്തംബർ 28 മുതൽ ഒക്ടോബർ 03 വരെയും (മേരിമാത മേജർ സെമിനാരി) മൂന്നു ബാച്ചുകളിലായി നടത്തുന്നു.

ധ്യാനഗുരു : ബഹു. ഫാ. ബേണി വർഗ്ഗീസ് OFM.Cap.

* ആദ്യബാച്ച് ജറുസലെം ധ്യാനകേന്ദ്രത്തിലും രണ്ടും മൂന്നും ബാച്ചുകൾ മേരിമാതാ മേജർ സെമിനാരിയിലും വച്ചാണ് നടത്തുന്നത്. മുഴുവൻ സമയവും സെമിനാരിയിൽ താമസിച്ചു ധ്യാനി

ക്കുന്നതിനുവേണ്ട ക്രമീകരണങ്ങൾ ഇടവകകളിലും സ്ഥാപനങ്ങളിലും മുൻകൂട്ടി ചെയ്യണം.

* ധ്യാനത്തിന് വരുമ്പോൾ കുർബാന കണക്കു പുസ്തകം, ബൈനേഷൻ & ട്രൈനേഷൻ കണക്ക്, കുമ്പസാര പത്തേന്തി, മരണപത്രം (എഴുതാത്തവർ) എന്നിവ കൊണ്ടു വരണം.

* കുമ്പസാരപത്തേന്തിയുടെ കാലാവധി തീരുന്നതിനാൽ എല്ലാവരും കുമ്പസാരപത്തേന്തി പുതുക്കേണ്ടതാണ്.

* അതിരൂപതയിൽ സേവനമനുഷ്ഠിക്കുന്ന സന്യാസ വൈദികർക്ക് ഈ ധ്യാനത്തിൽ പങ്കെടുക്കുവാൻ താത്പര്യമുണ്ടെങ്കിൽ എത്രയും വേഗം അതിരൂപത കാര്യാലയത്തിൽ അറിയിക്കേണ്ടതാണ്.

* എല്ലാ ബഹു. വൈദികരും പൊതുവാർഷികധ്യാനത്തിൽ പങ്കെടുക്കണമെന്നാണ് അഭിവന്ദ്യ പിതാവിന്റെ താത്പര്യം. ഏതെങ്കിലും കാരണവശാൽ പൊതുധ്യാനത്തിൽ പങ്കെടുക്കാൻ കഴിയാത്ത ബഹു. വൈദികർ, അക്കാര്യം മുൻകൂട്ടി അതിരൂപതാകാര്യാലയത്തെ അറിയിച്ച്, ഡിസംബർ 31-നു മുമ്പ് സ്വന്തമായി വാർഷികധ്യാനം നടത്തി കുമ്പസാരപത്തേന്തിയും, കുർബാനകണക്കും അതിരൂപത കാര്യാലയത്തിൽ സമർപ്പിച്ച് പുതുക്കേണ്ടതാണ്.

**7. വൈദികനിയമനം**

1. ഫാ. ജിയോ എടക്കുളത്തൂർ CMI- പാലക്കൽ എസ്.ഡി. കോൺവെന്റിൽ ഞായറാഴ്ചകളിൽ ബലിയർപ്പണം; സാധുത 2025 ജൂൺ 2 മുതൽ.

2. ഫാ. ജിയോ ചെരടായി - ഡയറക്ടർ കെ.സി.വൈ.എം. ഒഴിവായി: സാധുത 2025 ജൂൺ 15 മുതൽ.

3. ഫാ. സാജൻ വടക്കൻ - ഡയറക്ടർ കെ.സി.വൈ.എം. കൂടി: സാധുത 2025 ജൂൺ 15 മുതൽ.

4. ഫാ. ജിജോ കപ്പിലാംനിരപ്പേൽ - വികാരി ചൂലിശ്ശേരി ഒഴിവായി; സാധുത 2025 ജൂൺ 28 മുതൽ.

5. ഫാ. ബിൽജു വാഴപ്പിള്ളി - വികാരി ചൂലിശ്ശേരി കൂടി; സാധുത 2025 ജൂൺ 28 മുതൽ.

6. ഫാ. ജോമോൻ മങ്ങാട്ടിളയൻ - അസി. മാനേജർ സെന്റ് മേരീസ് ഐ. ടി. ഐ. ഒഴിവായി; സാധുത 2025 ജൂലൈ 1 മുതൽ.

7. ഫാ. ജോൺ പുത്തൂർ - അസി. മാനേജർ സെന്റ് മേരീസ് ഐ. ടി. ഐ. കൂടി; സാധുത 2025 ജൂലൈ 1 മുതൽ.

8. ഫാ. ആൻസൺ പന്നക്കാട്ടിൽ CST- ഡീക്കൻ മിനിസ്ട്രി കുന്നംകുളം; സാധുത 2025 ജൂൺ 7 മുതൽ നവംബർ 15 വരെ.

## മേരിമാതാ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് തിയോളജിക്ക് റോമിന്റെ അംഗീകാരം

2002 മുതൽ തൃശ്ശൂർ മേരിമാതാ മേജർ സെമിനാരി യിൽ പ്രവർത്തിക്കുന്ന ദൈവശാസ്ത്ര വിഭാഗത്തിന്റെ തുടർച്ചയായ മേരിമാതാ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് തിയോളജിക്ക് റോമിലെ സംസ്കാരിക പ്രവർത്തനങ്ങൾക്കും വിദ്യാഭ്യാസ കാര്യങ്ങൾക്കും ആയുള്ള കാര്യാലയം ഒരു അക്കാദമിക ഇൻസ്റ്റിറ്റ്യൂട്ട് ആയി അംഗീകാരം നൽകി. ഒപ്പം തന്നെ ബെൽജിയത്തിലെ പ്രസിദ്ധമായ ലുവെയ്ൻ കത്തോലിക്ക യൂണിവേഴ്സിറ്റിയിലെ ദൈവശാസ്ത്ര ഫാക്കൽറ്റിയുമായുള്ള അഫിലിയേഷനും റോം അംഗീകാരം നൽകി. സെമിനാരിയിലെ ദൈവശാസ്ത്ര വിഭാഗം 2008 മുതലേ ലുവെയ്ൻ തിയോളജി ഫാക്കൽറ്റിയുടെ അംഗീകാരത്തോടെയാണ് പ്രവർത്തിച്ചിരുന്നത്. ലുവെയ്ൻ യൂണിവേഴ്സിറ്റിയുടെ ആദ്യ അഫിലിയേറ്റഡ് ഇൻസ്റ്റിറ്റ്യൂട്ട് ആണ് മേരി മാതാ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് തിയോളജി. വൈദിക വിദ്യാർഥികൾക്ക് മാത്രമല്ല സമർ പ്പിതർക്കും, അൽമായ ർക്കും ഇവിടെ പഠിക്കുവാൻ അവസരം ഉണ്ട്. ദൈവശാസ്ത്രത്തിൽ STB, BA ഡിഗ്രികൾ എടുക്കാൻ ഇവിടെ പഠിക്കുന്നവർക്ക് സാധിക്കും. ലുവെയ്ൻ യൂണിവേഴ്സിറ്റിയുടെ പ്രശസ്തമായ പാരമ്പര്യം ഏറ്റുവാങ്ങുന്ന മേരിമാതാ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് തിയോളജിയുടെ ഔപചാരിക ഉദ്ഘാടനം 2025 സെപ്റ്റംബർ എട്ടിന് സീറോ മലബാർ സഭയുടെ മേജർ ആർച്ച്ബിഷപ്പ് അഭിവന്ദ്യ മാർ റാഫേൽ തട്ടിൽ നിർവഹിക്കും. റവ. ഡോ. പോൾ പുളിക്കൻ ആണ് ഇൻസ്റ്റിറ്റ്യൂട്ടിന്റെ പ്രഥമ ഡയറക്ടർ

## DECREE OF PROHIBITION

Rev. Fr. Bino Babu Panakkal CMI is prohibited to perform pastoral and priestly functions for the public in the Archeparchy of Trichur by the Order (Order No. 1416/2025 dated 06.06.2025) of the Archbishop of Trichur. (Exception to this is for the celebrations within the Elthuruth CMI Monastery exclusively for the inmates of the monastery without the participation of the public).

**മാർ ടോണി നീലങ്കാവിൽ**
അതിരൂപത സഹായമെത്രാൻ &
പ്രോട്ടോ-സിഞ്ചെല്ലൂസ്

# ENGAGEMENTS

**AUGUST 2025**

**Mar Andrews Thazhath**

| Date | Day | Time | Description |
|---|---|---|---|
| 1 | Fri | Morning | Holy Mass @ Marymatha Seminary |
| 2 | Sat | Afternoon | Merit Day, Jubilee Celebration & Best Teacher Award: Teachers' Guild @ Family Apostolate |
| 3 | Sun | Evening | 150$^{th}$ Jubilee Concluding Meeting @ Pallikunnu Parish |
| 4 | Mon | Morning | Vianey Day @ Minor Seminary |
| 5-8 | | | KCBC & Retreat |
| 9 | Sat | | March for Life Programme @ Bangalore |
| 11 | Mon | Morning | Jyothi Academic Year Inauguration & Blessing of the New Building |
| | | Evening | JMMC Trust meeting |
| 13 | Wed | Morning | Holy Mass @ Minor Seminary |
| 14 | Thu | Morning | Consultors' Meeting |
| | | Afternoon | Holy Mass & House blessing at Mulayam - Fr. Vilangadan 100$^{th}$ Birth day Celebration |
| 15 | Fri | Morning | Holy Mass & Blessing of the School @ Lourdes Cathedral |
| | | | Catechism (Merit) Day @ DBCLC |
| 16 | Sat | Morning | Silver Jubilee of SDV Sisters @ Puthur |
| | | Afternoon | Holy Mass and Meeting of the Jubilee for Social Institutions |
| | | Afternoon | PAROC: Decennial Celebrations @ Marymatha Seminary |

| | | | |
|---|---|---|---|
| 17 | Sun | Morning | Holy Mass & Reception of Flag @ Euphrasia Shrine |
| | | Afternoon | Pithruvedi Sangamam @ Family Apostolate |
| | | Afternoon | Seminar for Choir @ St. Thomas college |
| 18-29 | | | Synod of Bishops |
| 30 | Sat | Morning | Vestition of Charity Sisters @ Nirmalapuram Parish Church |
| | | Afternoon | Media Day Celebrations |
| | | Afternoon | MEPC Symposium @ Marymatha Seminary |
| 31 | Sun | Morning | Holy Mass and Jubilee House Blessing @ Kuttur |
| | | Morning | Samudaya Jagratha Sadass @Lourdes Cathedral |

## ENGAGEMENTS

**AUGUST 2025**

**Mar Tony Neelankavil**

| Date | Day | Time | Description |
|---|---|---|---|
| 1 | Fri | Evening | Chris Form Inauguration @ DBCLC |
| 2 | Sat | Evening | Pastoral Visit @ Vellakkarithadam |
| 3 | Sun | Morning | Vianney Padayathra @ mannamangalam |
| | | Afternoon | Class @ DBCLC |
| | | Evening | Catholic Congress Family Meet@ Nellikkunnu |
| 4 | Mon | Morning | Festal Holy Mass @ Vianney Bhavan Archdiocesan Vianney Day Celebration |

| | | | |
|---|---|---|---|
| | | | & Jubilee of Priests @ Minor Seminary |
| | | Evening | Vianney Day Celebration @ Vianney Bhavan |
| 5 – 9 | Tue - Sat | | KCBC |
| 10 | Sun | Morning | Holy Mass for Young Teachers @ DBCLC |
| | | Afternoon | Seminar for Archdiocesan Choir @ STC |
| 11 | Mon | Morning | Holy Mass @ Minor Seminary |
| | | | Holy Mass @ Olarikkara |
| | | Afternoon | STC Trust Meeting |
| | | | Catholicasabha Editorial Board Meeting |
| 13 | Wed | Morning | Holy Mass @ Marymatha Seminary |
| 14 | Thu | Morning | Holy Mass @ Veluppadam |
| | | | Consultors' Meeting |
| 15 | Fri | Morning | Chapel Blessing @ Parakkad |
| | | Afternoon | Archdiocesan Merit Day @ DBCLC |
| 16 | Sat | Morning | 4th Child Baptism @ Veluppadam |
| | | | PAROC 10th Anniversary @ Marymatha |
| 17 | Sun | Full Day | Pastoral Visit @ Vellakkarithadam |
| 18 | Mon | Morning | Pastoral Visit @ Vellakkarithadam |
| 18 – 23 | | Tue - Sat | Syro Malabar Synod of Bishops |
| 24 | Sun | Afternoon | Social Insitutions' jubilee @ Cathedral |
| | | Evening | Holy Mass @ Ollur St Euphrasia Shrine |
| 25 – 29 | | Mon – Fri | Syro Malabar Synod of Bishops |
| 30 | Sat | Morning | 4th Child Baptism @ Mukkattukara |
| 31 | Sun | Morning | Holy Mass @ Mettupalayam Church |
| | | Evening | Parish Day @ Peringottukara |



# നാളാഗമം

## ജൂൺ 2025

1 അഭിവന്ദ്യ മാർ ആൻഡ്രൂസ് താഴത്ത് പിതാവ്, ഉച്ചകഴിഞ്ഞ് മൈനർ സെമിനാരിയിൽ വച്ച് നടന്ന ഡിഗ്രി ബ്രദേഴ്സിന്റെ മാതാപിതാക്കളുടെ മീറ്റിംഗിൽ പങ്കെടുത്തു. അഭിവന്ദ്യ മാർ ടോണി നീലങ്കാവിൽ പിതാവ് രാവിലെ ചേലക്കര ദൈവദാസൻ ആന്റണി തച്ചുപറമ്പിൽ അച്ചന്റെ കബറിടത്തിൽ വി. കുർബാന അർപ്പിച്ചു.

2 അഭിവന്ദ്യ മാർ ആൻഡ്രൂസ് താഴത്ത് പിതാവ് ഉച്ചയ്ക്ക് ലയൺസ് ക്ലബ്ബിന്റെ നേതൃത്വത്തിൽ ‘മന്ന’ എന്ന പേരിൽ നടത്തുന്ന സൗജന്യ ഭക്ഷണ വിതരണം ഉദ്ഘാടനം ചെയ്തു. അഭിവന്ദ്യ മാർ ടോണി നീലങ്കാവിൽ പിതാവ് പാവറട്ടി പുതിയ എൽ.പി. സ്കൂൾ കെട്ടിടം ആശീർവദിച്ചു. ഉച്ചതിരിഞ്ഞു സെന്റ് തോമസ് കോളേജിൽ അധ്യാപകർക്കായി നടത്തിയ ഓറിയന്റേഷൻ പ്രോഗ്രാമിൽ പങ്കെടുത്തു.

3 അഭിവന്ദ്യ മാർ ആൻഡ്രൂസ് താഴത്ത് പിതാവ് രാവിലെ കോട്ടയം, വടവാതൂർ സെന്റ് തോമസ് അപ്പസ്തോലിക് സെമിനാരിയിൽ ദിവ്യബലി അർപ്പിച്ചു അതിനുശേഷം അധ്യയനവർഷം ഉദ്ഘാടനം ചെയ്തു.

3-5 അഭിവന്ദ്യ പിതാക്കന്മാർ കെ.സി.ബി.സി. മീറ്റിങ്ങിൽ പങ്കെടുത്തു.

5 അഭിവന്ദ്യ മാർ ടോണി നീലങ്കാവിൽ പിതാവ് വൈകീട്ട് മേരിമാതാ മേജർ സെമിനാരിയിൽ ബഹുമാനപ്പെട്ട ഫ്രീജോ പാറക്കൽ അച്ചന്റെ യാത്രയയപ്പ് യോഗത്തിൽ പങ്കെടുത്തു.

6 അഭിവന്ദ്യ മാർ ആൻഡ്രൂസ് താഴത്ത് പിതാവ് രാവിലെ എരുമപ്പെട്ടി തിരുഹൃദയ ഫൊറോന ദേവാലയത്തിൽ വച്ച് വിശുദ്ധ ബലിയർപ്പിച്ച് പ്രാർത്ഥിക്കുകയും പുതിയ പാരിഷ് ഹാളിന്റെ വെഞ്ചിരിപ്പ് കർമ്മം നിർവഹിക്കുകയും ചെയ്തു. ഉച്ചയ്ക്ക് ആബാ ധ്യാനകേന്ദ്രത്തിൽ നടക്കുന്ന കൺവെൻഷനിൽ സംബന്ധിക്കുകയും വിശുദ്ധ കുർബാന അർപ്പിക്കുകയും ചെയ്തു. ഉച്ച കഴിഞ്ഞ് സ്ഥാപന ഡയറക്ടർമാരുടെ മീറ്റിങ്ങിലും വൈകീട്ട് ഫിനാൻസ് കൗൺസിൽ യോഗത്തിലും പങ്കെടുത്തു. അഭിവന്ദ്യ മാർ ടോണി നീലങ്കാവിൽ പിതാവ് രാവിലെ സ്പിരിചൽ ആനിമേഷൻ സെന്ററിൽ വിശുദ്ധ ബലിയർപ്പിച്ച് പ്രാർത്ഥിച്ചു. തുടർന്ന് കൗസ്തുഭം ഹാളിൽ വച്ച് നടന്ന മുൻ എം.എൽ.എ തേറമ്പിൽ രാമകൃഷ്ണന്റെ ശതാഭിഷേക ആഘോഷത്തിൽ പങ്കെടുത്തു. ഉച്ചതിരിഞ്ഞ് സ്ഥാപന ഡയറക്ടർമാരുടെ മീറ്റിങ്ങിൽ പങ്കെടുത്തു. വൈകീട്ട് ബിഷപ്പ് ഹൗസിൽ വച്ച് നടന്ന ഫിനാൻസ് കൗൺസിൽ മീറ്റിങ്ങിൽ പങ്കെടുത്തു. തുടർന്ന് സീറോ മലബാർ ക്ലർജി കമ്മീഷന്റെ ഓൺലൈൻ മീറ്റിംഗിൽ പങ്കെടുത്തു.

7 അഭിവന്ദ്യ മാർ ടോണി നീലങ്കാവിൽ പിതാവ് രാവിലെ പള്ളിക്കുന്ന് പള്ളിയിൽ തിരുശേഷിപ്പ് പ്രദർശനത്തോടനുബന്ധിച്ച് നടന്ന വിശുദ്ധ ബലിയിൽ മുഖ്യകാർമികനായി. തുടർന്ന് ഫാമിലി അപ്പസ്തോലേറ്റ് സെന്ററിൽ വെച്ച് നടന്ന നവോമി സംഗമത്തിൽ പങ്കെടുത്തു. വൈ.എം.സി.എ. സംഘടിപ്പിച്ച ജില്ലയിലെ നൂറു ശതമാനം വിജയം ലഭിച്ച വിദ്യാലയങ്ങളെ ആദരിക്കുന്ന ചടങ്ങിൽ പങ്കെടുത്തു. ഉച്ചതിരിഞ്ഞ് ആബാ ധ്യാനകേന്ദ്രത്തിൽ വിശുദ്ധ ബലിയർപ്പിച്ച് പ്രാർത്ഥിച്ചു. വൈകീട്ട് പുതുക്കാട് ഇടവകയിൽ ഇടയസന്ദർശനം നടത്തി.

8 അഭിവന്ദ്യ മാർ ടോണി നീലങ്കാവിൽ പിതാവ് അയ്യന്തോൾ ഇടവകയിൽ പുതിയ ദൈവാലയത്തിന് ശിലാസ്ഥാപനം നടത്തി, വിശുദ്ധ ബലിയർപ്പിച്ചു. തുടർന്ന് പാലയൂർ ദൈവാലയത്തിൽ വിശുദ്ധ ബലിയർപ്പിച്ച്, കുട്ടികളുടെ എഴുത്തിനിരുത്തൽ ചടങ്ങിൽ പങ്കെടുത്തു. ഉച്ചതിരിഞ്ഞ് ഡി.ബി.സി.എൽ.സി.യിലെ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് തിയോളജിയിൽ പുതിയ അധ്യയന വർഷ ഉദ്ഘാടനം നിർവഹിച്ചു. തുടർന്ന് വിമല കോളേജിൽവെച്ച് നടന്ന ജീസസ് യൂത്ത് റീ കമ്മിറ്റ്മെന്റ് ഡേയിൽ പങ്കെടുത്ത് സന്ദേശം നൽകി.

9 അഭിവന്ദ്യ മാർ ടോണി നീലങ്കാവിൽ പിതാവ് രാവിലെ മീഡിയ കത്തോലിക്ക മീറ്റിങ്ങിൽ പങ്കെടുത്തു. ഉച്ചതിരിഞ്ഞ് കത്തോലിക്ക സഭ എഡിറ്റോറിയൽ ബോർഡ് മീറ്റിംഗിൽ പങ്കെടുത്തു. തുടർന്ന് കാക്കനാട് മൗണ്ട് സെന്റ് തോമസിൽ വച്ച് നടന്ന യുവവൈദികർക്കായുള്ള പരിശീലനത്തിന്റെ ഉദ്ഘാടന ചടങ്ങിൽ അദ്ധ്യക്ഷത വഹിച്ചു.

10 അഭിവന്ദ്യ മാർ ആൻഡ്രൂസ് താഴത്ത് പിതാവ് വൈകീട്ട് ജൂബിലി മിഷൻ മെഡിക്കൽ കോളേജിന്റെ ട്രസ്റ്റ് മീറ്റിംഗിൽ പങ്കെടുത്തു. അഭിവന്ദ്യ മാർ ടോണി നീലങ്കാവിൽ പിതാവ് CCWI സംഘടിപ്പിച്ച 'ഇടയനോടൊപ്പം' എന്ന പരിപാടിയിൽ പങ്കെടുത്തു. വൈകീട്ട് ചേറൂർ ആയുർവേദ ആശുപത്രിയിൽ വച്ച് നടന്ന ജൂബിലി മിഷൻ ട്രസ്റ്റ് മീറ്റിംഗിൽ പങ്കെടുത്തു.

11 അഭിവന്ദ്യ മാർ ടോണി നീലങ്കാവിൽ പിതാവ് രാവിലെ മേരിമാതാ മേജർ സെമിനാരിയിൽ വിശുദ്ധ ബലിയർപ്പിച്ചു. തുടർന്ന് ഗുരുകുലം സെമിനാരിയിൽ വിശുദ്ധ ബലിയർപ്പിച്ചു. വൈകീട്ട് ആർച്ച് ബിഷപ്പ്സ് ഹൗസിൽ വച്ച് നടന്ന ഏങ്ങണ്ടിയൂർ എം.ഐ. ഹോസ്പിറ്റലിന്റെ ട്രസ്റ്റ് മീറ്റിംഗിൽ പങ്കെടുത്തു.

12 അഭിവന്ദ്യ പിതാക്കന്മാർ ആലോചന സമിതി യോഗത്തിലും വൈദികസമിതി യോഗത്തിലും പങ്കെടുത്തു. അഭിവന്ദ്യ മാർ ടോണി നീലങ്കാവിൽ പിതാവ് രാവിലെ മൈനർ സെമിനാരിയിൽ വിശുദ്ധ കുർബാന അർപ്പിച്ചു. വൈകീട്ട് ക്ലർജി കമ്മീഷൻ ഒരുക്കിയ സെമിനാരി പ്രൊഫസേഴ്സുമായുള്ള ഓൺലൈൻ മീറ്റിങ്ങിൽ പങ്കെടുത്തു.

13 അഭിവന്ദ്യ മാർ ടോണി നീലങ്കാവിൽ പിതാവിന്റെ നാമഹേതുക തിരുനാൾ ദിനത്തിൽ രാവിലെ കത്തീഡ്രൽ പള്ളിയിൽ വിശുദ്ധ ബലിയർപ്പിച്ചു.

14 അഭിവന്ദ്യ മാർ ആൻഡ്രൂസ് താഴത്ത് പിതാവ് രാവിലെ ഫാമിലി അപ്പസ്തോലറ്റിൽ വെച്ച് നടന്ന പാസ്റ്ററൽ കൗൺസിൽ യോഗത്തിൽ പങ്കെടുത്തു. അഭിവന്ദ്യ മാർ ടോണി നീലങ്കാവിൽ പിതാവ് രാവിലെ പറവട്ടാനി പള്ളിയിൽ വിശുദ്ധ ബലി അർപ്പിച്ച്, പാദുവായിൽ നിന്നും കൊണ്ടുവന്ന വി.അന്തോണീസിന്റെ തിരുശേഷിപ്പ് പള്ളിയിൽ പ്രതിഷ്ഠിച്ചു. തുടർന്ന് ആർച്ച്ബിഷപ്സ് ഹൗസിൽ നടന്ന പാസ്റ്ററൽ കൗൺസിൽ മീറ്റിംഗിൽ പങ്കെടുത്തു. ഉച്ചതിരിഞ്ഞ് ഫാമിലി അപ്പസ്തോലറ്റ് സെന്ററിൽ വച്ച് നടന്ന കാരുണ്യ പ്രവർത്തകരുടെ സംഗമത്തിൽ പങ്കെടുത്തു. വൈകീട്ട് പുതുക്കാട് ഇടയസന്ദർശനം ആരംഭിച്ചു.

15 രാവിലെ അഭിവന്ദ്യ മാർ ആൻഡ്രൂസ് താഴത്ത് പിതാവ് വിജയ

പുരം സെന്റ് ഫ്രാൻസിസ് സേവ്യർ ഇടവക ദൈവാലയത്തിൽ വിശുദ്ധബലി അർപ്പിക്കുകയും കുടുംബ കൂട്ടായ്മ ദിനം ആചരിക്കുന്നതിന്റെ ഭാഗമായി പതാക ഉയർത്തുകയും ചെയ്തു. അഭിവന്ദ്യ മാർ ടോണി നീലങ്കാവിൽ പിതാവ് പുതുക്കാട് ഇടവകയിൽ ഇടയ സന്ദർശനം നടത്തി.

16 അഭിവന്ദ്യ മാർ ടോണി നീലങ്കാവിൽ പിതാവ് പുതുക്കാട് ഇടവക സന്ദർശനത്തിന്റെ ഭാഗമായി രാവിലെ സി.എം.സി കോൺവെന്റിൽ വിശുദ്ധ ബലി അർപ്പിച്ചു. വൈകീട്ട് PAROC ന്റെ പത്താം വാർഷികത്തോടനുബന്ധിച്ചുള്ള ആലോചന മീറ്റിങ്ങിൽ പങ്കെടുത്തു.

17 അഭിവന്ദ്യ മാർ ടോണി നീലങ്കാവിൽ പിതാവ് രാവിലെ എം.ഐ. കോൺവെന്റിൽ വിശുദ്ധ ബലി അർപ്പിച്ചു.

18 അഭിവന്ദ്യ മാർ ടോണി നീലങ്കാവിൽ പിതാവ്  കാക്കനാട് മൗണ്ട് സെന്റ് തോമസിൽ വച്ച് നടന്ന യുവവൈദികർക്കായുള്ള തുടർ പരിശീലനത്തിൽ പങ്കെടുത്തു. വൈകീട്ട് അതിരൂപത കൺസ്ട്രക്ഷൻ കമ്മിറ്റിയുടെ മീറ്റിങ്ങിൽ പങ്കെടുത്തു.

19 അഭിവന്ദ്യ മാർ ടോണി നീലങ്കാവിൽ പിതാവ് ഉച്ചതിരിഞ്ഞ് സെന്റ് തോമസ് കോളേജിന്റെ ട്രസ്റ്റ് മീറ്റിങ്ങിൽ പങ്കെടുത്തു.

20 രാവിലെ അഭിവന്ദ്യ മാർ ആൻഡ്രൂസ് താഴത്ത് പിതാവ് സെന്റ് മേരിസ് മൈനർ സെമിനാരിയിൽ വിശുദ്ധ ബലിയർപ്പിച്ചു. ഉച്ചകഴിഞ്ഞ് ഫാമിലി അപ്പസ്തോലേറ്റിൽ വച്ച് നടന്ന കെ.സി. എസ്.എൽ. മെറിറ്റ് ഡേ ഉദ്ഘാടനം ചെയ്തു. വൈകീട്ട് സി. സിൽവി എഫ് സി സി യുടെ മൃതസംസ്കാര ശുശ്രൂഷകൾക്ക് മമ്മിയൂർ മഠത്തിൽ കാർമ്മികത്വം വഹിച്ചു. അഭിവന്ദ്യ മാർ ടോണി നീലങ്കാവിൽ പിതാവ് രാവിലെ സെന്റ് തോമസ് കോളേജിലെ മൾട്ടിപർപ്പസ് ഹാൾ ഉദ്ഘാടന ചടങ്ങിൽ അദ്ധ്യക്ഷത വഹിച്ചു. വൈകീട്ട് ബിഷപ്സ് ഹൗസിൽ വെച്ച് ഏദൻ ട്രസ്റ്റ് മീറ്റിംഗിൽ പങ്കെടുത്തു.

21 അഭിവന്ദ്യ മാർ ആൻഡ്രൂസ് താഴത്ത് പിതാവ് രാവിലെ മേരിമാത മേജർ സെമിനാരിയിൽ വിശുദ്ധ ബലിയർപ്പിച്ചു. ഉച്ചയ്ക്ക് ഡി.ബി.സി.എൽ.സി.യിൽ വച്ച് നടന്ന കോർപ്പറേറ്റ് എജുക്കേഷന്റെ നേതൃത്വത്തിൽ നടന്ന മെറിറ്റ് ഡേ ഉദ്ഘാടനം ചെയ്തു. വൈകിട്ട് സി. ഫീന എഫ്. സി. സി.  യുടെ മൃതസംസ്കാര ശുശ്രൂഷകൾക്ക് മനക്കൊടിയിൽ കാർമികത്വം വഹിച്ചു. മാന്ദാമംഗലം ദൈവാലയത്തിൽ വച്ച് വിശുദ്ധ ബലിയർപ്പിക്കുകയും പുതിയതായി പണികഴിപ്പിച്ച ഗ്രോട്ടോയുടെ വെഞ്ചിരിപ്പ് നിർവഹിക്കുകയും ചെയ്തു. അഭിവന്ദ്യ മാർ ടോണി നീലങ്കാവിൽ പിതാവ് ആർച്ച് ബിഷപ്സ് ഹൗസിലെ സ്റ്റാഫിന്റെ വിനോദയാത്രയിൽ

പങ്കെടുത്തു.

22 രാവിലെ അഭിവന്ദ്യ മാർ ആൻഡ്രൂസ് താഴത്ത് പിതാവ് എൽത്തുരുത്ത് സെൻറ് മേരിസ് ഇടവക ദേവാലയത്തിൽ വച്ച് വിശുദ്ധ ബലിയർപ്പിച്ചു. കണ്ണംകുളങ്ങര ക്രിസ്തുരാജ ദേവാലയത്തിൽ വച്ച് നടന്ന കെ.സി.വൈ.എം. സംഘടനയുടെ സംസ്ഥാനതല തോമസ് മൂർ അനുസ്മരണയോഗം ഉദ്ഘാടനം ചെയ്തു. ഉച്ചകഴിഞ്ഞ് പുത്തൂർ ഫൊറോനയിൽ നടന്ന ഫൊറോന പ്രതിനിധിയോഗ അംഗങ്ങളുടെ മീറ്റിംഗിൽ പങ്കെടുക്കുകയും സമുദായ ശാക്തികരണത്തിന്റെ ആവശ്യകതയെക്കുറിച്ച് സംസാരിക്കുകയും ചെയ്തു. അഭിവന്ദ്യ മാർ ടോണി നീലങ്കാവിൽ പിതാവ് രാവിലെ വലപ്പാട് പള്ളിയിൽ വിശുദ്ധ കുർബാന അർപ്പിച്ചു. തുടർന്ന് ഡി. ബി. സി. എൽ. സി യിൽ വിശ്വാസ പരിശീലന അധ്യാപകരുടെ സെമിനാർ ഉദ്ഘാടനം ചെയ്തു. ഉച്ചതിരിഞ്ഞ് ചെവ്വൂർ ഇടവകയിൽ വച്ച് നടന്ന ഫാ. ജാനുവാരിയൂസ് സി.എം.ഐ., ഫാദർ തലച്ചിറ എന്നിവരുടെ അനുസ്മരണത്തിൽ പങ്കെടുത്തു.

23–29 അഭിവന്ദ്യ മാർ ആൻഡ്രൂസ് താഴത്ത് പിതാവ് തുർക്കിയിലെ വിശുദ്ധ പൗലോസ് ശ്ലീഹായുടെ സഭകൾ നിലനിന്നിരുന്ന ദൈവാലയങ്ങൾ സന്ദർശിച്ച് പ്രാർത്ഥിച്ചു.

23 അഭിവന്ദ്യ മാർ ടോണി നീലങ്കാവിൽ പിതാവ് രാവിലെ ലൂർദ് സ്കൂളിൽ വച്ച് നടന്ന ദീപികയുടെ 'നമ്മുടെ ഭാഷ' എന്ന പരിപാടി ഉദ്ഘാടനം ചെയ്തു. വൈകീട്ട് മണ്ണംപേട്ട മർത്ത സിസ്റ്റേഴ്സിന്റെ ജനറലേറ്റിൽ വിശുദ്ധ കുർബാന അർപ്പിച്ചു.

24 അഭിവന്ദ്യ മാർ ടോണി നീലങ്കാവിൽ പിതാവ് വൈകീട്ട് വല്ലച്ചിറ പള്ളിയിൽ തിരുനാൾ കൊടികയറ്റി, വിശുദ്ധ കുർബാന അർപ്പിച്ചു.

25 അഭിവന്ദ്യ മാർ ടോണി നീലങ്കാവിൽ പിതാവ് മനക്കൊടി വിമല മാതാ കോൺവെന്റിൽ വിശുദ്ധ കുർബാന അർപ്പിച്ചു. വൈകീട്ട് പുല്ലഴി സെന്റ് ജോസഫ് മെന്റൽ ഹോമിൽ അന്തേവാസികളുമായി സംവദിച്ചു.

26 അഭിവന്ദ്യ മാർ ടോണി നീലങ്കാവിൽ പിതാവ് രാവിലെ കുരിയച്ചിറ സെന്റ് പോൾസ് കോൺവെന്റിൽ സിസ്റ്റർ വയോളയുടെ മൃതസംസ്കാര ശുശ്രൂഷയിൽ പങ്കെടുത്തു. ഉച്ചതിരിഞ്ഞ് ബിഷപ്സ് ഹൗസിൽ വച്ച് വിശ്വാസപരിശീലന എക്സിക്യൂട്ടീവ് മീറ്റിംഗിൽ പങ്കെടുത്തു. വൈകീട്ട് തേക്കിൻകാട് മൈതാനിയിൽ സിറ്റി പോലീസ് സംഘടിപ്പിച്ച ലഹരി വിരുദ്ധ സദസ്സിൽ പങ്കെടുത്തു.

27 അഭിവന്ദ്യ മാർ ടോണി നീലങ്കാവിൽ പിതാവ് രാവിലെ സേക്രഡ് ഹാർട്ട് കോൺവെന്റിൽ വിശുദ്ധ ബലിയർപ്പിച്ച് പതിമൂന്നു മണിക്കൂർ ആരാധനക്ക് ആരംഭം കുറിച്ചു. തുടർന്ന് ബിഷപ്സ് ഹൗസിൽ തിരുഹൃദയ പ്രതിഷ്ഠ നടത്തി. മുളയം ഹോം ഓഫ് ലൗവിൽ ഹോം ഡേ മീറ്റിംഗിൽ പങ്കെടുത്തു. വൈകീട്ട് ലിറ്റർജിക്കൽ റിസർച്ച് സെന്ററിന്റെ ഓൺലൈൻ മീറ്റിങ്ങിൽ പങ്കെടുത്തു.


28 അഭിവന്ദ്യ മാർ ടോണി നീലങ്കാവിൽ പിതാവ് രാവിലെ പാറേമ്പാടം ദൈവാലയത്തിൽ വെച്ച് നാലാമത്തെ കുട്ടിയുടെ മാമോദിസ നടത്തി. തുടർന്ന് സെന്റ് തോമസ് കോളേജിൽ വച്ച് നടന്ന കാലിക്കറ്റ് യൂണിവേഴ്സിറ്റിയുടെ ക്രിസ്ത്യൻ ചെയറിന്റെ ജനറൽബോഡി മീറ്റിങ്ങിൽ പങ്കെടുത്തു. തുടർന്ന് ലയൺസ് ക്ലബ്ബിൽ വച്ച് നടന്ന സെന്റ് തോമസ് അലുമ്നി (STARS) മീറ്റിങ്ങിൽ പങ്കെടുത്തു. വൈകീട്ട് പറപ്പൂർ ഇടവകയിൽ ഇടയ സന്ദർശനം ആരംഭിച്ചു.

29 അഭിവന്ദ്യ മാർ ആൻഡ്രൂസ് താഴത്ത് പിതാവ് ജൂബിലി മിഷൻ മെഡിക്കൽ കോളേജിലെ മദർ തെരേസ ഹാളിൽ വച്ച് നടന്ന വൈദിക സമ്മേളനത്തിൽ പങ്കെടുത്തു. അഭിവന്ദ്യ മാർ ടോണി നീലങ്കാവിൽ പിതാവ് രാവിലെ ഡി. ബി. സി. എൽ. സി യിൽ വച്ച് നടന്ന വിശ്വാസ പരിശീലന അധ്യാപകരുടെ സെമിനാർ ഉദ്ഘാടനം ചെയ്തു. തുടർന്ന് മണ്ണുത്തി സമരിറ്റൻ സിസ്റ്റേഴ്സിന്റെ ജനറലേറ്റിൽ വെച്ച് നടന്ന നിത്യവ്രതവാഗ്ദാനത്തിൽ മുഖ്യകാർമികനായി. ഉച്ചതിരിഞ്ഞ് ചുവന്നമണ്ണ് പള്ളിയിൽ വച്ച് നടന്ന സമുദായശാക്തീകരണ ഇടവകസദസ്സിന്റെ അതിരൂപതാതല ഉദ്ഘാടനം നിർവഹിച്ചു. തുടർന്ന് വ്യാകുലമാതാ ബസിലിക്കയിൽ വെച്ച് നടന്ന വൈദിക സന്യാസ അർത്ഥികളുടെ വിശുദ്ധ ജൂബിലിവർഷ സംഗമത്തിൽ വിശുദ്ധ ബലിയർപ്പിച്ചു.

30 അഭിവന്ദ്യ മാർ ടോണി നീലങ്കാവിൽ പിതാവ് രാവിലെ മണ്ണുത്തി ദൈവാലയത്തിൽ വെച്ച് നാലാമത്തെ കുട്ടിയുടെ മാമ്മോദിസ നടത്തി. തുടർന്ന് സെന്റ് തോമസ് കോളേജിൽ പി.ജി. വിദ്യാർത്ഥികളുടെ അധ്യയനവർഷം ഉദ്ഘാടനം ചെയ്തു. തുടർന്ന് ജൂബിലി മിഷൻ മെഡിക്കൽ കോളേജിൽ വെച്ച് നടന്ന തൃശ്ശൂർ അതിരൂപത വൈദിക ഏകദിന സമ്മേളനത്തിൽ പങ്കെടുത്തു. വൈകീട്ട് ലിറ്റർജിക്കൽ റിസർച്ച് സെന്ററിന്റെ ഓൺലൈൻ മീറ്റിങ്ങിൽ പങ്കെടുത്തു.

## നാമകരണ നടപടികൾ

# 1 ധന്യൻ അഗസ്റ്റിൻ ജോൺ ഊക്കനച്ചൻ



### രണ്ടാം ശനിയാഴ്ചാചരണം

ഓസ്ട്രേലിയയിൽ താമസമാക്കിയ മഞ്ഞപ്ര കിലുക്കൻ അരുൺ & ഫാമിലി ഏറ്റെടുത്ത് നട ത്തിയ ജൂലൈ മാസത്തിലെ രണ്ടാം ശനിയാഴ്ചാചരണം 12.07. 2025-ൽ ചൊവ്വന്നൂർ സെന്റ് തോമസ് ഇടവകയിൽ വെച്ച് നടത്തപ്പെട്ടു. മുണ്ടത്തിക്കോട് ക്രിസ്തുരാജ ഇടവകയിലെ വികാരിയായ ബഹു. ഫാ. ഫ്രാങ്കോ പുത്തിരിയാണ് തിരുക്കർമ്മങ്ങൾക്ക് മുഖ്യകാർമ്മികത്വം വഹിച്ചത്. ജപമാലയ്ക്കും ആരാധനയ്ക്കും മുണ്ടത്തിക്കോടുള്ള ക്രൈസ്റ്റ് കിംഗ്, സെന്റ് ജോൺസ്, നിർവൃതി എന്നീ കോൺവെന്റുകളിൽനിന്നുള്ള ചാരിറ്റി സിസ്റ്റേഴ്സാണ് നേതൃത്വം നല്കിയത്. മുണ്ടത്തിക്കോട് ക്രൈസ്റ്റ് കിംഗ് ഇടവകയിൽനിന്നു മാത്രം ഇരുന്നോറോളം വിശ്വാസികൾ മറ്റുള്ളവരോടൊപ്പം അനുസ്മരണചടങ്ങുകളിൽ പങ്കെടുത്തു. ബഹു. ഫ്രാങ്കോ പുത്തിരിയച്ചന്റെ സന്ദേശത്തിലെ പ്രസക്ത ഭാഗങ്ങൾ:


ധന്യനായ അഗസ്റ്റിൻ ജോൺ ഊക്കനച്ചൻ താമസിച്ച പറപ്പൂർ

പള്ളി മേടയിലെ മുറിയിൽ ഒരു വർഷത്തോളം താമസിക്കാൻ ലഭിച്ച ഭാഗ്യവും ഈ പുണ്യപിതാവിന്റെ നാമകരണപരിപാടികളുടെ ഭാഗമായി നടന്ന മിറക്കിൾ പ്രോസസ്സിന്റെ നോട്ടറിയായി പ്രവർത്തിക്കാൻ ലഭിച്ച അനുഗ്രഹവും പങ്കുവെച്ചുകൊണ്ടാണ് ബഹു. ഫ്രാങ്കോ അച്ചൻ തന്റെ സന്ദേശം ആരംഭിച്ചത്. ഈ ശ്ലീഹാക്കാലത്തിൽ പ്രേഷിതവര്യനായ ഊക്കനച്ചനെക്കുറിച്ച് ചിന്തിക്കുന്നത് വളരെ അർത്ഥവത്തായിരിക്കുന്നു. സുവിശേഷവേലയ്ക്കായി ഇറങ്ങി പ്രവർത്തിച്ചതുകൊണ്ട് ഒരു യഥാർത്ഥ മിഷനറിയാകുവാനും തിരുസ്സഭയിൽ ധന്യനായി പ്രഖ്യാപിതനാകുവാനും ഈ വിശുദ്ധ വൈദികന് സാധിച്ചു. അതല്ലായിരുന്നെങ്കിൽ ഒരു മെത്രാൻ പദവിയിൽ മാത്രം ഒതുങ്ങിപോകുമായിരുന്നു ഈ വന്ദ്യ പുരോഹിതൻ. നാടു നീളെ നന്മ ചെയ്ത് ചുറ്റിസഞ്ചരിച്ചവനാണ് നമ്മുടെ കർത്താവായ ഈശോമിശിഹാ. തന്റെ ദിവ്യഗുരുവിനെ അടുത്തനുകരിക്കുന്നതാണ് തന്റെ ഒരു പ്രതിജ്ഞ എന്ന് എഴുതിവെച്ച് അത് നിറവേറ്റുന്നതിനായി അദ്ദേഹം ഈ ദേശം മുഴുവൻ ചുറ്റിസഞ്ചരിച്ചു.

ഇന്നത്തെ തിരുവചനഭാഗത്തിൽ വിധവ സമർപ്പിച്ച കാണിക്കയെകുറിച്ച് ശ്രവിക്കുകയുണ്ടായി. വലിയ വിലയൊന്നുമില്ലാത്ത, തനിക്ക് ആകെയുണ്ടായിരുന്ന സ്വത്ത് മുഴുവനും സമർപ്പിച്ചു ആ സ്ത്രീ. എന്നാൽ തമ്പുരാന്റെ ദൃഷ്ടിയിൽ അത് ഏറ്റവും അമൂല്യമായി തീർന്നു. തന്നെ പൂർണ്ണമായി സമർപ്പിച്ചതു വഴി കർതൃസന്നിധിയിൽ ഊക്കനച്ചൻ സമ്പന്നനാകുകയും ആ സമ്പന്നതകൊണ്ട് വിധവകളെ, അനാഥരെ, അശരണരെ... എല്ലാം വലിയ വിലയുള്ളവരാക്കി മാറ്റുവാൻ പരിശ്രമിക്കുകയും ചെയ്തു. 'വിളവധികം വേലക്കാർ ചുരുക്കം. വിളഭൂമിയിലേക്ക് വേലക്കാരെ അയക്കുവാൻ വിളവിന്റെ നാഥനോട് പ്രാർത്ഥിക്കുവിൻ' എന്ന നാഥന്റെ ആഹ്വാനം ശിരസ്സാ വഹിച്ചുകൊണ്ട് തന്റെ ദൈവവിളിയിലൂടെ അനേകരുടെ ദൈവവിളിയെ പരിപോഷിപ്പിക്കുകയും കോൺഗ്രിഗേഷൻ ഓഫ് ദ സിസ്റ്റേഴ്സ് ഓഫ് ചാരിറ്റി സന്യാസിനീസമൂഹത്തിന് ജന്മം നല്കി തന്റെ പ്രേഷിതവേല ഇന്നും ഈ ഭൂമിയിൽ തുടർന്നുകൊണ്ടേയിരിക്കുകയും ചെയ്യുന്നു. സുവിശേഷജ്ഞാനം നിറയാൻ, സുവിശേഷസാക്ഷ്യം നൽകാൻ ഈ വന്ദ്യപുരോഹിതൻ നമുക്കു വേണ്ടി മാധ്യസ്ഥ്യം വഹിക്കട്ടെ! സുവിശേഷത്തിന്റെ അമ്മയായ പരി. അമ്മയുടെ പ്രാർത്ഥനയും നമ്മോടുകൂടെ ഉണ്ടായിരിക്കട്ടെ.

ബഹു. ഡീക്കൻ ആക്ടൻ പല്ലിശ്ശേരി ധന്യനായ ഊക്കനച്ചനോടുള്ള നിയോഗങ്ങൾ വായിക്കുകയും, ചൊവ്വന്നൂർ ഇടവക വികാരി ബഹു. തോമസ് ചൂണ്ടൽ അച്ചൻ എല്ലാവർക്കും നന്ദി പറയുകയും ചെയ്തു.

# 2 ദൈവദാസൻ ആന്റണി തച്ചുപറമ്പിലച്ചൻ



## അനുസരണം എന്ന പുണ്യം

അന്തോണിയച്ചൻ അനുസരണം എന്ന പുണ്യത്തിൽ അനുദിനവും ജീവിച്ചവനാണ്. ഈ പുണ്യത്തിന്റെ പ്രാധാന്യം വിശദീകരിച്ചുകൊണ്ട് അച്ചൻ രണ്ടു കൊച്ചു സംഭവങ്ങൾ വിവരിക്കുന്നു. അനുസരണം എന്ന പുണ്യം ജീവിച്ചിരുന്ന മാക്ക് എന്ന ഒരു സന്യാസി ഒരു ആശ്രമത്തിൽ ഉണ്ടായിരുന്നു. ആശ്രമാധിപന് അയാളോട് വലിയ ബഹുമാനവും പരിഗണനയും ഉണ്ടായിരുന്നു. അസൂയപൂണ്ട മറ്റു സന്യാസികൾ ആശ്രമശ്രേഷ്ഠന്റെ പെരുമാറ്റത്തിൽ അതൃപ്തി പ്രകടിപ്പിച്ചിരുന്നു. പുണ്യപുരുഷനായ അദ്ദേഹം അതെല്ലാം നിശബ്ദമായി കേട്ടെങ്കിലും ഒന്നും പ്രതികരിച്ചില്ല. കുറച്ചു ദിവസങ്ങൾക്കുശേഷം എല്ലാവരും അദ്ദേഹത്തിന്റെ ചുറ്റും കൂടിയപ്പോൾ ഒരു

ലൈഡർമരത്തിലേക്ക് ചൂണ്ടി അത് അവിടെ നിന്നു പിഴുതു മാറ്റി മറ്റൊരു സ്ഥലത്ത് സ്ഥാപിക്കാൻ ആഗ്രഹമുണ്ടെന്ന് അദ്ദേഹം പറഞ്ഞു. ആശ്രമാധിപൻ ആരോടും ഒന്നും ചെയ്യാൻ പറഞ്ഞില്ലെങ്കിലും മാക്ക് മാത്രമാണ് ആശ്രമ ശ്രേഷ്ഠന്റെ ഇഷ്ടം നിറവേറ്റിയത്. മറ്റൊരിക്കൽ മാക്കിന്റെ അസാന്നിധ്യത്തിൽ മറ്റു സന്യാസികൾക്ക് ഉപദേശം നൽകുമ്പോൾ മാക്കിന്റെ കുലീനമായ അനുസരണത്തെ ആശ്രമശ്രേഷ്ഠൻ പുകഴ്ത്തുകയും അദ്ദേഹത്തെ അനുകരണീയമായ മാതൃകയായി ചൂണ്ടിക്കാണിക്കുകയും ചെയ്തു. അനുസരണമുള്ള മാക്കിനോട് ആശ്രമശ്രേഷ്ഠൻ കൂടുതൽ വിശ്വാസവും താൽപര്യവും കാണിക്കുന്നതിന്റെ കാരണം അപ്പോഴാണ് സന്യാസികൾക്ക് മനസ്സിലായത്.

പൊതുവിൽ മാതൃകാ ജീവിതം നയിച്ചിരുന്ന ഒരു സന്യാസിക്ക് ആശ്രമത്തിൽ ഏറെ സമയം പൊതുവുല്ലാസത്തിനും വിശ്രമത്തിനും വേണ്ടിമാറ്റി വെച്ചിരിക്കുന്നത് ഇഷ്ടപ്പെട്ടില്ല. അതുകൊണ്ട് അധികാരികളുടെ കൽപ്പനകൾക്ക് വിപരീതമായി പലപ്പോഴും സമൂഹത്തിൽ നിന്ന് മാറി നിൽക്കുകയും പ്രാർത്ഥനയിലും ആധ്യാത്മിക കർമ്മങ്ങളിലും സമയം ചെലവഴിക്കുകയും ചെയ്തു. മരണസമയത്ത് അയാളുടെ കാവൽ മാലാഖയെ അയച്ച് അയാളുടെ പെരുമാറ്റത്തിന്റെ വിഡ്ഢിത്തം അവനെ പഠിപ്പിക്കാൻ ദൈവം തിരുമനസ്സായി. അനുദിന ഭക്തകൃത്യങ്ങളുടെ ഒരു വിവരണം നൽകാൻ മാലാഖ ആവശ്യപ്പെടുകയും കൃത്യമായി അയാൾ അത് നൽകുകയും ചെയ്തു. അയാളുടെ സൽപ്രവർത്തികൾ മുഴുവൻ രേഖപ്പെടുത്തിയ ജീവന്റെ പുസ്തകം മാലാഖ അവനെ കാണിച്ചു. നിയമത്തിന്റെ ആജ്ഞകൾക്ക് വിപരീതമായി അയാൾ അനുവർത്തിച്ച ഒരു കാര്യവും അതിൽ കാണാനുണ്ടായിരുന്നില്ല.

'അനുസരണം' എന്ന പുണ്യത്തിന്റെയും മൂല്യത്തിന്റെയും അർത്ഥം ആധുനികകാലത്തെ ചിലർ ഉൾക്കൊള്ളാൻ മടിക്കുമ്പോൾ ദൈവദാസന്റെ ഉപദേശങ്ങൾ ഏറെ അർത്ഥപൂർണ്ണമാണ്.

**ഫാ. പോൾ പുളിക്കൻ**
വൈസ് പോസ്റ്റുലേറ്റർ

# വൈദികർ




| | |
|---|---|
| ഫാ. ഫ്രാൻസിസ് ആളൂർ | 02 |
| ഫാ. ജോജു ആളൂർ | 02 |
| ഫാ. ജോൺസൻ അന്തിക്കാടൻ | 03 |
| ഫാ. വിൽസൺ പിടിയത്ത് | 03 |
| ഫാ. പോൾസൺ തട്ടിൽ | 03 |
| ഫാ. പ്രിൻസൺ കാഞ്ഞിരത്തിങ്കൽ | 05 |
| ഫാ. സാൽവിൻ കണ്ണനായ്ക്കൽ | 05 |
| ഫാ. ഡേവിഡ് നെറ്റിക്കാടൻ | 05 |
| ഫാ. ജിന്റോ പെരേപ്പാടൻ | 06 |
| ഫാ. ജെയ്സൻ പുന്നശ്ശേരി | 07 |
| ഫാ. സിന്റോ കരേപറമ്പൻ | 09 |
| ഫാ. വിൽസൺ കണ്ണനായ്ക്കൽ | 10 |
| ഫാ. ഫെക്സിൻ കൂത്തൂർ | 11 |
| ഫാ. വർഗ്ഗീസ് മേലിട്ട് പാലത്തിങ്കൽ | 11 |
| ഫാ. ജോൺ പുത്തൂർ | 11 |
| ഫാ. അനീഷ് ചിറ്റിലപ്പിള്ളി | 12 |
| ഫാ. ജോൺസൻ ഊക്കൻ | 12 |
| ഫാ. ലിജോ ചിറ്റിലപ്പിള്ളി | 13 |
| ഫാ. ഷിജോ മാപ്രാണത്തുക്കാരൻ | 14 |
| ഫാ. സൈമൺ തേർമഠം | 14 |
| ഫാ. ജിതിൻ നെല്ലങ്കര | 15 |
| ഫാ. ജോൺസൻ കുണ്ടുകുളം | 17 |
| ഫാ. ജോസ് വള്ളൂരാൻ | 17 |
| ഫാ. ജിൻസൻ ചിരിയങ്കണ്ടത്ത് | 18 |
| ഫാ. ഷാജു ഊക്കൻ | 18 |
| ഫാ. ജെയ്സൻ തെക്കുംപുറം | 20 |
| ഫാ. ജെയിംസ് ഇഞ്ചോടിക്കാരൻ | 22 |
| ഫാ. സിനോജ് നീലങ്കാവിൽ | 22 |
| ഫാ. റാഫേൽ താണിശ്ശേരി | 22 |
| ഫാ. അൻവിൻ ചിറ്റിലപ്പിള്ളി | 23 |
| ഫാ. സോളി തട്ടിൽ | 23 |
| ഫാ. ജിജോ എടക്കളത്തൂർ | 24 |
| ഫാ. ജെയ്സൻ കൂനംപ്ലാക്കൽ | 25 |
| ഫാ. ജോൺസൻ അന്തിക്കാട്ട് | 26 |
| ഫാ. ഡിക്സൺ കൊളമ്പ്രത്ത് | 26 |
| ഫാ. റോയ് ജോസഫ് വടക്കൻ | 26 |
| ഫാ. ആന്റോ ചിരിയങ്കണ്ടത്ത് | 27 |
| ഫാ. പോൾ കള്ളിക്കാടൻ | 27 |
| ഫാ. ജോൺസൻ ഒലക്കേങ്കിൽ | 29 |
| ഫാ. ചാക്കോ ചിറമ്മൽ | 30 |
| ഫാ. സന്തോഷ് അന്തിക്കാട്ട് | 31 |




| | |
|---|---|
| ഫാ. ജോൺ അയ്യങ്കാനയിൽ | 04 |
| ഫാ. ജോൺസൻ കുണ്ടുകുളം | 04 |
| ഫാ. സെബി വെളിയൻ | 04 |
| ഫാ. ലോറൻസ് ഒലക്കേങ്കിൽ | 10 |
| ഫാ. ലോറൻസ് തൈക്കാട്ടിൽ | 10 |
| ഫാ. ജിബി വാഴപ്പിള്ളി | 10 |
| ഫാ. ഡേവിസ് ചിറമ്മൽ Sr. | 21 |
| ഫാ. ജോഷി വെണ്ണാട്ടുപറമ്പിൽ | 28 |
| ഫാ. അനുവിൻ താണിക്കൽ | 29 |
| ഫാ. ജോൺസൻ ഊക്കൻ | 29 |




| | |
|---|---|
| ഫാ. പൗലോസ് എടച്ചേരി | 26.08.1891 |
| ഫാ. വർഗ്ഗീസ് മുത്തേടൻ | 17.08.1903 |
| ഫാ. സെബാസ്റ്റ്യൻ ചിറമ്മൽ അവറാൻ | 15.08.1917 |
| മോൺ. ജോൺ പാലോക്കാരൻ | 19.08.1948 |
| ഫാ. ജോർജ്ജ് തൈവളപ്പിൽ | 15.08.1950 |
| ഫാ. ജോസ് പറമ്പൻ Sr. | 17.08.1954 |
| ഫാ. ജേക്കബ് പനക്കൽ | 04.08.1955 |
| ഫാ. ഫ്രാൻസിസ് തലക്കോട്ടൂർ | 07.08.1955 |
| ഫാ. ജോർജ്ജ് പാനികുളം | 14.08.1957 |
| ഫാ. ആൻഡ്രൂസ് ചൊവ്വല്ലൂർ | 21.08.1961 |
| ഫാ. ജോൺ ചിറമ്മൽ Sr. | 03.08.1968 |
| ഫാ. ജോർജ്ജ് മാളിയേക്കൽ Sr. | 27.08.1968 |
| ഫാ. ജോസഫ് തറയിൽ | 11.08.1969 |
| ഫാ. ജേക്കബ് ആളൂർ | 11.08.1975 |
| ഫാ. ജോസഫ് ചക്കാലമറ്റം | 25.08.1978 |
| ഫാ. ജേക്കബ് വടാശ്ശേരി | 26.08.1978 |
| ഫാ. ജോസഫ് പുളിക്കൻ Sr. | 09.08.1979 |
| ഫാ. ജോസഫ് തോട്ടുങ്കൽ | 12.08.1988 |
| ഫാ. ജോർജ്ജ് ആലങ്ങാടൻ | 30.08.1994 |
| ഫാ. ജേക്കബ് ചാലക്കൽ | 08.08.2001 |
| ഫാ. പോൾ പൂവ്വത്തിങ്കൽ | 13.08.2005 |
| ഫാ. പോൾ അരിക്കാട്ട് | 16.08.2005 |
| ഫാ. ആന്റണി പൊറത്തൂർ | 04.08.2007 |
| ഫാ. ബാബു ചേലപ്പാടൻ | 12.08.2017 |
| ഫാ. ആന്റോ എടക്കുളത്തൂർ | 12.08.2024 |

# സന്യസ്തർ

## സി.ആർ.ഐ. വാർത്തകൾ

### എഫ്.സി.സി

ജൂൺ 2-ാം തീയതി കച്ചേരിപ്പടി ആശ്രിതഭവനിൽ വെച്ച് നടന്ന KCMS ന്റെ ജനറൽ ബോഡി മീറ്റിംഗിലും ജൂൺ 3-ാം തീയതി പാലാരിവട്ടം പി.ഒ.സിയിൽ വെച്ച് നടന്ന KCBC - KCMS ന്റെ സംയുക്ത മീറ്റിംഗിലും അസി. പ്രൊവിൻഷ്യൽ സുപ്പീരിയർ റവ. സി. ഫിലോ ജീസ് സംബന്ധിച്ചു. ജൂൺ 3-ാം തീയതി പോർസ്യുങ്കുള ആലുവ ജനറലേറ്റിൽ ആരംഭിച്ച ഒരു വർഷത്തെ ജൂനിയറേറ്റ് കോഴ്സിൽ അസ്സീസി പ്രോവിൻസിലെ 6 ജൂനിയർ സിസ്റ്റേഴ്സ് സംബന്ധിക്കുന്നു. ജൂൺ 4-ാം തീയതി വെങ്ങിണിശ്ശേരി അൽവേർണിയ കോൺ വെന്റിൽവെച്ച് 10 അർത്ഥിനികളും കെനിയ കറ്റാനി സെന്റ് ഫ്രാൻസീസ് കോൺ വെന്റിൽ വെച്ച് 3 അർത്ഥിനികളും Pre Postulancy Phase II വിലേയ്ക്ക് പ്രവേശിച്ചു. ജൂൺ 5 മുതൽ 8 വരെ കറുകിടം ലവേർണ സെന്ററിൽ സുവിശേഷവത്ക്കരണ ശുശ്രൂഷയിൽ ഏർപ്പെട്ടിരിക്കുന്ന സിസ്റ്റേഴ്സിനായി നടന്ന ത്രിദിന സെമിനാറിൽ പ്രൊവിൻഷ്യൽ കൗൺസിലർ ബ. സി. ഉഷസ് ആളൂർ ഉൾപ്പെടെ 5 സിസ്റ്റേഴ്സ്

സംബന്ധിച്ചു. ജൂൺ 8-ാം തീയതി നെല്ലിക്കുന്ന് സെന്റ് സെബാസ്റ്റ്യൻസ് സ്കൂളിൽ വെച്ച് പാവപ്പെട്ട വിദ്യാർത്ഥികളുടെ യാത്രാ സൗകര്യാർത്ഥം സൗജന്യമായി സൈക്കിളുകൾ വിതരണം ചെയ്തു. ജൂൺ 14-ാം തീയതി ആലുവ പോർസുങ്കുള ജനറലേറ്റിൽ വെച്ച് ആതുര ശുശ്രൂഷാ രംഗത്ത് പ്രവർത്തിക്കുന്ന സിസ്റ്റേഴ്സിനായി നടന്ന ദ്വിദിന സെമിനാറിൽ 8 സിസ്റ്റേഴ്സ് സംബന്ധിച്ചു. ജൂൺ 14-ാം തീയതി മരത്താക്കര ബ്ലസഡ് സാക്രമെന്റ് കോൺവെന്റിൽ വെച്ച് നടന്ന ഫോർമേഷൻ ഡെയിൽ പ്രൊവിൻഷ്യൽ സുപ്പീരിയറും കൗൺസിലേഴ്സും സംബന്ധിച്ചു. ജൂൺ 29-ാം തീയതി ആതുര ശുശ്രൂഷാരംഗത്ത് പ്രവർ ത്തിക്കുന്ന സിസ്റ്റേഴ്സിനായി അസ്സീസി പ്രൊവിൻഷ്യൽ ഹൗസിൽ FCC Health Fratenity Meeting സംഘടിപ്പിച്ചു.

**സി.എം.സി**

ജൂൺ 1 ന് 5 ജൂനിയർ സിസ്റ്റേഴ്സ് ആലുവ ജനറലേറ്റിൽ ജൂനിയറേറ്റ് കോഴ്സിൽ പ്രവേശിച്ചു. 2, 3 തിയ്യതികളിലായി പാലാരിവട്ടം പി.ഒ.സി.യിൽ വച്ചു നടന്ന KCMS, KCBS Meeting ൽ പ്രൊവിൻഷ്യൽ സുപ്പീരിയർ സി. സാലി പോൾ പങ്കെടുത്തു. പരിസ്ഥിതി ദിനത്തോടനുബന്ധിച്ച് കോലഴി പ്രൊവിൻഷ്യൽ ഹൗസിൽ പ്രൊവിൻഷ്യാളമ്മയുടെ നേതൃത്വത്തിൽ 32 വൃക്ഷതൈകൾ സിസ്റ്റേഴ്സ് നടുകയും പരിസ്ഥിതി അനുഭവം സ്വായത്തമാക്കുകയും ചെയ്തു. നിർമല സോഷ്യൽ സെന്ററിന്റെയും സെന്റ് മേരീസ് കോളേജിന്റെയും സംയുക്താഭിമുഖ്യത്തിൽ തൃശൂർ ജില്ലയിലെ അംഗനവാടികളിൽ ഫലവൃക്ഷങ്ങൾ നട്ടുപിടിപ്പിക്കുന്നതിന്റെ ഉദ്ഘാടനം കുറ്റൂർ അംഗനവാടിയിൽ സോഷ്യൽ കൗൺസിലർ ഡോ. സി. മാർഗ്രറ്റ് മേരി നിർവ്വഹിച്ചു. സി.എം.സി മാനേജ്മെന്റിന്റെ കീഴിൽ സ്കൂളുകളിൽ ജോലിചെയ്യുന്ന ടീച്ചേഴ്സിനു വേണ്ടിയുള്ള Seminar & Merit Day ജൂൺ 28 ന് കുരിയച്ചിറ സെന്റ് പോൾസ് ഓഡിറ്റോറിയത്തിൽ വെച്ച് നടത്തി. 22-ാം പ്രൊവിൻഷ്യൽ സിനാക്സിസ് നടന്നതിന്റെ വെളിച്ചത്തിൽ എല്ലാം മഠങ്ങളിലും ലോക്കൽ സിനാക്സിസിന്റെ ക്ലാസ്സുകൾ നടത്തി. ജൂൺ 17 ന് തൃശൂർ കാർമൽ ശാന്തിധാം ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് കൗൺസിലിംഗ് സൈക്കോളജി സെന്ററിൽ ഈ വർഷത്തെ Psychospiritual Renewal & Counselling one year diploma course പ്രൊവിൻഷ്യൽ സുപ്പീരിയർ സി. സാലി പോൾ ഉദ്ഘാടനം ചെയ്ത് സന്ദേശം നൽകി. General Finance Department organize ചെയ്ത Zonal level finance meeting തൃശൂർ സെന്റ് മേരീസ് കോളേജിൽ വെച്ച് നടന്നു. 20 ന് കോലഴി പ്രൊവിൻഷ്യൽ ഹൗസിൽ നടത്തിയ ആഘോഷമായ 13 മണിക്കൂർ ആരാധനയിൽ ലോകം മുഴുവനുവേണ്ടിയും പ്രത്യേകമായി സീറോമലബാർ സഭയ്ക്കുവേണ്ടിയും പ്രാർത്ഥിച്ചു.

25 ന് ആലുവ ജനറലേറ്റിന്റെ നേതൃത്വത്തിൽ കോതമംഗലം രാമല്ലൂർ റിട്രീറ്റ് സെന്ററിൽ നടത്തിയ അഞ്ച് ദിവസത്തെ റൂബി ജൂബിലി കോഴ്സിൽ പ്രോവിൻ സിലെ 5 സിസ്റ്റേഴ്സ് പങ്കെടുത്ത് ആത്മീയ ചൈതന്യത്തോടെ തിരിച്ചെത്തി.

**സി.എച്ച്.എഫ്**

തൃശ്ശൂർ അതിരൂപത പുതിയതായി ആരംഭിച്ച വിശാഖപട്ടണം എവുപ്രാസ്യ മിഷനിൽ പ്രവർത്തിക്കുവാൻ സി.എച്ച്.എഫ് നവ ജ്യോതി പ്രോവിൻസിൽ നിന്നും പോകുന്ന സി. ലീന മേരി, സി. ആൻ ജോസ് എന്നിവരോടൊപ്പം അവിടുത്തെ കാര്യങ്ങൾ സജ്ജമാക്കുവാൻ പ്രൊവിൻഷ്യൽ സുപ്പീരിയർ സി. ജെസിൻ തെരേസും പ്രൊവിൻഷ്യൽ കൗൺസിലർ സി. ട്രീസ ആന്റോയും പോയി. സി എച്ച് എഫ് നവജ്യോതി പ്രൊവിൻഷ്യലേറ്റിൽ വി. മറിയം ത്രേസ്യയുടെ തിരുനാൾ ആഘോഷിച്ചു. മണ്ണുത്തി ഹോളി ഫാമിലി ജനറലേറ്റിൽ നവജ്യോതി പ്രോവിസിൽ നിന്നും 4 ജൂനിയർ സിസ്റ്റേഴ്സ് ഓർഗനൈസ്ഡ് ജൂനിയറേറ്റിലേയ്ക്ക് പ്രവേശിച്ചു. സി എച്ച് എഫ് നവജ്യോതി പ്രോവിൻസിൽ പുതിയ അർത്ഥിനികളായി വന്നവരെ ചേലക്കര ലിറ്റിൽ ഫ്ളവർ കോൺവെന്റിൽ വെച്ച് പ്രാർത്ഥനയോടെ പ്രൊവിൻഷ്യൽ സുപ്പീരിയർ സി. ജെസിൻ തെരേസ് ക്യാൻഡിഡസിയിലേക്ക് പ്രവേശിപ്പിച്ചു. സി.എച്ച്.എഫ് നവജ്യോതി പ്രൊവിൻഷ്യൽ കൗൺസിൽ നാമഹേതുക തിരുനാൾ ആഘോഷിക്കുന്ന തൃശ്ശൂർ അതിരൂപത സഹായമെത്രാൻ മാർ ടോണി നീലങ്കാവിൽ പിതാവിനെ സന്ദർശിച്ച് തിരുനാൾ ആശംസകൾ നേർന്നു. സി എച്ച് എഫ് നവജ്യോതി പ്രൊവിൻഷ്യൽ ഹൗസിൽ സുപ്പീരിയേഴ്സിന്റെ കോഴ്സ് നടത്തുകയും ബൈബിൾ പ്രേഷിതത്വത്തിന്റെ ഡയറക്ടർ റവ. ഫാ. ഡിജോ ഒലക്കേങ്കിൽ ബൈബിൾ എഴുതുന്നതിനെക്കുറിച്ച് ക്ലാസ് നൽകുകയും എല്ലാ ഭവനങ്ങളിലേക്കും ബൈബിൾ പകർത്തി എഴുതുന്നതിനുള്ള പേപ്പറുകൾ വിതരണം ചെയ്യുകയും ചെയ്തു. സ്വന്തപ്പെട്ടവർ മരണപ്പെട്ടതിന്റെ വേദനയിൽ കഴിയുന്നവർക്കായി 'ആശ്വാസ് ധ്യാന ശുശ്രൂഷ' സി.എച്ച്.എഫ് നവജ്യോതി ഐ.എഫ്.ഡി.എഫ് ന്റെ നേതൃത്വത്തിൽ വടൂക്കരയിൽ വെച്ച് നടത്തപ്പെട്ടു. ഹോളിഫാമിലി സമൂഹസ്ഥാപക വി. മറിയം ത്രേസ്യയുടെ സ്വർഗ്ഗപ്രവേശനത്തിന്റെ ശതാബ്ദിയുടെ ഒരുക്കമായി സി എച്ച് എഫ് നവജ്യോതി പ്രൊവിൻഷ്യൽ ഹൗസിൽ വിധവ - വിഭാര്യ സംഗമം നടത്തപ്പെട്ടു. ദുക്റാന തിരുനാളിനോടനുബന്ധിച്ച് കാക്കനാട് മൗണ്ട് സെന്റ് തോമസിൽ അഭിവന്ദ്യ മാർ റാഫേൽ തട്ടിൽ പിതാവിന്റെയും മറ്റു വൈദീകരുടെയും നേതൃത്വത്തിൽ നടന്ന റാസാ കുർബാനയിലും പൊതുസമ്മേളനത്തിലും നവജ്യോതി

പ്രൊവിൻഷ്യൽ കൗൺസിലർ സി. ജെസ്സീനയും സി. മാഡ്‌ലിനും സംബന്ധിച്ചു. സ്നേഹബന്ധങ്ങളുടെ നഷ്ടപ്പെടലിലൂടെ സംഘർഷ ഭരിതരാകുന്ന മക്കൾക്കായി 'ന്യൂ ബിഗിനിംഗ്' പ്രോഗ്രാം സി.എച്ച്.എഫ് നവജ്യോതി ഐ.എഫ്.ഡി.എഫ് ന്റെ നേതൃത്വത്തിൽ വടൂക്കരയിൽ വച്ച് നടത്തപ്പെട്ടു. തൃശ്ശൂർ അതിരൂപതയുടെ നേതൃത്വത്തിൽ പുത്തൻപള്ളിയിൽ നടന്ന വൈദീക സന്യാസ അർത്ഥികളുടെ സംഗമത്തിൽ സി.എച്ച്.എഫ് നവ ജ്യോതി പ്രൊവിൻസിലെ ആസ്പിരൻസ് പങ്കെടുക്കുകയും ആസ്പിരന്റ് ആൻ ദൈവവിളിയെക്കുറിച്ച് സംസാരിക്കുകയും ചെയ്തു.

**എസ്.എ.ബി.എസ്**

ബഹുമാനപ്പെട്ട ഡാനിയേൽ പൂവണ്ണത്തിൽ അച്ചന്റെ നേതൃത്വത്തിൽ ഒന്നാം തീയതി മുതൽ പതിമൂന്നാം തീയതിവരെ തിരുവനന്തപുരത്ത് നടന്ന ബൈബിൾ സ്റ്റഡി സർട്ടിഫിക്കറ്റ് കോഴ്സിൽ പ്രോവിൻസിൽ നിന്നും 10 സിസ്റ്റേഴ്സ് പങ്കെടുത്തു. അഞ്ചാം തീയതി ധന്യൻ മാർ തോമസ് കുര്യാളശ്ശേരിയുടെ സുകൃത ജീവിതത്തെ ആസ്പദമാക്കി തൃശ്ശൂർ നിർമ്മലമാതാ സ്കൂളിന്റെ നേതൃത്വത്തിൽ നടത്തിയ നൃത്താവിഷ്കാരം ഔദ്യോഗികമായി നിർമ്മൽറാണി മീഡിയ പുറത്തിറക്കി. പത്താം തീയതി വിശുദ്ധ കുർബാനയുടെ തിരുനാളിന് ഒരുക്കമായി എല്ലാ ഭവനങ്ങളിലും ദൈവജനത്തെ പങ്കെടുപ്പിച്ച് നവനാൾ ആരാധനയ്ക്ക് തുടക്കം കുറിച്ചു. പതിനൊന്നാം തീയതി ഇയ്യാൽ നിർമ്മലമാതാ സ്കൂളിന്റെ രജത ജൂബിലി വർഷത്തിന് ആരംഭംകുറിച്ചു. പതിനഞ്ചാം തീയതി പ്രോവിൻസിന്റെ രജതജൂബിലി വർഷത്തിൽ സമ്പൂർണ്ണ ബൈബിൾ പകർത്തി എഴുത്ത് ഔദ്യോഗിക ഉദ്ഘാടനം ചേറ്റുപുഴയിൽ ബഹുമാനപ്പെട്ട മദർ മേഴ്സിറ്റ കണ്ണമ്പുഴ നിർവഹിച്ചു. പതിനെട്ടാം തീയതി എല്ലാ ഭവനസമൂഹങ്ങളിലും ദിവ്യകാരുണ്യതിരുനാളിനൊടനുബന്ധിച്ച് നടത്തിയ നവനാൾ ആരാധനയുടെ സമാപനദിനം ബഹുമാനപ്പെട്ട വികാരിയച്ചന്മാരുടെ നേതൃത്വത്തിൽ ദൈവജനത്തിന് വചന സന്ദേശവും ദിവ്യകാരുണ്യ ആശീർവാദവും തുടർന്ന് സ്നേഹവിരുന്നും നൽകികൊണ്ട് ദിവ്യകാരുണ്യ തിരുനാൾ സാഘോഷം കൊണ്ടാടി. 22-ാംതീയതി ആരാധന സന്യാസിനി സമൂഹത്തിന്റെ സ്ഥാപകൻ ധന്യൻ മാർ തോമസ് കുര്യാളശ്ശേരി പിതാവിന്റെ ചരമശതാബ്ദിയോടനുബന്ധിച്ച് ആരാധന സന്യാസിനി സമൂഹത്തിന്റെ കോൺവെന്റ് ഉള്ള ഇടവകകളിൽ പിതാവിന്റെ ദിവ്യകാരുണ്യഭക്തിയും സുകൃത ജീവിതത്തെയും അനുസ്മരിച്ചു കൊണ്ട് ബഹുമാനപ്പെട്ട വൈദികരുടെ സഹായത്തോടെ വിശുദ്ധ കുർബാനയും അനുസ്മരണ പ്രഭാഷണവും നടത്തി. പ്രൊവിൻഷ്യൽ സിനാക്സിസിന്റെയും

പ്രോവിൻസിന്റെ ജൂബിലി വർഷത്തോടനുബന്ധിച്ച് 26 മുതൽ 28-ാം തീയതി വരെ, 40 മണി ആരാധന നടത്തി.

**സി. എസ്. എസ്.**

സ്നേഹോദയ പ്രൊവിൻസിന്റെ പുതിയ മിഷൻ ഛാന്ദാ രൂപതയിൽ Gadchiroli യിൽ ജൂൺ 9 ന് ആരംഭിച്ചു. ജൂൺ 27-ാം തിയ്യതി മണ്ണുത്തി സ്നേഹദീപ്തി കോൺവന്റിൽ തിരുഹൃദയ തിരുന്നാൾ സമുചിതമായി ആഘോഷിച്ചു. അതിനോടനുബന്ധിച്ച് സ്നേഹദീപ്തി കോൺവന്റിൽ 13 മണിക്കൂർ ആരാധനയും നടത്തപ്പെട്ടു. മാസാദ്യ ബുധനാഴ്ച്ച ദൈവവിളിദിനമായി ആചരിക്കുന്നതിന്റെ ഭാഗമായി ജാഗരണപ്രാർത്ഥനയും ആരാധനയും നടത്തപ്പെട്ടു. സി.എസ്.എസ്. റിന്യുവൽ ടീമിന്റെ നേതൃത്വത്തിൽ renewal programmeന്റെ follow up ഓരോ ഹൗസുകളിലും വെച്ച് നടത്തപ്പെടുന്നു. ജൂൺ 29-ാം തിയ്യതി Holy Spirit Generalate ൽ വെച്ച് 7 സഹോദരിമാർ നിത്യവ്രതവാഗ്ദാനം നടത്തുകയും അഭിവന്ദ്യ മാർ ടോണി നീലങ്കാവിൽ പിതാവ് തിരുക്കർമ്മങ്ങൾക്ക് മുഖ്യകാർമ്മികത്വം വഹിക്കുകയും ചെയ്തു.

**സി.എസ്.സി**

ജനറൽ തലത്തിലുള്ള സുപ്പീരിയേഴ്സ് കോൺഫറൻസ് മുല്ലക്കര ആത്മദർശൻ കോൺവെന്റിൽ വച്ച് ജൂലൈ 5,6 തിയ്യതികളിൽ നടത്തി. തുടർന്ന് റിന്യൂവൽ ടീമിന്റെ നേതൃത്വത്തിൽ ഒരാഴ്ചത്തെ വചനോ പാസന ധ്യാനവും നടത്തി. തൃശ്ശൂർ മരിയ പ്രവിശ്യയിൽ നിന്നും 2 സഹോദരിമാർ സി. കൃപ CSC, സി. പ്രസ്റ്റീന CSC എന്നിവർ വിശാഖപട്ടണത്തെ എവുപ്രാസ്യ മിഷനിൽ ശുശ്രൂഷ ആരംഭിച്ചു. അവർ താമസിക്കുന്ന ഭവനത്തിന്റെ ആശീർവാദകർമ്മം അഭിവന്ദ്യ മാർ പ്രിൻസ് പാണേങ്ങാടൻ പിതാവ് നിർവഹിക്കുകയും ചെയ്തു. പ്രൊവിൻഷ്യൽ സുപ്പീരിയർ മദർ. വെണ്മയും പ്രൊവിൻ ഷ്യൽ കൗൺസിലർ സിസ്റ്റർ ഹർഷിതയും വിശാഖപട്ടണം മിഷൻ സന്ദർശിച്ചു. CSC സഹയാത്ര സന്ദർശിച്ച സ്ഥലങ്ങൾ - മുണ്ടത്തിക്കോട്, നിർവൃതി, പൂങ്കുന്നം. ബഹു. സി. ഹർഷിത CSC യുടെ നേതൃത്വത്തിൽ വടക്കൻ പുതുക്കാട് ഇടവകയിൽ ഹോം മിഷൻ നടത്തി.

**സി.എസ്.എം**

ജൂൺ 1 മുതൽ തൃശ്ശൂർ അതിരൂപതയുടെ ആമ്പല്ലൂരിലുള്ള സ്പിരിച്ച്വാലിറ്റി സെന്ററിൽ രണ്ട് സിസ്റ്റേഴ്സ് സേവനം ചെയ്തു വരുന്നു. ജൂൺ 3 ന് പാലാരിവട്ടം പി.ഒ.സിയിൽ വെച്ച് നടത്തിയ KCBC & KCMS ന്റെ ജനറൽ ബോഡി മീറ്റിംഗിൽ കൃപാഭവൻ ജനറലേറ്റിൽ നിന്നും ബഹു. മദർ ബിയാട്രിസ്, സി. മരിയ മാത്യൂസ്

എന്നിവർ പങ്കെടുത്തു. ജൂൺ 5 മുതൽ 8 വരെ അങ്കമാലി HOPE സെന്ററിൽ വെച്ച് നടത്തിയ സുപ്പിരിയേഴ്സ് കോഴ്സിൽ തൃശൂർ, ഇരിങ്ങാലക്കുട പ്രൊവിൻസുകളിലെ എല്ലാ സുപ്പിരിയേഴ്സും പങ്കെടുത്തു. ജൂൺ 23 ന് കൃപാഭവൻ ജനറലേറ്റിന്റെ ഹോം ഡേയും ഫീസ്റ്റും അഭിവദ്യ മാർ ടോണി നീലങ്കാവിൽ പിതാവിന്റെ മുഖ്യ കാർമ്മികത്വത്തിൽ സമുചിതമായി ആഘോഷിച്ചു. ജൂൺ 27 തിരുഹൃദയ തിരുനാളിനോട് അനുബന്ധിച്ച് മാതൃഭവനമായ പൊന്നൂക്കര അസംപ്ഷൻ കോൺവെന്റിൽ വച്ച് നടത്തിയ 13 മണിക്കൂർ ആരാധനയിൽ സാധിക്കാവുന്ന എല്ലാ കോൺവെന്റുകളിലെയും സിസ്റ്റേഴ്സ് പങ്കെടുത്തു. ജൂൺ 28-ാം തിയതി കൃപാഭവൻ ജനറലേറ്റിൽ വെച്ച് ജൂനിയർ സിസ്റ്റേഴ്സിനായി (CSM യുവ ജ്വാല 2025) കോഴ്സ് സംഘടിപ്പിച്ചു.

## ആദരാഞ്ജലികൾ



25.06.2025 സി.എം.സി. കുരിയച്ചിറ സെന്റ് പോൾസ് മഠാംഗമായ സി. എലിസബത്ത് വയോള നിര്യാതയായി. തൃശൂർ അതിരൂപത സഹായ മെത്രാൻ അഭിവന്ദ്യ മാർ ടോണി നീലങ്കാവിലിന്റെ മുഖ്യ കാർമ്മികത്വത്തിൽ മൃതസംസ്കാരകർമങ്ങൾ നിർവഹിക്കുകയും ചെയ്തു.



20.06.2025 മുണ്ടൂർ സെന്റ് ഫ്രാൻസീസ് അസ്സീസി മഠാംഗമായ സി. സിൽവി 2025 ജൂൺ 20-ാം തീയതി പുലർച്ചെ 5.25 ന് നിര്യാതയായി. 20-ാം തീയതി വെള്ളിയാഴ്ച വൈകീട്ട് 5.00 മണിക്ക് തൃശൂർ അതിരൂപത മെത്രാപ്പോലീത്ത അഭിവന്ദ്യ മാർ ആൻഡ്രൂസ് താഴത്ത് പിതാവിന്റെ പ്രാധാന കാർമ്മികത്വത്തിൽ മുണ്ടൂർ സെന്റ് ഫ്രാൻസീസ് അസ്സീസി കോൺവെന്റ് ചാപ്പലിൽ മൃതസംസ്കാരകർമങ്ങൾ നടന്നു.



21.06.2025 മനക്കൊടി വിമലമാതാ മഠാം ഗമായ സി. ഫീന ജോസഫ് 2025 ജൂൺ 21-ാം തീയതി പുലർച്ചെ 4.30 ന് നിര്യാതയായി. 21-ാം തീയതി ശനിയാഴ്ച വൈകീട്ട് 4.30 ന് തൃശൂർ അതിരൂപത മെത്രാപ്പോലീത്ത അഭിവന്ദ്യ മാർ ആൻഡ്രൂസ് താഴത്ത് പിതാവിന്റെ പ്രാധാന കാർമ്മികത്വത്തിൽ മനക്കൊടി വിമലമാതാ കോൺവെന്റ് ചാപ്പലിൽ മൃതസംസ്കാരകർമങ്ങൾ നടന്നു.

**ഫാ. സിജോ**
**പൈനാടത്ത് OFM.Cap**
പ്രസിഡണ്ട്

**സി. ജോളി**
**ചിറ്റിലപ്പിള്ളി FCC**
സെക്രട്ടറി

**അബ്രാഹം അവനോടു പറഞ്ഞു: മോശയും പ്രവാചകൻമാരും പറയുന്നത് അവർ കേൾക്കുന്നില്ലെങ്കിൽ മരിച്ചവരിൽനിന്ന് ഒരുവൻ ഉയിർത്താലും അവർക്കു ബോധ്യമാവുകയില്ല.**

**(ലൂക്ക 16, 31)**

# സെന്റ് തോമസ് മേജർ ആർക്കിഎപ്പിസ്കോപ്പൽ തീർത്ഥകേന്ദ്രം, പാലയൂർ

**പാലയൂർ സെന്റ് തോമസ് മേജർ ആർക്കിഎപ്പിസ്കോപ്പൽതീർത്ഥ കേന്ദ്രത്തിലെ വിശുദ്ധ തോമാശ്ലീഹായുടെ ദുക്റാന - തർപ്പണ തിരുനാൾ**

പാലയൂർ സെന്റ് തോമസ് മേജർ ആർക്കിഎപ്പിസ്കോപ്പൽ തീർത്ഥകേന്ദ്രത്തിൽ വിശുദ്ധ തോമാശ്ലീഹായുടെ ദുക്റാന ഊട്ട് തിരുനാൾ ഭക്തിസാന്ദ്രം. രാവിലെ 6: 30ന് അസി.വികാരി റവ.ഫാ ക്ലിന്റ് പാണെങ്ങാടന്റെ മുഖ്യകാർമികത്വത്തിൽ നടന്ന ദിവ്യബലി യോടുകൂടെ ആഘോഷങ്ങൾക്കു തുടക്കമായി. തുടർന്ന് ലദീഞ്ഞ്, നൊവേന, തളിയകുളത്തിൽ നിന്നും കൊടിയേറ്റ പ്രദക്ഷിണവും ഉണ്ടായിരുന്നു. ആർച്ച് പ്രീസ്റ്റ് റവ.ഫാ. ഡേവിസ് കണ്ണമ്പുഴ, അസി വികാരി റവ.ഫാ. ക്ലിന്റ് പാണെങ്ങാടൻ എന്നിവർ ചേർന്ന് നേർച്ച ഊട്ട് ആശിർവാദം നിർവഹിക്കുകയും, നേർച്ച ഭക്ഷണം വിളമ്പി ഉദ്ഘാടനം നിർവഹിക്കുകയും ചെയ്തു. ജൂലൈ 12,13 തീയതികളിൽ നടത്തപ്പെടുന്ന തർപ്പണ തിരുനാളിന്റെ കൊടിയേറ്റം മെൽബൺ രൂപത ബിഷപ്പ് എമിരറ്റസ് മാർ ബോസ്കോ പുത്തൂർ നിർവഹിച്ചു. 10:00 മണിയുടെ ദിവ്യബലിക്ക് മാർ ബോസ്കോ പുത്തൂർ മുഖ്യകാർ മികത്വം വഹിച്ചു. റവ.ഫാ. അജിത്ത് കൊള്ളന്നൂർ, റവ.ഫാ. മാനുവൽ ടി.ഒ.ആർ, എന്നിവർ സഹകാർമികരായി. മാർതോമാ ശ്ലീഹായിൽ നിന്നും വിശ്വാസം സ്വീകരിച്ച് ക്രൈസ്തവ വിശ്വാസത്തിന് ധീര സാക്ഷികൾ ആകുവാൻ നമ്മൾ ഏവരും സന്നദ്ധരായിരി ക്കണമെന്ന് പിതാവ് ഉദ്ബോധിപ്പിച്ചു. ദിവ്യബലിക്ക്ശേഷം പാലയൂർ ഫൊറോന യൂത്ത് സി.എൽ.സി. സംഘടന അവതരിപ്പിച്ച മെഗാ മാർഗംകളിയും ഉണ്ടായിരുന്നു. ഉച്ച കഴിഞ്ഞ് 2:30 ന്. യുഎസ്എ യിലെ ബാൾട്ടിമോർ ഡെഫ് മിനിസിട്രിയുടെ അധ്യക്ഷൻ റവ.ഫാ.മൈക്കിൾ ഡെപ്സിക് മുഖ്യകാർമികത്വത്തിൽ നടന്ന ബധിരർക്കായിട്ടുള്ള വിശുദ്ധ കുർബാനയിൽ വിവിധ രാജ്യങ്ങളിൽ നിന്നുള്ള ഇന്റർനാഷണൽ ഡെഫ് കമ്മ്യൂണിറ്റി അംഗങ്ങൾ പങ്കെടുത്തു. ഏകദേശം അരലക്ഷത്തി നടുത്ത് ഭക്തജനങ്ങൾ വി. തോമാശ്ലീഹയുടെ അനുഗ്രഹത്തിനായും, നേർച്ച ഊട്ടിനായും എത്തിചേർന്നു.എത്തിച്ചേർന്ന ഭക്തജനങ്ങൾക്ക് നേർച്ച ഊട്ടും, നേർച്ച പായസവും പാർസലായി കൊണ്ടുപോകാനുള്ള സൗകര്യവും ഒരുക്കിയിരുന്നു.

ജൂലൈ 11,12,13,14 തിയ്യതികളിലെ തീർത്ഥകേന്ദ്രത്തിലെ പ്രധാന

തിരുനാളായ തർപ്പണതിരുനാൾ വർണ്ണ മനോഹരവും ഭക്തിസാന്ദ്ര വുമായി. കൊടിയേറ്റ ദിനം കഴിഞ്ഞുള്ള ദിവസങ്ങളിൽ വിവിധ കലാപരിപാടികൾ നടന്നിരുന്നു. 12–ാം തിയ്യതി വൈകീട്ട് 5:30ന്റെ ദിവ്യബലിക്കു കൂടുതുറക്കൽ ശുശ്രൂഷയ്ക്കും തൃശ്ശൂർ അതിരൂപത വികാരി ജനറാൾ മോൺ. ജെയ്സൺ കൂനംപ്ലാക്കൽ കാർമികത്വം വഹിച്ചു. ഉച്ചക്ക് 2 മണിയോടുകൂടി ആരംഭിച്ച അമ്പ്, വള, ശൂലം എഴുന്നള്ളിപ്പ് രാത്രി 10 മണിക്ക് സമാപിച്ചു. 13–ാം തിയ്യതി രാവിലെ നടന്ന തിരുനാൾ തിരുകർമ്മങ്ങൾക്ക് തീർത്ഥകേന്ദ്രം ആർച്ച്പ്രീസ്റ്റ് റവ.ഫാ. ഡേവിസ് കണ്ണമ്പുഴ, സഹവികാരി റവ. ഫാ. ക്ലിന്റ് പാണെങ്ങാടൻ എന്നിവർ കാർമ്മികത്വം വഹിച്ചു. തർപ്പണ തിരുനാൾ ആഘോഷമായ ദിവ്യബലിക്കും ലദീഞ്ഞ്, നൊവേന തുടങ്ങിയ തിരുകർമ്മങ്ങൾക്കും രാവിലെ 10 മണിക്ക് റവ. ഫാ. ജോയ് പുത്തൂർ മുഖ്യകർമികത്വവും, റവ. ഫാ. ഷിജോ ചിരിയകണ്ടത്ത് തിരുനാൾ സന്ദേശവും നൽകി. ഇടവക അംഗമായ ഫാ. ജെയിംസ് ചെറുവത്തൂർ എസ്.ഡി. ബി. സഹ കാർമ്മികനായി.

ഉച്ചതിരിഞ്ഞ് തളിയകുളത്തിൽ നടന്ന സമൂഹമാമ്മോദീസയ്ക്ക് തൃശ്ശൂർ അതിരൂപത സഹായ മെത്രാൻ മാർ ടോണി നീലങ്കാവിൽ മുഖ്യ കാർമ്മികത്വം വഹിച്ചു. വിവിധ രൂപതകളിലെ ഇടവകകളിൽ നിന്നായി നവജാത ശിശുക്കൾ വിശ്വാസത്തിന്റെ ഈറ്റില്ലമായ പാലയൂരിൽ പ്രാഥമിക കൂദാശകളായ മാമ്മോദീസ, തൈലാഭിഷേകം, വി. കുർബാന എന്നിവ മാർ ടോണി നീലങ്കാവിൽ നിന്നും സ്വീകരിച്ചു. മാർ തോമശ്ലീഹായിൽ പകർന്നു കിട്ടിയ വിശ്വാസം മാതാപിതാക്കൾ കുഞ്ഞുങ്ങൾക്ക് പകർന്നു നൽകുവാൻ മാർ ടോണി നീലങ്കാവിൽ ഉദ്ബോധിപ്പിച്ചു. തീർത്ഥകേന്ദ്രത്തിൽ എത്തി ചേർന്ന ഭക്തജനങ്ങൾ ക്കായി അമ്പ്, വള, ശൂലം എന്നിവ സമർപ്പിക്കുന്നതിനായുള്ള സൗകര്യവും ഉണ്ടായിരുന്നു. രാവിലെ 6:30 മുതൽ ഉച്ചക്ക് 2:30 വരെ ഊട്ട് നേർച്ച, നേർച്ച പായസം എന്നിവ ഭക്തജനങ്ങൾക്ക് സ്വീകരി ക്കുന്നതിനായി പാർസൽ സൗകര്യവും ഉണ്ടായിരുന്നു. ഉച്ചതിരിഞ്ഞ് 4:30ന് നടന്ന തിരുനാൾ സമാപന ദിവ്യബലിക്ക് ഇടവക അംഗങ്ങളായ റവ. ഫാ. ജോൺപോൾ ചെമ്മണ്ണൂർ, ഫാ. ദിജോ ഒലക്കെങ്കിൽ എന്നിവർ കാർമികരായി. ദിവ്യബലിക്ക്ശേഷം മാർ തോമശ്ലീഹ തർപ്പണാത്ഭുതം നടത്തിയ തളിയക്കുളം ചുറ്റി ജൂതൻ കുന്ന് കപ്പേള യിലേക്ക് തിരുനാൾ പ്രദക്ഷണവും ഉണ്ടായിരുന്നു.

**ഫാ. ഡേവിസ് കണ്ണമ്പുഴ**
ആർച്ച്പ്രീസ്റ്റ്

# ₹ സാമ്പത്തിക കാര്യാലയം

**1. തെരട്ട് സമർപ്പിക്കൽ**

2025 ആഗസ്റ്റ് 5 മുതൽ ഫൊറോന അടിസ്ഥാനത്തിലാണ് തെരട്ട് കൊണ്ടുവരേണ്ടത്. ജൂൺമാസത്തെ അതിരൂപതാ ബുള്ളറ്റിനിൽ (പേജ് 42) ഓരോ ഇടവകയും തെരട്ടു സമർപ്പിക്കുന്നതിനുള്ള തിയ്യതിയും സമയവും കൊടുത്തിട്ടുണ്ട്. തിങ്കൾ മുതുൽ വെള്ളി വരെ രാവിലെ 10 മണി മുതൽ ഉച്ചകഴിഞ്ഞ് 1 മണിവരെയാണ് തെരട്ട് സ്വീകരിക്കുന്നത്, ശനിയാഴ്ചകളിൽ തെരട്ട് സ്വീകരിക്കന്നതല്ല.

**2. ഫൈനാൻസ് ഓഫീസ് – പണമിടപാട്**

പള്ളികളിൽ നിന്നുള്ള തെരട്ട് കൊണ്ട് വരുമ്പോൾ ചെക്കുകൾ ചുരുങ്ങിയത് 6 എണ്ണമെങ്കിലും കൊണ്ടുവരുവാൻ നിർദ്ദേശിക്കുന്നു. ദയവായി ഇത് പാലിക്കുവാൻ ശ്രദ്ധിക്കുമല്ലോ.

**3. സമയക്രമം**

നിശ്ചയിക്കപ്പെട്ട ദിവസങ്ങളിലും സമയത്തും വരുന്നുണ്ടെങ്കിലോ, വരാൻ സാധിക്കുന്നില്ലെങ്കിലോ തലേ ദിവസം അറിയിക്കുന്നത് നല്ലതാണ് (ഫിനാൻസ് ഓഫീസ് ഫോൺ 8289898168) തെരട്ടുകൊണ്ടുവരുമ്പോൾ ബ. വികാരിയച്ചനും, നടത്തുകൈക്കാരനും, കണക്കെഴുത്തുക്കാരനും ചുരുങ്ങിയത് ഉണ്ടാകണം. മറ്റുകൈക്കാരന്മർ വരുന്നതിന് തടസമില്ല.

**4. CA ഓഡിറ്റ്**

CA ഓഡിറ്റ് ചെയ്യുന്നതിന് ഇടവകകൾ കണക്കുകൾ തയ്യാറാക്കി അതാത് ഓഡിറ്റർമാരെ ഏൽപ്പിക്കേണ്ടതും CA ഓഡിറ്റ് റിപ്പോർട്ട് വാങ്ങിവെക്കേണ്ടതുമാണ്. അതിനുശേഷം ഇന്റേണൽ ഓഡിറ്റ് നടത്തി റിപ്പോർട്ട് പള്ളിയോഗത്തിൽ പാസാക്കുകയും, ഫൊറോന വികാരി സന്ദർശനം പൂർത്തിയാക്കുകയും ചെയ്ത ശേഷമാണ് തെരട്ട് സമർപ്പിക്കാൻ കൊണ്ടുവരേണ്ടത്. ഇത് കൂടാതെ Incom Tax Return സമർപ്പിക്കേണ്ടതും അതിന്റെ Print Out വാങ്ങിവെക്കേണ്ടതും അതിന്റെ Copy തെരട്ട് കൊണ്ടുവരുമ്പോൾ സാമ്പത്തിക കാര്യാലയത്തിൽ സമർപ്പിക്കേണ്ടതുമാണ്.

**5. 12AB രജിസ്ട്രേഷൻ പുതുക്കുന്നതിനുള്ള അപേക്ഷ**

2021 മാർച്ച് 31ന് മുമ്പ് നിലവിലുള്ളതും ഇൻകം ടാക്സ് ആക്ടിലെ 12 AB പ്രകാരം ചാരിറ്റബിൾ രജിസ്ട്രേഷൻ ഉള്ളതുമായ എല്ലാ

സ്ഥാപനങ്ങളുടെയും പള്ളികളുടെയും വിവിധ ട്രസ്റ്റുകളുടെയും സൊസൈറ്റികളുടെയും ഇപ്പോഴുള്ള രജിസ്ട്രേഷൻ കാലാവധി 2026 മാർച്ച് 31ന് അവസാനിക്കും. 12 AB പ്രകാരമുള്ള ചാരിറ്റബിൾ രജിസ്ട്രേഷൻ പുതുക്കുന്നതിന് കാലാവധി അവസാനിക്കുന്നതിന് 6 മാസം മുമ്പ്, 2025 സെപ്തംബർ 30ന് മുമ്പ് ഓൺലൈൻ ആയി അപേക്ഷ സമർപ്പിക്കേണ്ടതാണ്. അപേക്ഷകൾ ഓരോരുത്തരുടെയും സ്റ്റാറ്റ്യൂട്ടറി ഓഡിറ്റർ വഴിതന്നെ സമർപ്പിക്കുക. താഴെ പറയുന്ന രേഖകളുടെ കോപ്പിസഹിതം നിങ്ങളുടെ ഓഡിറ്ററെ ബന്ധപ്പെടുക.

1. Copy of PAN Card
2. Official Email ID of Parish/Trust/Society
3. Official Mobile number of Parish/Trust/Society
4. Official Postal address of Parish/Trust/Society, with Pincode
5. Self certified copy of the incorporation document (society registration certificate/Trust Deed (along with Amendments, if any)/ Byelaw of the Church)
6. Decree from Archdiocesan Curia (for Church)
7. Self certified copy of the existing order of registration under section 12A (10AC) & 80 G (10AC) as the case may be.
8. Self certified copy of registration under FCRA, if applicable.
9. Details of the DARPAN, if any.
10. Self certified copies of annual accounts for the last 3 years (2021-22, 2022-23, 2023-24)
11. Details of all bank accounts (As per consolidated balance sheet) in the format given below

| Sl. No. | Bank | Account Number | IFSC Code |
|---|---|---|---|
| 1. | | | |
| 2. | | | |

12. Notes/report on the activities of charitable institution along with relevant photos of activities.

13. Details of all Trustees and authorized signatories in the format given below.

| Sl. No. | Name as in Aadhar | Relation/ Designation | PAN (linked to Aadhar)/ Aadhar No. | Mob. No as in Aadhar | Email | Address as in Aadhar | Pincode |
|---|---|---|---|---|---|---|---|
| 1. | | | | | | | |
| 2. | | | | | | | |

14. Copies of PAN Card and Aadhar Card of all authorized signatories.
15. Valid DSC (Digital Signature Certificate) of authorized signatories, if available.

മുകളിൽ പറഞ്ഞ എല്ലാ രേഖകളുടെയും ഒരു Hard Copyയും Soft Copyയും ബന്ധപ്പെട്ട ഓഡിറ്റേഴ്സിന് സമർപ്പിച്ച് 12AB Registration Renewal Application യഥാസമയത്ത് പൂർത്തിയാക്കേണ്ടതും അപ്ലിക്കേഷനായി തയ്യാറാക്കുന്ന എല്ലാ രേഖകളുടെയും ഒരു കോപ്പി പള്ളി ഓഫീസുകളിൽ സൂക്ഷിച്ചുവയ്ക്കേണ്ടതുമാണ്.

നമ്മുടെ ഇടവകകൾ ഡീംഡ് ട്രസ്റ്റുകളായതിനാൽ ട്രസ്റ്റ് ഡീഡിന് പകരമായി നിയമപ്രകാരം തയ്യാറാക്കിയ ഒരു ബൈലോയും, അഭിവന്ദ്യ പിതാവിന്റെ ഒരു ഡിക്രിയും (Refer 5 &6 above) അപേക്ഷയോടൊപ്പം സമർപ്പി ക്കേണ്ടതുണ്ട്. ഈ രേഖകൾ ലഭിക്കുന്നതിന് താഴെ നൽകിയിരിക്കുന്ന വിശദാംശങ്ങൾ അതിരൂപത ഫിനാൻസ് ഓഫീസിലേക്ക് വാട്ട്സ് ആപ്പ് (8289898168) ചെയ്യുക.

1. Official Name of the church
2. Postal Address of the church (including Pincode)
3. Door number (ward/house number) of presbytery/church
4. Panchayath/Muncipality/Corporation
5. Village
6. Taluk
7. District
8. Date of establishment of the church

NB: Please whatsapp a copy of the PAN Card of the church

**6. ഇന്റേണൽ ഓഡിറ്റ് സ്ഥാപനങ്ങൾ, സംഘടനകൾ**

സ്ഥാപനങ്ങളുടെയും സംഘടനകളുടെയും കണക്കുകൾ ഇന്റേണൽ ഓഡിറ്റിന് ചുമതലപ്പെടുത്തിയവരുടെ പേരുകൾ താഴെ

കൊടുക്കുന്നു. ബ. ഡയറക്ടറച്ചന്മാർ ഇക്കാര്യം ശ്രദ്ധിക്കുമല്ലോ. 2025 നവംബർ മാസം മുതലാണ് സ്ഥാപനങ്ങളുടെയും സംഘടനകളുടെയും തെരട്ട് സമർപ്പിക്കൽ ആരംഭിക്കുന്നത്. സ്ഥാപനങ്ങളുടെയും സംഘടനകളുടെയും ബ. ഡയറക്ടറച്ചന്മാർ ഇന്റേണൽ ഓഡിറ്റിന് വേണ്ടി ഒരുങ്ങി കഴിഞ്ഞാൽ അതാത് ഇന്റേണൽ ഓഡിറ്റിന് നിശ്ചയിക്കപ്പെട്ട അച്ചൻമ്മാരെ ബന്ധപ്പെട്ട് ഓഡിറ്റ് ചെയ്യുവാൻ വരുന്നതിന് പ്രത്യേകം ഓർമ്മപ്പെടുത്തേണ്ടതാണ്.

സ്ഥാപനങ്ങളുടെയും സംഘടനകളുടെയും തെരട്ട് സമർപ്പിക്കുന്ന തിയ്യതിയും സമയവും ആഗസ്റ്റ് മാസത്തെ ബുള്ളറ്റിനിൽ പ്രസിദ്ധീകരിക്കുന്നതാണ്.

1. ഫാ.ജോർജ്ജ് ചെറുവത്തൂർ(9447468387)
   ശ്രീ. ആന്റണിതോമസ് എം. (9447739870)
   1. ജൂബിലി മിഷൻ ഹോസ്പിറ്റൽ
   2. ജൂബിലി മിഷൻ മെഡിക്കൽ കോളേജ്
   3. ജൂബിലി മിഷൻ സ്കൂൾ ഓഫ് നേഴ്സിംഗ്
   4. ജൂബിലി മിഷൻ കോളേജ് ഓഫ് നേഴ്സിംഗ്
   5. കെ.സി.എസ്.എൽ
   6. ലോഫ്& AFC

2. ഫാ. ജോജു ആളൂർ (9446620881)
   ശ്രീ. തോമസ്സ് അഗസ്റ്റിൻ (9947470256)
   1. ഫാമിലി അപ്പസ്തോലേറ്റ് സെന്റർ, മാതൃവേദി, ജോൺ പോൾ പ്രോലൈഫ്, ഫാമിലി അപ്പസ്തോലേറ്റ് ബ്യൂറോ
   2. സൊസൈറ്റി ഓഫ് മേരി ഇമ്മാക്കുലേറ്റ്, വെസ്റ്റ് ഫോർട്ട്, ലിലിയൻ ഫോണ്ടസ്
   3. സെന്റ് ആൻസ് വെസ്റ്റ് ഫോർട്ട്
   4. സിസ്റ്റേഴ്സ് ഓഫ് സെന്റ് ജോസഫ് ദി വർക്കർ(എസ്. എസ്. ജെ.ഡബ്ല്യൂ)
   5. ഹോളി ചൈൽഡ് ഹുഡ്
   6. ഫ്രാൻസിസ്കൻ അസോസിയേഷൻ
   7. കുടുംബകൂട്ടായ്മ
   8. ചൈതന്യക്ലീനിക്
   9. ഡാമിയൻ ഇൻസ്റ്റിറ്റ്യൂട്ട്, മുളയം
   10. ഡാമിയൻ എസ്റ്റേറ്റ് മുളയം
   11. ഡാമിയൻ ജൂബിലി ശാന്തിഗ്രാം

3. ഫാ. വർഗ്ഗീസ് തരകൻ (9447350189)
   ശ്രീ. ആന്റണി തോമസ് എം.(9447739870)

1. ബൈബിൾ അപ്പസ്തോലേറ്റ്
2. തൊഴിൽ അഭ്യസന പീഠം
3. കെ.എൽ.എം./സാക്രിസ്റ്റ്യൻസ്
4. സെന്റ് മേരീസ് ഓർഫനേജ് പ്രൈവറ്റ് ഐ.ടി.ഐ
5. പോളിടെക്നിക് മാനേജ്മെന്റ് അക്കൗണ്ട് അളഗപ്പനഗർ
6. സ്പിരിച്ച്വൽ ആനിമേഷൻ സെന്റർ
7. കാത്തലിക് ആർച്ച്ബിഷപ്പ്സ് ഹൗസ്
8. സെന്റ് വിൻസെന്റ് ഡി പോൾ സൊസൈറ്റി

4. ഫാ. റാഫി തട്ടിൽ(9446872591)
ശ്രീ. തോമസ്സ് അഗസ്റ്റിൻ (9947470256)
1. മദ്യവിരുദ്ധ സമിതി (ടെമ്പറൻസ് മൂവ്മെന്റ്)
2. നെസ്റ്റ്, രാമവർമ്മപുരം
3. പഴുവിൽ ധ്യാനകേന്ദ്രം
4. സെന്റ് ജോർജ് ഹോസ്റ്റൽ
5. സെന്റ് തോമസ് ഹോസ്റ്റൽ
6. സെന്റ് തോമസ് കോളേജ്
7. സെന്റ് തോമസ് എജ്യുക്കേഷൻ സെന്റർ
8. കേരള കരിസ്മാറ്റിക് മൂവ്മെന്റ്
9. ക്രൈസ്റ്റ് വില്ല പൂവർ ഹോം, രാമവർമ്മപുരം
10. ആബാ റിന്യൂവൽ സെന്റർ
11. ബെത്സയ്ദ റീട്രീറ്റ് സെന്റർ

5. ഫാ. അജിത്ത് തച്ചോത്ത് (9633009921)
ശ്രീ. തോമസ് അഗസ്റ്റിൻ(9947470256)
1. മഹാജൂബിലി ട്രെയ്നിംഗ് കോളേജ്, മുള്ളൂർക്കര
2. റീജിണൽ പാസ്റ്ററൽ സെന്റർ, ചേലക്കര
3. ഫാ. തച്ചുപറമ്പിൽ ഓർഫനേജ്, ചേലക്കര
4. സെന്റ് ക്രിസ്റ്റീന ഹോം, പുല്ലഴി
5. സെന്റ് ജോസഫ്സ് ഹോം പുല്ലഴി
6. സെന്റ് ജോസഫ്സ് ഭവൻ പുല്ലഴി
7. നസ്രത്ത് സെന്റർ, മുള്ളൂർക്കര
8. സെന്റ് പോൾസ് ഗുരുകുലം, തിരുവില്വാമല

6. ഫാ. പോൾസൺ തട്ടിൽ (9446533069)
ശ്രീ. ഇ. കെ. ഫ്രാൻസിസ് (9745759676)
1. പോപ്പ് പോൾ മേഴ്സി ഹോം, പെരിങ്ങണ്ടൂർ

2. മാർ കുണ്ടുകുളം മെമ്മോറിയൽ റിസർച്ച് & റീഹാബിലിറ്റേഷൻ സെന്റർ

3. പോപ്പ് പോൾ പീസ് ഹോം, പെരിങ്ങണ്ടൂർ

4. കലാസദൻ

5. കാത്തലിക് നഴ്സസ് ഗിൽഡ്

6. കാത്തലിക് സെന്റർ/പാസ്റ്ററൽ സെന്റർ

7. കത്തോലിക്കാസഭാമാഗസിൻ

8. കത്തോലിക്കാസഭാ പിൽഗ്രിമെജ്

9. കാത്തലിക് ഇൻഫർമേഷൻ സെന്റർ

10. സാവിയോ ഹോം, മനക്കൊടി

11. പബ്ലിക് റിലേഷൻസ് & ഡയോമീഡിയ

12 ടിംഹാൻസ്, പെരിങ്ങണ്ടൂർ

7. ഫാ. ഫിനോഷ് കീറ്റിക്ക (9995879235)
ശ്രീ. സി.പി. ജോസ് (9249898575)

1. വിശ്വാസ പരിശീലനം

2. വിശ്വാസ പരിശീലനം - ടെക്സ്റ്റ് ബുക്ക് അക്കൗണ്ട്

3. വിശ്വാസ പരിശീലനം - ബുക്ക് സ്റ്റാൾ

4. ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് തിയോളജി

5. ഡി.ബി.സി.എൽ.സി

6. ഡി.ബി.സി.എൽ.സി ലൈബ്രറി അക്കൗണ്ട്

7. എക്സൽ അക്കാദമി

8. സെന്റ് ജോസഫ് ബാലസദൻ, അവിണിശ്ശേരി

9. കാത്തലിക് ടീച്ചേഴ്സ് ഗിൽഡ്

10. തിരുബാലസംഖ്യം

11. സി.എൽ.സി

12. അൾത്താര സംഘം

13. ജീസസ്സ് യൂത്ത്

14. ചർച്ച് ക്വയർ

8. ഫാ. ജോജു ചിരിയങ്കണ്ടത്ത് (9961888515)
ശ്രീ എം.ഡി. ആന്റോ (9895242706)

1. എം. ഐ. ഹോസ്പ്പിറ്റൽ ഏങ്ങണ്ടിയൂർ

2. എം. ഐ. ഹോസ്പ്പിറ്റൽ നഴ്സിംഗ് സ്കൂൾ, ഏങ്ങണ്ടിയൂർ

3. സെന്റ് ജോസഫ് ഇംഗ്ലീഷ് മീഡിയം സ്കൂൾ, കുരിയച്ചിറ

4. ടി.ടി.ഐ. കുരിയച്ചിറ

5. ഐ.സി.എസ്. ഇ. പബ്ലിക് സ്കൂൾ കുരിയച്ചിറ
6. ഹോളിക്രോസ് സി.ബി.എസ്.ഇ സ്കൂൾ. ആർത്താറ്റ്

9. ഫാ. ഷിജോ മാപ്രാണത്തുക്കാരൻ (8547607029)
ശ്രീ. ജോസ്.വി. വടക്കേത്തല (9495888206)
   1. കെ.സി.വൈ.എം.
   2. കത്തോലിക്ക കോൺഗ്രസ്
   3. യൂത്ത്മിനിസ്ട്രി
   4. ലേ ലീഡർഷിപ്പ്
   5. ലീജിയൻ ഓഫ് മേരി
   6. സോഷ്യൽ ആക്ഷൻ
   7. സോഷ്യൽ വെൽഫെയർ സെന്റർ
   8. സോഷ്യൽ ഹൗസിംഗ് സെന്റർ
   9. സേവ് എ. ഫാമിലി പ്ലാൻ
   10. സ്ലം സർവ്വീസ്
   11. സാന്ത്വനം
   12. SWIFT

10. എവുപ്രാസ്യ തീർത്ഥകേന്ദ്രം

11. ഫാ. ജോഷി ആളൂർ (9495337733)
ശ്രീ. ജോസ് വി. വടക്കേത്തല (9495888206)
   1. മേരിമാത മേജർ സെമിനാരി & ങടഅം
   2. ഹോം ഓഫ് ലവ് , മുളയം
   3. മാർ കുണ്ടുകുളം ട്രസ്റ്റ്, കാത്തലിക് ബിഷപ്സ് ഹൗസ്
   4. കരുണട്രസ്റ്റ് , കാത്തലിക് ബിഷപ്സ് ഹൗസ്
   5. സെന്റ് മേരീസ് മൈനർ സെമിനാരി
   6. കോർപ്പറേറ്റ് എജ്യുക്കേഷണൽ ഏജൻസി
   7. പ്രീസ്റ്റ് വെൽഫയർ ഫണ്ട്
   8. PAROC

**ഫാ. ഫ്രാൻസിസ് പള്ളിക്കുന്നത്ത്**
പ്രൊക്യുറേറ്റർ

**ഫാ. സാജൻ വടക്കൻ**
അസി. പ്രൊക്യുറേറ്റർ

# വിശ്വാസ പരിശീലനം

## കുട്ടികൾക്കുള്ള കത്ത്

ഈശോയുടെ പ്രിയ കുഞ്ഞുമക്കളെ,

ഓഗസ്റ്റ് മാസം നമ്മെ സംബന്ധിച്ച് വലിയ സന്തോഷത്തിന്റെ അവസരമാണല്ലോ. ഓഗസ്റ്റ് 15 പരിശുദ്ധ കന്യകാമറിയത്തിന്റെ സ്വർഗ്ഗാരോപണ തിരുനാളും ഭാരതത്തിന്റെ സ്വാതന്ത്ര്യദിനവും നമ്മൾ ആഘോഷിക്കുന്നു. എല്ലാവർക്കും ഈ ദിനത്തിന്റെ പ്രാർത്ഥനകളും ആശംസകളും സ്നേഹപൂർവ്വം നേരുന്നു. അന്നേ ദിവസം നിങ്ങളുടെ സ്കൂളുകളിലും ഇടവകകളിലും നടത്തുന്ന എല്ലാ പ്രവർത്തങ്ങളിലും പങ്കുചേരുമല്ലോ. നമ്മുടെ നാടിന് സ്വാതന്ത്ര്യം ലഭിക്കുന്നതിന്‌വേണ്ടി അധ്വാനിച്ച എല്ലാ നേതാക്കന്മാരെയും നമുക്ക് അഭിമാനത്തോടെ ഓർക്കാം.

ഈ ഭൂമിയിൽ സഹനങ്ങൾ നിറഞ്ഞതെങ്കിലും സ്വാതന്ത്ര്യത്തോടെ ജീവിച്ച വ്യക്തിയായിരുന്നു പരിശുദ്ധ അമ്മ. അങ്ങനെയും ഒരു ജീവിതമുണ്ട്. സഹനങ്ങളിലും സ്വാതന്ത്ര്യമനുഭവിക്കുക. സത്യത്തിൽ ജീവിക്കുന്നവർക്കേ അത് ആനന്ദിക്കാനാകൂ എന്നു മാത്രം. 'സത്യം നിങ്ങളെ സ്വതന്ത്രരാക്കും'' (യോഹ. 8/32). സ്വാതന്ത്ര്യത്തിലേയ്ക്കുള്ള താക്കോലാണ് സത്യം. എന്താകുന്നു സത്യം? എന്ന പീലാത്തോസിന്റെ ചോദ്യമുണ്ട് (യോഹ. 18/38). സത്യമെന്തെന്ന് തിരിച്ചറിയേണ്ടത് പ്രധാനപ്പെട്ടതാണ്. നേരിൽ ജീവിക്കാത്തവരും സത്യത്തെ തിരിച്ചറിയാത്തവരും കപട സ്വാതന്ത്ര്യത്തിലാണ്. സത്യത്തെ തിരിച്ചറിയുക പ്രധാനപ്പെട്ടതാണ്. കാരണം, കള്ളങ്ങൾ പോലും സത്യത്തിന്റെ നിറത്തിൽ അവതരിക്കുന്ന കാലഘട്ടത്തിലാണ് നമ്മൾ ജീവിക്കുന്നത്. ഈശോ പറയുന്നു: 'ഞാനാകുന്നു വഴിയും സത്യവും ജീവനും' (യോഹ.14/6). നിത്യസത്യമായ ഈശോയെ തിരിച്ചറിയുകയും ആ സത്യത്തിൽ ജീവിക്കുകയും ചെയ്യുന്നവരാണ് സ്വാതന്ത്ര്യത്തിൽ ജീവിക്കുന്നത്.

ഭാരതത്തിന്റെ സ്വാതന്ത്ര്യദിനം നമ്മൾ ആഘോഷിക്കുമ്പോൾ പൗര സ്വാതന്ത്ര്യം നിഷേധിക്കപ്പെടുന്ന നവീന തന്ത്രങ്ങളെക്കുറിച്ച് ബോധവാന്മാരാകുകയും പ്രതിഷേധിക്കുകയും ചെയ്യേണ്ട സമയം അതിക്രമിച്ചിരിക്കുന്നു. മാറിമാറി വരുന്ന രാഷ്ട്രീയ ചിന്തകരും നിശബ്ദമാ

ക്കപ്പെടുന്ന പൊതുജനവും അന്യമാകുന്ന പൊതുബോധവും എന്തെങ്കിലുമാകട്ടെ എന്ന ചിന്തയും സ്വാതന്ത്ര്യം സ്വയം തടസ്സപ്പെടുത്തുന്ന വിപത്തുകളാണ്. ഈ സ്വാതന്ത്ര്യത്തെ മുതലെടുക്കുന്ന മുഖംമൂടിയണിഞ്ഞ രാഷ്ട്രീയ നേതൃത്വങ്ങളും നവീന ഭാരതത്തിന്റെ വലിയ ശാപമാണ്. സ്വാതന്ത്ര്യവും അവകാശങ്ങളും ആരുടെയും സ്വന്തമല്ല, എല്ലാവരുടേതുമാണെന്ന പൊതുബോധത്തോടെ ഒരുമിച്ച് പ്രതികരിക്കാൻ നാം ഉണരണം. ഒന്നിച്ച് കൈക്കോർക്കണം.

എല്ലാവർക്കും ഒരിക്കൽകൂടി സ്വാർഗ്ഗാരോപണതിരുനാളിന്റെയും സ്വാതന്ത്ര്യദിനത്തിന്റെയും ആശംസകൾ.

മിശിഹായിൽ സ്നേഹപൂർവ്വം,



**മാർ ആൻഡ്രൂസ് താഴത്ത്**

തൃശ്ശൂർ അതിരൂപത മെത്രാപ്പോലീത്ത

## വിശ്വാസപരിശീലനകേന്ദ്രം

*പരിശുദ്ധ കന്യകാമറിയത്തിന്റ സ്വർഗ്ഗാരോപണ തിരുനാളിന്റെയും ഭാരതത്തിന്റെ സ്വാതന്ത്ര്യദിനത്തിന്റെയും ആശംസകൾ എല്ലാവർക്കും നേരുന്നു.*

സ്വാതന്ത്ര്യത്തെ ദൈവികപദ്ധതിയോടുചേർന്ന് വിനിയോഗിച്ച പരിശുദ്ധ അമ്മയുടെ മാതൃക നമുക്ക് പ്രചോദനമാകട്ടെ. നമ്മുടെ രാജ്യത്തിന്റെ സ്വാതന്ത്ര്യം അഭംഗുരം സംരക്ഷിക്കാൻ നമുക്ക് നിലകൊള്ളാം. രാജ്യം സാഹോദര്യത്തിലും സഹവർത്തിത്വത്തിലും സമാധാനത്തിലും നന്മയിലും സമൃദ്ധിയിലും മതേതരത്വത്തിലും പുരോഗമിക്കുന്നതിന് നമുക്ക് പ്രാർത്ഥിക്കാം പ്രയത്നിക്കാം. ക്രിസ്തുവിന്റെ സുവിശേഷോപദേശങ്ങൾക്ക് സാക്ഷ്യം നൽകാൻ സദാ സന്നദ്ധരാകാം. അതിന് ദൈവമാതാവായ പരിശുദ്ധ കന്യകാമറിയത്തിന്റെയും വൈദികരുടെ മധ്യസ്ഥനായ വി. ജോൺ മരിയ വിയാനിയുടെയും വി. എവുപ്രാസ്യയുടെയും മാധ്യസ്ഥ്യം നമ്മെ സഹായിക്കട്ടെ.

**I. ഞായറാഴ്ച വിശ്വാസപരിശീലനം വാർത്തകൾ**

**1. വിശ്വാസപരിശീലകർക്കുള്ള സംവാദസദസ്സ്**

വിശ്വാസ പരിശീലകരുടെ സംവാദ സദസ്സ് ഇടവകകളിൽ

നടന്നുകൊണ്ടിരിക്കുന്നു. വിശ്വാസപരിശീലകരുടെ തുടർപരിശീലനത്തിന്റെ ഭാഗമായി നമ്മുടെ അതിരൂപതയുടെ വിശ്വാസപരിശീലന കേന്ദ്രം ഡയറക്ടർ/ അസി. ഡയറക്ടർ, ഓരോ ഇടവകയിലേയും വിശ്വാസപരിശീലകരെ സന്ദർശിച്ച് അവരുമായി സംവദിക്കുന്നു. ഇതിനെക്കുറിച്ചുള്ള കൂടുതൽ വിവരങ്ങൾ നേരിട്ട് അറിയിച്ചിട്ടുള്ളതാണ്. ഇതുമായി ബന്ധപ്പെട്ട വിവരങ്ങൾക്കായി വിശ്വാസപരിശീലനകേന്ദ്രത്തിലെ പ്രോഗ്രാം കോർഡിനേറ്റർ ശ്രീ തോമസ് മാസ്റ്ററെ ബന്ധപ്പടുക. മൊബൈൽ നമ്പർ: 9400791384.

ഡയറക്ടർ/അസി. ഡയറക്ടർ സന്ദർശിച്ച (ജൂലായ് 15) യൂണിറ്റുകൾ: ചേലക്കര, ചെറുതുരുത്തി, എളനാട്, കിള്ളിമംഗലം, മണലാടി, മായന്നൂർ, മുള്ളൂർക്കര, ആറ്റത്തറ, എരുമപ്പെട്ടി.

**2. ഏകദിന സെമിനാർ**

5,6,3,4, എന്നീ ക്ലാസ്സുകളിലെ വിശ്വാസപരിശീലകർക്ക് ജൂലൈ 6, 13, തിയതികളിലായി ഏകദിന സെമിനാറുകൾ നടന്നു. റവ. ഡോ. അലക്സ് മരോട്ടിക്കൽ, റവ. ഡോ. സിജോൺ കുഴിക്കാട്ടുമ്യാലിൽ, റവ. ഡോ. മരിയദാസ് OIC എന്നിവർ ക്ലാസ്സുകൾ നയിച്ചു. ക്ലാസ്സ് തിരിച്ച് മാതൃകാ ചോദ്യങ്ങൾ തയ്യാറാക്കൽ എന്നിവയും ഉണ്ടായിരുന്നു. നാല് ആഴ്ചകളിലായി നടന്ന സെമിനാറിൽ 2540 വിശ്വാസപരിശീലകർ പങ്കെടുത്തു.

**3. നവാധ്യാപകർക്കുള്ള കോഴ്സ്**

വിശ്വാസപരിശീലകരായി പുതിയതായി ചേരുന്ന യുവജനങ്ങൾക്ക് (അവിവാഹിതർ) വേണ്ടിയുള്ള കോഴ്സാണിത്. രണ്ടാമത്തെ ബാച്ച് ആഗസ്റ്റ് 08–10 തിയതികളിൽ ഡി.ബി.സി.എൽ.സി.യിൽ വെച്ച് നടക്കുന്നു. ബാച്ചിൽ പൂർണ്ണമായി പങ്കെടുത്തവർക്ക് സർട്ടിഫിക്കറ്റ് നൽകുന്നു. ഈ കോഴ്സിൽ പങ്കെടുക്കുന്നവർ 10 വർഷത്തിനുള്ളിൽ ബേസിക് സിടിസി കോഴ്സിൽ പങ്കെടുത്താൽ മതിയാകും. രജിസ്ട്രേഷൻ ഫീസ് 400 രൂപ. ഈ കോഴസിൽ ഈ വർഷത്തെ ആദ്യത്തെ ബാച്ച് ജൂലായ് 11 മുതൽ 13 വരെയുള്ള തിയതികളിൽ ഡി.ബി.സി.എൽ.സി.യിൽ വെച്ച് നടന്നു. 26 അധ്യാപകർ കോഴ്സിൽ പങ്കെടുത്തു. സർട്ടിഫിക്കറ്റുകൾ നൽകി.

**4. ക്രിസ്ഫോം**

എ.സി.സി., 12 ക്ലാസ്സുകാർക്കുള്ള ക്രിസ്തീയ ജീവിത പരിശീലന പരിപാടിയായ ക്രിസ്ഫോമിന്റെ 2 ബാച്ചുകൾ ജൂലായ് 4–6, 18–20 തിയതികളിലായി ഡി.ബി.സി.എൽ.സി.യിൽ വെച്ച് നടന്നു. 122 വിദ്യാർത്ഥികൾ പങ്കെടുത്തു. വിദ്യാർത്ഥികൾക്ക് സർട്ടിഫിക്കറ്റുകൾ നൽകി. ആഗസ്റ്റ് മാസത്തിലെ ഫൊറോനകളുടെ ലിസ്റ്റ് താഴെ

കൊടുത്തിരിക്കുന്നു.

ആഗസ്റ്റ് 01–03 ബാച്ച് 4 (പുതുക്കാട്, പറപ്പൂർ) ആഗസ്റ്റ് 22–24 ബാച്ച് 5 (1 മുതൽ 4 വരെയുള്ള ബാച്ചുകളിലെ ഫൊറോനകൾക്കായി നിശ്ചയിക്കപ്പെട്ട ദിവസങ്ങളിൽ പങ്കെടുക്കാൻ പറ്റാത്ത വിദ്യാർത്ഥികൾക്കായി) ഓരോ ഫൊറോനക്കും നിശ്ചയിച്ച തിയതിയിൽ പങ്കെടുക്കാനുള്ള വിദ്യാർത്ഥികളുടെ പേരുവിവരങ്ങൾ സോഫ്റ്റ് വെയറിൽ രജിസ്റ്റർ ചെയ്യേണ്ടതാണ്.

**5. XI, XII വിശ്വാസപരിശീലകർക്ക് ഓൺലൈൻ**

ക്ലാസ്സ് 11, 12 ക്ലാസ്സുകളിലെ വിശ്വാസപരിശീലകർക്ക് ഓൺലൈൻ പഠനക്ലാസ്സ് നടന്നുകൊണ്ടിരിക്കുന്നു. പാഠഭാഗത്തിന്റെ അന്തസത്ത, അതു വിശദീകരിക്കേണ്ട വിധം, പ്രവർത്തനങ്ങൾ തുടങ്ങിയവയെല്ലാം ഓരോ പാഠം തുടങ്ങുന്നതിനു മുമ്പായി പരിചയപ്പെടുത്തികൊടുക്കുന്നു. പാഠപുസ്തകത്തിന്റെ രചനയുമായി നേരിട്ട് ബന്ധമുള്ളവരാണ് ക്ലാസ്സെടുക്കുന്നവർ. ഓൺലൈൻ പഠനക്ലാസ്സിന്റെ തിയതികൾ വാട്സാപ്പ് ഗ്രൂപ്പുകളിലുടെ മുൻകൂട്ടി അറിയിക്കുന്നതാണ്. വൈകീട്ട് 08.30 മുതൽ 09.30 വരെയാണ് ക്ലാസ്സ് നടത്തുന്നത്.

**6. മാതാപിതാക്കൾക്കുള്ള പരിശീലനം**

മാതാപിതാക്കൾക്കായി അതിരൂപത വിശ്വാസപരിശീലന കേന്ദ്രം ഇടവകതലത്തിൽ ഒരുക്കുന്ന ശില്പശാല ക്രിസ്ദോമുസ് നടന്ന യൂണിറ്റുകൾ: കുമ്പളങ്ങാട്, പൂച്ചിണ്ണിപ്പാടം. ബുക്കിംഗിനായി 9188131311 എന്ന നമ്പറിൽ ഓഫീസ് സമയത്ത് (9.30 AM - 5.00PM) ബന്ധപ്പെടുക.

അതിരൂപത തലത്തിലും ഇടവകതലത്തിലും വിശ്വാസ പരിശീലകർക്കും വിശ്വാസപരിശീലന വിദ്യാർത്ഥികൾക്കും നടക്കുന്ന വിവിധ പരിപാടികൾക്ക് നേതൃത്വം നൽകുന്ന ബഹു. വികാരിയച്ചന്മാർക്കും പ്രിൻസിപ്പൽമാർക്കും വിശ്വാസപരിശീലകർക്കും നന്ദി അറിയിക്കുന്നു.

## II. അറിയിപ്പുകൾ

**1. അതിരൂപത കാറ്റക്കെറ്റിക്കൽ കൗൺസിൽ എക്സിക്യൂട്ടീവ് കമ്മിറ്റി**

ആഗസ്റ്റ് 2-ന് 5 PMന് ഡി.ബി.സി.എൽ.സി.യിൽ വെച്ച് അതിരൂപത കാറ്റക്കെറ്റിക്കൽ കൗൺസിൽ എക്സിക്യൂട്ടീവ് കമ്മിറ്റി യോഗം ചേരുന്നു. എക്സിക്യൂട്ടീവ് കമ്മിറ്റി അംഗങ്ങൾ എല്ലാവരും പങ്കെടുക്കുമല്ലോ.

**2. ഇടവകതല കാറ്റക്കെറ്റിക്കൽ കൗൺസിൽ**

ഇടവകതല കാറ്റക്കെറ്റിക്കൽ കൗൺസിൽ ഈ മാസം ബഹു. വികാരിയച്ചന്മാരുടെ അധ്യക്ഷതയിൽ സമ്മേളിച്ച് ഇടവക കാറ്റക്കെറ്റിക്കൽ കൗൺസിൽ ഭാരവാഹികളേയും ഫൊറോന കാറ്റക്കെറ്റിക്കൽ കൗൺസിലിലേക്കുള്ള പ്രതിനിധികളേയും (5 അംഗങ്ങൾ) തിരഞ്ഞെടുത്ത് അവരുടെ പേര്, ഫോൺ നമ്പർ എന്നിവ 31-08-2025 ന് മുമ്പ് ഫൊറോന പ്രമോട്ടറെ അറിയിക്കേണ്ടതാണ്.

**3. Catechism Convocation Day & Merit Day 2025**

തിയതി: 2025 ആഗസ്റ്റ് 15 വെള്ളി

സ്ഥലം : ഡി.ബി.സി.എൽ.സി

അവാർഡ് പൊതുസമ്മേളനം: 2 PM (01.30 PM രജിസ്ട്രേഷൻ)

താഴെ പറയുന്നവയ്ക്കുള്ള സമ്മാനങ്ങളാണ് അന്ന് നൽകുന്നത്. സമ്മാനർഹരായവരെ യൂണിറ്റധികൃതർ അറിയിക്കുമല്ലോ.

1. എ സി സി, പ്ലസ്ടു റാങ്ക് ജേതാക്കൾ
2. ഞായറാഴ്ച വിശ്വാസപരിശീലനം, സ്കൂൾ കാറ്റകിസം, മോറൽ സയൻസ് സ്കോളർഷിപ്പ് പരീക്ഷയിൽ റാങ്ക് നേടിയവർ
3. ഞായറാഴ്ച വിശ്വാസപരിശീലനം 1 മുതൽ എസിസി വരെയുള്ള ക്ലാസ്സുകളിൽ (15 വർഷം) മുടങ്ങാതെ വന്നവർ
4. എക്സലൻസ് അവാർഡിനർഹരായവർ
5. മിഷൻ ക്വിസ്സ് ജേതാക്കൾ
6. അക്കാദമിക് തലത്തിൽ കൂടുതൽ പോയിന്റ് നേടിയ സ്കൂളുകൾ
7. ഇതിനും പുറമേ എ.സി.സി. വിജയകരമായി പൂർത്തിയാക്കിയ വിദ്യാർത്ഥികൾക്ക് ഈ മീറ്റിംഗിൽ വെച്ച് സർട്ടിഫിക്കറ്റ് നൽകുന്നു.

**4. ACC യൂണിവേഴ്സിറ്റി രജിസ്ട്രേഷൻ ആഗസ്റ്റ് 16 മുതൽ 26 വരെ**

<u>ശ്രദ്ധിക്കേണ്ട കാര്യങ്ങൾ</u>

1. സ്റ്റുഡന്റ്സ് ലിസ്റ്റിലെ XII Pass ൽ നിന്നും എ. സി. സി. പഠിക്കുന്ന വിദ്യാർത്ഥികളെ മാത്രം എഡിറ്റ് ചെയ്ത് ACC I ലേക്ക് മാറ്റുക. കൂടാതെ സെക്കന്റ് ഇയറിലും തേർഡ് ഇയറിലും ഏതെങ്കിലും കുട്ടികൾ പഠിക്കുന്നില്ലെങ്കിൽ അവരെ ഡിആക്റ്റിവേറ്റ് ചെയ്യുക, എല്ലാ വിദ്യാർത്ഥികളുടേയും ഫോട്ടോ ഉണ്ടെന്ന് ഉറപ്പാക്കുക, പ്രീവിയസ് ഇയർ മാർക്ക് എൻട്രി സേവ് ചെയ്യുക

2. രജിസ്ട്രേഷൻ ഫോമിൽ വികാരിയച്ചന്റെ പേരും, പ്രിൻസിപ്പാളിന്റെ പേരും ശരിയാണോയെന്ന് നോക്കുകയും അല്ലെങ്കിൽ സോഫ്റ്റ് വെയറിൽ കറക്ട് ചെയ്യുകയും ചെയ്യേണ്ടതാണ്. അതിനുശേഷമാണ് പ്രിന്റ് എടുക്കേണ്ടത്.

3. എല്ലാ അപ്ഡേഷനുകൾക്കുംശേഷം എ.സി.സി. മാനേജ്മെന്റിൽ നിന്നും യൂണിവേഴ്സിറ്റി രജിസ്ട്രേഷൻ ഫോം ഡൗൺലോഡ് ചെയ്ത് (രജി. ഫീസ് ഒരു കുട്ടിക്ക് 100 രൂപ) പ്രിന്റ് എടുത്ത് ആഗസ്റ്റ് 16 മുതൽ 26 വരെ വിശ്വാസപരിശീലനകേന്ദ്രത്തിൽ സമർപ്പിക്കാവുന്നതാണ്. ഈ വർഷം എ.സി.സി. പഠിക്കുന്ന (ഫസ്റ്റ് ഇയർ, സെക്കന്റ് ഇയർ, തേർഡ് ഇയർ) എല്ലാ വിദ്യാർത്ഥികളും ഈ രജിസ്ട്രേഷൻ നടത്തേണ്ടതാണ്. ഫോമുകളിൽ വികാരി, പ്രിൻസിപ്പൽ, രക്ഷിതാവ്, വിദ്യാർത്ഥി എന്നിവരുടെ ഒപ്പും യൂണിറ്റിന്റെ സീലും ഉണ്ടായിരിക്കേണ്ടതാണ്.

**5. യൂണിറ്റ് വിസിറ്റ്**

ആഗസ്റ്റ് 3 മുതൽ യൂണിറ്റ് വിസിറ്റ് ആരംഭിക്കുന്നു. എല്ലാ യൂണിറ്റുകളും ഒരുങ്ങേണ്ടതാണ്.

## III. സ്കൂൾ കാറ്റകിസം

**1. മെറിറ്റ് ഡേ**

തിയതി : 2025 ആഗസ്റ്റ് 15 വെള്ളി

സ്ഥലം : ഡി.ബി.സി.എൽ.സി.

അവാർഡ് പൊതുസമ്മേളനം: 2 PM

സ്കോളർഷിപ്പ് പരീക്ഷയിൽ സമ്മാനർഹരായവരെ സ്കൂളധികൃതർ പറഞ്ഞയയ്ക്കേണ്ടതാണ്

**2. അർദ്ധവാർഷിക പരീക്ഷ – സെപ്റ്റംബർ 26 വെള്ളി**

കാലത്ത് – I, III, V, VII, IX, XI

ഉച്ചകഴിഞ്ഞ് – II, IV, VI, VIII, X, XII

സ്കൂൾ കാറ്റകിസം ആവശ്യങ്ങൾക്കായി 918813131 ഈ നമ്പറിൽ വിളിക്കുക.

**ഫാ. സൈജോ തൈക്കാട്ടിൽ**
ഡയറക്ടർ

**ഫാ. സനൽ മാളിയേക്കൽ**
അസി. ഡയറക്ടർ

# സെന്റ് മേരീസ് മൈനർ സെമിനാരി

**നവാഗതർക്ക് സ്വാഗതം**

2025 ജൂൺ 8, ഞായറാഴ്ച, തൃശ്ശൂർ അതിരൂപത മൈനർ സെമിനാരിയിലേക്ക് വൈദീക പരിശീലനത്തിനായി എത്തിച്ചേർന്ന 14 പേർക്ക് ഹൃദ്യമായ സ്വാഗതമേകി.

അവരെ സ്നേഹത്തോടെ പ്രാർത്ഥിച്ച് ഒരുക്കിയ എല്ലാ മാതാപിതാക്കൾക്കും, വൈദികർക്കും ഹൃദയം നിറഞ്ഞ നന്ദി അറിയിക്കുന്നു. ഈ വർഷം മൈനർ സെമിനാരിയിൽ രണ്ടാം വർഷ വൈദീക വിദ്യാർത്ഥികളായി പത്ത് പേരും, മൂന്നാം വർഷ വൈദീക വിദ്യാർത്ഥികളായി 6 പേരുമാണ് ഉള്ളത്. എല്ലാവരെയും പ്രാർത്ഥനയിൽ ഓർക്കുമല്ലോ.

**അദ്ധ്യയനവർഷ ഉദ്ഘാടനം**

പുതിയ അധ്യയനവർഷത്തിന്റെ ഉദ്ഘാടനം, 2025 ജൂൺ 9, തിങ്കളാഴ്ച അതിരൂപത ഫിനാൻസ് ഓഫീസർ ബഹു. ഫ്രാൻസീസ് പള്ളിക്കുന്നത്ത് അച്ചൻ നിർവഹിച്ചു.

**അഭിവന്ദ്യപിതാക്കന്മാരുടെ ദിവ്യബലിയർപ്പണം**

2025 ജൂൺ 12, വ്യാഴാഴ്ച, അഭിവന്ദ്യ മാർ ടോണി നീലങ്കാവിൽ പിതാവ് വി. ബലിയർപ്പിച്ച് സന്ദേശം നൽകുകയും, പിതാവിന്റെ നാമഹേതുകതിരുനാൾ സെമിനാരിയിൽ സമുചിതമായി ആഘോഷിക്കുകയും ചെയ്തു.

ജൂൺ 18, ജൂലൈ 11 തിയതികളിൽ അഭിവന്ദ്യ മാർ ആൻഡ്രൂസ് താഴത്ത് പിതാവും വി. കുർബാന അർപ്പിക്കാനായി എത്തിച്ചേരുകയുണ്ടായി.

**ദുക്റാന തിരുനാൾ**

ജൂലൈ 3 മാർതോമാശ്ലീഹായുടെ ദുക്റാനതിരുനാൾ ആഘോഷം ഉണ്ടായിരുന്നു: രാവിലെ 6.30ന് ആഘോഷമായ റാസയായിരുന്നു. അഭിവന്ദ്യ മാർ ടോണി നീലങ്കാവിൽ പിതാവ് വൈകീട്ട് 6.30ന് എക്യുമെനിക്കൽ മീറ്റിംഗ് ഉദ്ഘാടനം ചെയ്തു സംസാരിച്ചു. മൈനർ സെമിനാരിയിലെ വൈദികവിദ്യാർഥികൾ അവതരിപ്പിച്ച നാടകവും ഉണ്ടായിരുന്നു.

**സന്ദർശകദിവസം**

ജൂലൈ ആറാം തിയതി എല്ലാ സെമിനാരിക്കാരുടെയും മാതാ

പിതാക്കളും കുടുംബാംഗങ്ങളും ഇവരെ സന്ദർശിക്കാൻ എത്തിയിരുന്നു.

**ബേഴ്സ് സ്ഥാപിച്ചവർ**

1. ശ്രീമതി ലില്ലി തോമാസ്, മുരിങ്ങത്തേരി ഹൌസ്, എരുമപ്പെട്ടി
2. റവ. ഫാ. ജെയിംസ് ഇഞ്ചോടിക്കാരൻ, തൃശ്ശൂർ അതിരൂപത
3. ശ്രീ പുത്തൂക്കര ചാക്കുണ്ണി പൊറിഞ്ചു & ശ്രീമതി റോസ പൊറിഞ്ചു, വടക്കാഞ്ചേരി
4. ശ്രീ സോളമൻ പി.എസ്., S/o പുത്തൂക്കര സ്കറിയ & ജാൻസി, വടക്കാഞ്ചേരി
5. ശ്രീ സണ്ണി, കാട്ടൂക്കാരൻ ഹൗസ്, ഒല്ലൂർ
6. ഒരു വിശ്വാസി, അന്തിക്കാട്
7. ശ്രീമതി ഫിലോമിന മാത്യു, & മനീഷ ജോഷി, തേറാട്ടിൽ ഹൗസ്, ഒളരിക്കര
8. ശ്രീ ഹാരിസൺ പുറത്തൂർ വർഗീസ്.
9. ശ്രീമതി മേരി മാത്യു, താഴത്ത് ഹൗസ്, കോനിക്കര
10. ശ്രീ സുമിറ്റ് മാത്യു, കുന്നുങ്കൽ ഹൗസ്, തെലങ്കാന
11. ശ്രീ ജോസ് എം. വി. മടക്കായി ഹൗസ്, ചേർപ്പ്.
12. ശ്രീ വിൻസെൻറ് കെ. വി. കുറ്റിക്കാടൻ ഹൗസ്, പെരിഞ്ചേരി

നന്ദിയോടെ, സ്നേഹത്തോടെ, എല്ലാ ഉപകാരികൾക്കുംവേണ്ടി പ്രാർഥിക്കുന്നു.

**ഫാ. ജോയ് പുത്തൂർ**
റെക്ടർ

# മേരിമാതാ മേജർ സെമിനാരി

**മാസധ്യാനം**

സെമിനാരിയിലെ ഈ അദ്ധ്യയന വർഷത്തിലെ ആദ്യത്തെ മാസധ്യാനം ജൂൺ 13, 14 തീയതികളിൽ നടന്നു. ബഹുമാനപ്പെട്ട ലിജോ ചാലിശ്ശേരി അച്ചനാണ് മാസധ്യാനം നയിച്ചത്.

**ക്വയർ സെലക്ഷൻ**

സെമിനാരി ഗായകസംഘത്തിലേക്കുള്ള സെലക്ഷൻ ജൂൺ 19ന് നടത്തി. തിരൂർ ഇടവകയിലെ ഗായസംഘത്തിലെ രണ്ടുപേരാണ് വിധികർത്താക്കൾ ആയിരുന്നത്. 12 പേർക്ക് ഗായക സംഘത്തിലേക്ക് സെലക്ഷൻ കിട്ടി.

**ദൈവശാസ്ത്ര വിഭാഗത്തിന്റെ ഫീസ്റ്റ് ആഘോഷം**

ദൈവശാസ്ത്ര വിഭാഗത്തിന്റെ സെക്ഷൻ ഫീസ്റ്റ് ജൂലൈ 2ന് ആഘോഷിച്ചു. തിരുകർമ്മങ്ങൾക്ക് കാർമികത്വം വഹിച്ചത് ഒന്നാം വർഷ ദൈവശാസ്ത്ര വൈദിക വിദ്യാർഥികളുടെ ആനിമേറ്ററായ ബഹുമാനപ്പെട്ട ലിജോ ചാലിശ്ശേരി അച്ചനാണ്. അന്നേ ദിവസത്തെ സന്ദേശം നൽകിയത് മൂന്നാം വർഷ ദൈവശാസ്ത്ര വൈദിക വിദ്യാർഥിയായ ബ്രദർ പ്രിൻസ് ആറുകാക്കൽ ആയിരുന്നു.

**ദുക്റാന തിരുനാൾ ആഘോഷം**

ജൂലൈ 3ന് മേരിമാതാ മേജർ സെമിനാരിയിൽ ദുക്റാന തിരുനാൾ ആഘോഷിച്ചു. രാവിലെ പ്രഭാത പ്രാർത്ഥനയ്ക്ക്ശേഷം ബഹുമാനപ്പെട്ട പോൾ പുളിക്കൻ അച്ചന്റെ മുഖ്യകാർമികത്വത്തിൽ ആഘോഷമായ റാസ അർപ്പിച്ചു. ബഹുമാനപ്പെട്ട സാജൻ പിണ്ടിയാനച്ചൻ സഹകാർമികനായിരുന്നു.

അന്നേദിവസം രാവിലെ 10 മണിക്ക് സർഗ്ഗജ്യോതിയുടെ ഉദ്ഘാടനം നടത്തി. പ്രശസ്ത സംഗീത സംവിധായകൻ ശ്രീ ഔസേപ്പച്ചൻ ആയിരുന്നു സർഗ്ഗജ്യോതി ഉദ്ഘാടനം നടത്തിയത്. ബഹുമാനപ്പെട്ട വൈസ് റെക്ടർ സജി അച്ചൻ സ്വാഗത പ്രസംഗം നടത്തി. രണ്ടാംവർഷ തത്വശാസ്ത്ര വൈദിക വിദ്യാർഥിയായ ബ്രദർ ജോയൽ പതിപ്പള്ളിൽ ദുക്റാന തിരുനാളിന്റെ സന്ദേശം നൽകി. അതിനുശേഷം ഉച്ചയ്ക്ക് രണ്ടു മണിയോടുകൂടി സെമിനാരിയിലെ വൈദിക വിദ്യാർത്ഥികൾ പാലയൂർ പള്ളി തീർത്ഥാടനത്തിന് പോയി.

**ഒന്നാംവർഷ ദൈവശാസ്ത്ര വൈദിക വിദ്യാർഥികളുടെ നാടകം**

ജൂലൈ 5 ശനിയാഴ്ച ഒന്നാംവർഷ ദൈവശാസ്ത്ര വൈദിക വിദ്യാർഥികൾ അപരാധി എന്ന നാടകം അവതരിപ്പിക്കുകയുണ്ടായി. സമകാലിക പ്രശസ്തിയുള്ള വിഷയമാണ് നാടകത്തിനായി തിരഞ്ഞെടുത്തത്. വളരെ മനോഹരമായ നാടകാവതരണത്തിനുശേഷം ബാച്ചിന്റെ പ്രതിനിധി എല്ലാവർക്കും നന്ദി പറയുകയും, ഒന്നാംവർഷ തത്വശാസ്ത്ര വൈദികവിദ്യാർഥികളുടെ ആനിമേറ്ററായ ബഹുമാനപ്പെട്ട ടൈസൻ അച്ചൻ നാടകത്തെക്കുറിച്ച് വിലയിരുത്തുകയും ചെയ്തു.

**ബേഴ്സ് സ്ഥാപിച്ചവർ**

Individual Well Wisher Membership

1. ശ്രീ. മരിയ എ.ജെ, അന്തിക്കാട് ഹൗസ്, പാറന്നൂർ, തൃശ്ശൂർ, 680502.

Individual Benefactor Membership

1. ശ്രീ. ബാബു പി.ജെ, പുലിക്കോട്ടിൽ ഹൗസ്, മുണ്ടൂർ, തൃശ്ശൂർ, 680541.

**ഫാ. സെബാസ്ററ്യൻ ചാലയ്ക്കൽ**
റെക്ടർ

# INSTITUTE OF THEOLOGY

**TRICHUR D B C L C**

**(Phone : 0487- 2333245, Mob : 9188131341)**

**1. B.A. in Theology and Religious Studies (Three Years)**

ഫസ്റ്റ് സെമസ്റ്ററിലെ Prophets (Rev. Fr. Francis Koothur), Modern and Contemparary Church History (Rev. Dr. Paul Pulikkan) എന്നീ ക്ലാസ്സുകൾ നടന്നുകൊണ്ടിരിക്കുന്നു.

**2. Certificate Course in Theology (One Year)**

ജൂലായ് 06, 20 തിയ്യതികളിൽ ദൈവശാസ്ത്രത്തിനൊരാമുഖം (Rev. Dr. Lijo Chalissery), മതബോധനശാസ്ത്രം (Rev. Dr. Sajan Pindiyan) എന്ന വിഷയങ്ങളുടെ ക്ലാസ്സുകൾ നടന്നു.

**3. Advanced Certificate Course in Theology (Six Months)**

സന്യാസിനികൾക്കായി ആറ് മാസത്തെ Regular Theology Course - മേരിമാതാ സെമിനാരിയിൽ നടന്നു കൊണ്ടിരിക്കുന്നു.

**4. Basic Bible Course (BBC)**

ജൂലായ് മാസം Rev. Dr. Davis Panakkal CMI ക്ലാസ്സുകൾ നയിച്ചു.

**5. Certificate Course on Sacred Liturgy**

ജൂലായ് 06, 20 എന്ന തിയ്യതികളിൽ ആരാധനാക്രമവത്സര ദൈവശാസ്ത്രം (Rev. Dr. John Moolan), ആരാധനാക്രമത്തിന്റെ തിരുവചന അടിസ്ഥാനങ്ങൾ (Rev. Fr. Francis Koothur) എന്ന വിഷയങ്ങളുടെ ക്ലാസ്സുകൾ നടന്നു.

**6. Certificate Course On the Life in Holy Spirit**

ജൂലായ് മാസത്തിൽ ക്ലാസ്സുകൾ ആരംഭിച്ചു. ജൂലായ് 06, 20 എന്ന തിയ്യതികളിൽ പഴയനിയമത്തിലെ പരിശുദ്ധാത്മസാന്നിധ്യം (Rev. Dr. Vincent Alappatt), പരിശുദ്ധാത്മാവ് സമവീക്ഷണസുവിശേഷങ്ങളിൽ (Rev. Dr. Johnson Achandy) എന്ന വിഷയങ്ങളുടെ ക്ലാസ്സുകൾ നടന്നു.

**7. Catechism of the Catholic Church (CCC)**

ജൂലായ് മാസത്തിൽ ക്ലാസ്സുകൾ ആരംഭിച്ചു. ജൂലായ് മാസത്തിൽ God's Revelation & Our Response in Faith (Rev. Dr. Sajan Pindiyan) The Trinity, Creation, & The Fall Of Man (Rev. Dr. Lijo Chalissery) എന്നീ വിഷയങ്ങളുടെ ക്ലാസ്സുകൾ നടന്നു.

**8. Certificate Course on Guidance and Counselling**

ജൂലായ് 13, 27 എന്ന തിയ്യതികളിൽ General Psychology & Personality Theories (Rev. Dr. Alex Marottickal), Abnormal Psychology (Rev. Dr. Joby Kadappuran) എന്ന വിഷയത്തിന്റെ ക്ലാസ്സ് നടന്നു.

**ഫാ. സൈജോ തൈക്കാട്ടിൽ**
ഡയറക്ടർ

**ഫാ. സനൽ മാളിയേക്കൽ**
ഡീൻ & റെജിസ്ട്രാർ

## എക്സൽ അക്കാദമി

**Civil Service Course (സിവിൽ സർവീസ് കോഴ്സ്)**

സിവിൽ സർവീസ് കോച്ചിങ്ങ് വീക്കെൻഡ് ബാച്ചുകൾ/ദിവസ കോഴ്സുകൾ ഉടനെ ആരംഭിക്കുന്നു. എല്ലാ ശനിയാഴ്ചകളിലും പൊതുഅവധി ദിവസങ്ങളിലും എക്സൽ അക്കാദമിയിൽ ആയിരിക്കും ക്ലാസുകൾ നടക്കുക. പ്ലസ് ടു, ഡിഗ്രി, പി ജി വിദ്യാർത്ഥികൾക്ക് അഡ്മിഷൻ എടുക്കാവുന്നതാണ്. പ്രധാനമായും 4 വർഷത്തെ ഡിഗ്രി കോഴ്സ് വിദ്യാർത്ഥികൾക്ക് ഡിഗ്രി പഠനത്തോടൊപ്പം സിവിൽ സർവീസ് പരീക്ഷക്ക്വേണ്ടിയുള്ള ഒരുക്കങ്ങളും പൂർത്തീകരിക്കാവുന്ന രീതിയിലാണ് ക്ലാസുകൾ തയ്യാറാക്കിയിരിക്കുന്നത്. താല്പര്യമുള്ള വിദ്യാർത്ഥികൾ എക്സൽ ഓഫീസിൽ നേരിട്ടോ ഗൂഗിൾ ഫോം വഴിയോ രജിസ്റ്റർ ചെയ്യേണ്ടതാണ്. തിരഞ്ഞെടുക്കപ്പെടുന്ന 25 പേർക്ക് പരിശീലനം നൽകുന്നു. മാസം 1000/2500

രൂപ. ബഹു.വികാരി അച്ചന്മാരുടെ അഭ്യർത്ഥനപ്രകാരം യോഗ്യരായ വിദ്യാർഥികൾക്ക് ഭാഗികമായോ പൂർണമായോ ഫീ ഇളവ് നൽകുന്നതാണ്. രണ്ടാം ശനിയാഴ്ചകളിലും പൊതുഅവധി ദിവസങ്ങളിലും 10-4 വരെ ഡി.ബി.സി.എൽ.സി.യിലാണ് ക്ലാസുകൾ. ബഹു വികാരിയച്ചൻമാർ, ഏറെ പ്രയോജനപ്രദമായ ഈ പരിശീലനത്തിലേക്ക് വിദ്യാർത്ഥികളെ പങ്കെടുപ്പിക്കുമല്ലോ പ്രവേശനം ആഗസ്റ്റ് 1 മുതൽ.

### Excel Foundation Course

അതിരൂപതയിലെ 8, 9, 10, 11, ക്ലാസുകളിലെ വിദ്യാർത്ഥികൾക്ക് ഉന്നത പഠനത്തിനുള്ള പരീക്ഷകൾക്ക് അടിസ്ഥാനമിടുന്നു. ഒരു വർഷത്തെ തുടർപഠന പരിപാടി (ഫൗണ്ടേഷൻ കോഴ്സ്) എക്സൽ അക്കാദമിയിൽ ആഗസ്റ്റ് മാസത്തിൽ ആരംഭിക്കുന്നു. അതിന് ഒരുക്കമായി അഭിരുചി പരീക്ഷ നടത്തുന്നതാണ്. താല്പര്യമുള്ള വിദ്യാർത്ഥികൾ എക്സൽ ഓഫീസിൽ നേരിട്ടോ ഗൂഗിൾ ഫോം വഴിയോ രജിസ്റ്റർ ചെയ്യേണ്ടതാണ്. തിരഞ്ഞെടുക്കപ്പെടുന്ന 100 പേർക്ക് പരിശീലനം നൽകുന്നു. വാർഷിക ഫീസ് 5000 രൂപ. ബഹു. വികാരി അച്ചന്മാരുടെ അഭ്യർത്ഥനപ്രകാരം യോഗ്യരായ വിദ്യാർഥികൾക്ക് ഭാഗികമായോ പൂർണമായോ ഫീ ഇളവ് നൽകുന്ന താണ്. രണ്ടാം ശനിയാഴ്ചകളിലും പൊതുഅവധി ദിവസങ്ങളിലും 10-4 വരെ ഡി.ബി.സി.എൽ.സി.യിലാണ് ക്ലാസുകൾ. ബഹു വികാരിയച്ചൻമാർ, ഏറെ പ്രയോജനപ്രദമായ ഈ പരിശീലനത്തിലേക്ക് വിദ്യാർത്ഥികളെ പങ്കെടുപ്പിക്കുമല്ലോ പ്രവേശനം ആഗസ്റ്റ് 1 മുതൽ.

എക്സൽ അക്കാദമിയുടെ ഒരു സവിശേഷത എല്ലാ കോഴ്സുകൾക്കും വളരെ പരിയചയ സമ്പത്തുള്ള, സർവ്വകലാശാലകളിൽ നിന്നും കോളേജുകളിൽ നിന്നും സിവിൽ സർവ്വീസിൽ നിന്നും വിരമിച്ച വിദഗ്ദരാണ് ക്ളാസ്സുകൾ നയിക്കുക

### Coaching Centre for Minority Youth
### (ന്യൂനപക്ഷവകുപ്പ് PSC സൗജന്യ പരിശീലനം)

കേരള സർക്കാരിന്റെ ന്യൂനപക്ഷവകുപ്പിന്റെ PSC സൗജന്യ പരിശീലനകോഴ്സിന്റെ പുതിയ ബാച്ചിലേക്കുള്ള അഡ്മിഷൻ നടന്നുകൊണ്ടിരിക്കുന്നു. ക്ലാസ്സുകൾ ജൂലായ് 12-ാം തിയതി മുതൽ ആരംഭിച്ചു. രാവിലെ 10.30 മുതൽ 4 മണിവരെ, സർക്കാരിന്റെ തെരഞ്ഞെടുത്ത അധ്യാപകർ ക്ലാസ്സുകൾ നയിക്കുന്നു. ഇനിയും ആർക്കെങ്കിലും ചേരാൻ ആഗ്രഹിക്കുന്നുവെങ്കിൽ ആഗസ്റ്റ് 10നുള്ളിൽ അഡ്മിഷൻ എടുക്കേണ്ടതാണ്.

### K - TET ( Kerala Teachers Eligibility Test )

K - TET പരീക്ഷക്കുവേണ്ടിയുള്ള കാറ്റഗറി 1, 2, 3, 4 കോച്ചിങ്ങിന്റെ

പുതിയ ബാച്ചിലേക്കുള്ള അഡ്മിഷൻ തുടരുന്നു. ക്ലാസ്സുകൾ ആഗസ്റ്റ് 15–ാം തിയതി ആരംഭിക്കുന്നു.

കൂടുതൽ വിവരങ്ങൾക്ക് താഴെ പറയുന്ന ഫോൺ നമ്പറിൽ ബന്ധപ്പെടുക.

Contact: Excel Academy: 9744941585

Prof. Dr. Mani K Peter Academic Head: 9847235070

Ashik Thomas Administrative & Technical Support: 7907326322

**ഫാ. സൈജോ തൈക്കാട്ടിൽ**
ഡയറക്ടർ
9544889896

## ജ്യോതി എഞ്ചിനീയറിംഗ് കോളേജ്

**1. ലോകപരിസ്ഥിതി ദിനാഘോഷം**

ജൂൺ 5–ാം തിയ്യതി കോളേജ് പ്രിൻസിപ്പൽ ഡോ. പി. സോജൻ ലാൽ വൃക്ഷതൈ നട്ടുകൊണ്ട് കോളേജിലെ പരിസ്ഥിതി ദിനാഘോഷങ്ങൾക്ക് തുടക്കം കുറിച്ചു. 'പ്ലാസ്റ്റിക് മലിനീകരണത്തിന് അറുതി വരുത്തുക' എന്ന ഈ വർഷത്തെ പ്രമേയത്തെ അടിസ്ഥാനമാക്കി, പ്ലാസ്റ്റിക്കിന്റെ അനിയന്ത്രിത ഉപയോഗം ചെറുത്തു തോൽപ്പിക്കുമെന്ന് പ്രതിജ്ഞയെടുത്തു.

**2. Faculty Development Programme**

കോളേജിലെ അദ്ധ്യാപകരുടെ അദ്ധ്യാപന മികവ് വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായി ജൂൺ മാസത്തിൽ അഞ്ചു ദിവസത്തെ സ്റ്റാഫ് ഡെവലപ്മെന്റ് പ്രോഗ്രാം നടത്തി.

**3. ചുമതലയേറ്റു**

ഈ ജൂൺ ഒന്നിന് ചെറുതുരുത്തി ജ്യോതി എഞ്ചിനീയറിംഗ് കോളേജിന്റെ പ്രിൻസിപ്പലായി ഡോ. പി. സോജൻ ലാൽ ചുമതലയേറ്റു. കോതമംഗലം ബാർ ബസേലിയോസ് എഞ്ചിനീയറിംഗ് കോളേജ് മുൻ പ്രിൻസിപ്പലാണ്. ഡൽഹി ആസ്ഥാനമായുള്ള സെന്റർ ഫോർ എഡ്യുക്കേഷൻ ഫോർ ഗ്രോത്ത് ആന്റ് റിസർച്ച് സെന്ററിന്റെ മികച്ച പ്രിൻസിപ്പൽ പുരസ്കാര (2021) ജേതാവാണ്.

Bachelor of Technology (BTech) Courses

- Artificial Intelligence and Data Science (AD)
- Civil Engineering (CE)
- Computer Science and Engineering (CSE)
- Computer Science and Engineering - Cyber Security (CY)
- Electronics and Communication Engineering (ECE)
- Electrical and Electronics Engineering (EEE)
- Mechanical Engineering (ME)
- Mechatronics Engineering (MR)

Master of Technology (MTech) Courses

- Artificial Intelligence and Data Science (AD)
- Computer Science and Engineering (CSE)
- Industrial Automation and Robotics (ME)
- Transportation Engineering (CE)

Doctor of Philosophy (PhD)

- Civil Engineering
- Computer Science and Engineering
- Electronics and Communication Engineering
- Electrical and Electronics Engineering
- Mechanical Engineering
- Mathematics

**കൂടുതൽ വിവരങ്ങൾക്ക് ബന്ധപ്പെടുക:**

Helpline: 95269 24455, 95269 34455, 04884 259000
www.jecc.ac.in
College Code : JEC

## ജൂബിലി മിഷൻ മെഡിക്കൽ കോളേജ് & റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട്

**ലോക രക്തദാനദിനത്തോടനുബന്ധിച്ച് ബോധവത്കരണ ക്ലാസുകൾ**

ഇമ്മ്യൂണോഹെമറ്റോളജി & ബ്ലഡ് ട്രാൻസ്ഫ്യൂഷൻ വിഭാഗത്തിലെ ഡോക്ടർമാരുടെ നേതൃത്വത്തിൽ ലോക രക്തദാനദിനത്തോടനുബന്ധിച്ച് വിവിധ സ്കൂളുകളിൽ ബോധവത്കരണ ക്ലാസ്സുകൾ നടത്തി. ബോധവത്ക്കരണത്തിന്റെ ഭാഗമായി വിവിധ

രക്തദാന ക്യാമ്പെയിനുകളും നടന്നു.

**ജൂബിലി ആയുർവേദയിൽ ഔഷധ കഞ്ഞിക്കൂട്ടിന്റെ ഉദ്ഘാടനം**

ജൂബിലി ആയുർവേദ മിഷൻ ആശുപത്രി പുറത്തിറക്കുന്ന ഔഷധ കഞ്ഞിക്കൂട്ടിന്റെ ഉദ്ഘാടനം രാമവർമപുരം ജൂബിലി ആയുർവേദ ക്യാമ്പസ്സിൽ വെച്ച് ആർച്ച്ബിഷപ് മാർ ആൻഡ്രൂസ് താഴത്ത് നിർവ്വഹിച്ചു.

**അന്താരാഷ്ട്ര ലഹരി വിരുദ്ധ ദിനം ആചരിച്ചു**

അന്താരാഷ്ട്ര ലഹരി വിരുദ്ധ ദിനാചരണത്തിന്റെ ഭാഗമായി സൈക്യാട്രി വിഭാഗവും സൈക്കോളജി വിഭാഗവും സംയുക്തമായി ബോധവത്കരണ ക്ലാസുകൾ സംഘടിപ്പിച്ചു. ''തകർക്കാം ലഹരി യുടെ ചങ്ങലകൾ- ഏവർക്കും പ്രതിരോധം ചികിത്സ മോചനം''- എന്ന ഈ വർഷത്തെ ആശയത്തിന് പ്രാധാന്യം നൽകിയാണ് പരിപാടി സംഘടിപ്പിച്ചത്.

**ഡോക്ടേഴ്സ് ദിനത്തോടനുബന്ധിച്ച് ഫ്ളാഷ് മോബ്**

ഡോക്ടേഴ്സ് ദിനത്തോടനുബന്ധിച്ച് ജൂബിലിയിലെ ഡോക്ടേഴ്സിന്റെ നേതൃത്വത്തിൽ ഫ്ളാഷ് മോബ് അവതരിപ്പിച്ചു. നൂറിൽപ്പരം ഡോക്ടേഴ്സ് ഫ്ളാഷ് മോബിൽ ചുവടുകൾ വെച്ചു.

**പത്മഭൂഷൻ ഡോ. ജോസ് ചാക്കോ പെരിയപുറത്തിന് ആദരം**

ജൂബിലി മിഷൻ ആശുപത്രി പത്മഭൂഷൻ ജേതാവ് ഡോ. ജോസ് ചാക്കോ പെരിയപുറത്തെ ആദരിച്ചു. ചടങ്ങ് ഉദ്ഘാടനം ചെയ്ത കല്യാൺ ജ്വല്ലേഴ്സ് എം. ഡി. ടി. എസ്. കല്യാണരാമൻ അദ്ദേഹത്തെ സ്വർണപതക്കമണിയിച്ചു. തൃശ്ശൂർ അതിരൂപത സഹായമെത്രാൻ മാർ ടോണി നീലങ്കാവിൽ അദ്ധ്യക്ഷത വഹിച്ച ചടങ്ങിൽ എം. എൽ.എ. ശ്രീ. പി. ബാലചന്ദ്രൻ മുഖ്യപ്രഭാഷണം നടത്തി. തനിക്ക് ഡോ. ജോസ് ഹൃദയ ശസ്ത്രക്രിയ ചെയ്തിട്ടുള്ളതും അദ്ദേഹം അനുസ്മരിച്ചു. സി.ഇ.ഒ. ഡോ. ബെന്നി ജോസഫ് നീലങ്കാവിൽ അവാർഡ് ജേതാവിനെ സദസ്സിന് പരിചയപ്പെടുത്തി. ഡോ. ജോസ് ചാക്കോ പെരിയപുറം അവയവദാനത്തിന്റെ പ്രാധാന്യം എടുത്തു പറഞ്ഞു. ജൂബിലി ഫ്രട്ടേണിറ്റി ചെയർമാൻ സോളി തോമസ് അതിഥികൾക്ക് സ്വാഗതം ആശംസിക്കുകയും ഡയറക്ടർ ഫാ. റെന്നി മുണ്ടൻകുരിയൻ ചടങ്ങിൽ പങ്കെടുത്തവർക്ക് നന്ദി രേഖപ്പെടുത്തുകയും ചെയ്തു.

**പുതിയ ഡോക്ടർമാർ**

- ഡോ. ദിവ്യ അമ്പൂക്കൻ (ഇ.എൻ.ടി. വിഭാഗം)

- ഡോ. ഡെന്നസ് ഡേവിസ് എടക്കളത്തൂർ (ജനറൽ മെഡിസിൻ വിഭാഗം)

**ഡയാലിസിസിന് സംഭാവന നൽകിയവർ**

- ഓഫറിങ്ങ്സ്, ജൂബിലി മിഷൻ ആശുപത്രി, തൃശ്ശൂർ
- സുരേന്ദ്രനാഥ്, തത്തപ്പുഴ ഹൗസ്, കണ്ണംകുളങ്ങര, തൃശ്ശൂർ
- ഇ. പി. ഫ്രാൻസിസ്, എലുവത്തിങ്കൽ ഹൗസ്, ചൊവ്വൂർ, തൃശ്ശൂർ
- വെനസ്ഡേ ക്ലബ്, എറണാകുളം
- ഡേക്രട്ട് ഹാർട്ട് ചർച്ച്, പെരിഞ്ചേരി, തൃശ്ശൂർ

**അന്നദാനകേന്ദ്രത്തിലേക്ക് സംഭാവന നൽകിയവർ**

- ഹെൽത്ത് കെയർ സൊസൈറ്റി, ഡോളേഴ്സ് ബസിലിക്ക, തൃശ്ശൂർ
- ജോസഫ്, ആളൂർ ഹൗസ്, പറവട്ടാനി, തൃശ്ശൂർ
- ഷീല ജോസ്, കളത്തിപറമ്പിൽ ഹൗസ്, അരണാട്ടുകര, തൃശ്ശൂർ

**ഫാ. റെന്നി മുണ്ടൻകുര്യൻ**
ഡയറക്ടർ

# സെന്റ് തോമസ് കോളേജ് (ഓട്ടോണമസ്), തൃശൂർ

**1. സെലെക്ഷൻ നേടി**

ഫിസിക്കൽ എഡ്യൂക്കേഷൻ വിഭാഗത്തിൽ കോളേജ് വിദ്യാർഥികളായ സഹീഫ്, വിബിൻ മോഹനൻ എന്നിവർ യു-23 ഇന്ത്യൻ നാഷണൽ ഫുട്ബോൾ ടീം ക്യാമ്പിലേക്ക് അർഹത നേടി.

**2. പരിപാടി സംഘടിപ്പിച്ചു**

ബോട്ടണി വിഭാഗത്തിലെ റിസർച്ച് ആൻഡ് പോസ്റ്റ് ഗ്രാജുവേറ്റ് വിദ്യാർത്ഥികൾ എളവള്ളി ഗ്രാമ പഞ്ചായത്തിന്റെയും കേരള സ്റ്റേറ്റ് ബയോഡൈവേഴ്സിറ്റി ബോർഡും ചേർന്ന് എളവള്ളി ഗ്രാമപഞ്ചായത്ത് പരിധിയിൽ വംശനാശ ഭീഷണി നേരിടുന്ന കുളവെട്ടിമരത്തിന്റെ സംരക്ഷണം എന്ന പരിപാടി സംഘടിപ്പിച്ചു.

**3. മത്സരം സംഘടിപ്പിച്ചു**

കോമേഴ്സ് (എസ്.എഫ്) വിഭാഗത്തിന്റെ ആഭിമുഖ്യത്തിൽ ലോക പരിസ്ഥിതി ദിനത്തോടനുബന്ധിച്ച് ഫോട്ടോഗ്രാഫി മത്സരം സംഘടിപ്പിച്ചു.

**4. ഫാക്കൽറ്റി ഓറിയന്റേഷൻ പ്രോഗ്രാം സംഘടിപ്പിച്ചു**

കോളേജിലെ ഇന്റേണൽ ക്വാളിറ്റി അഷ്വറൻസ് സെൽ സാന്തോം ദർശൻ 2025-2026 ഫാക്കൽറ്റി ഓറിയന്റേഷൻ പ്രോഗ്രാം നടത്തി. തൃശൂർ സിറ്റി പോലീസ് അസിസ്റ്റന്റ് സബ് ഇൻസ്പെക്ടർ ശ്രീ. സനീഷ് ബാബു എന്നിവർ ക്ലാസ്സുകൾക്ക് നേതൃത്വം നൽകി.

**5. സമ്മർ ഇന്റേൺഷിപ്പ് സംഘടിപ്പിച്ചു**

ഡാറ്റാ സയൻസ് ഡിപാർട്ട്മെന്റ്, എസ്.എ.പി കേരള ഹയർ ഗ്ലോബൽ, തൃശൂർ എന്നിവയുമായി സഹകരിച്ച് സമ്മർ ഇന്റേൺഷിപ്പ് പ്രോഗ്രാം 2025 സംഘടിപ്പിച്ചു, കേരളത്തിലുടനീളമുള്ള വിവിധ കോളേജുകളിൽ നിന്നുള്ള 120 വിദ്യാർത്ഥികൾ വിലയേറിയ വ്യവസായ പരിചയം നേടി.

**6. പ്രഭാഷണം നടത്തി**

ലോക പരിസ്ഥിതി ദിനത്തിന്റെ ഭാഗമായി പ്രകൃതി സംരക്ഷണ ഫൗണ്ടേഷനുമായി സഹകരിച്ച് ബോട്ടണി ഡിപാർട്ട്മെന്റ് ജൈവ വൈവിധ്യം: സംരക്ഷണം, ഉയർന്നുവരുന്ന വെല്ലുവിളികൾ, പൗരസമൂഹത്തിന്റെ പങ്ക് എന്ന വിഷയത്തിൽ വെള്ളാനിക്കര ഫോറസ്റ്റ് ആന്റ് റിസോഴ്സ് മാനേജ്മെന്റ് കോളേജ് ഫോറസ്റ്ററി ഡിപ്പാർട്ട് മെന്റിലെ മേഘന റോസ് ജോസഫിന്റെ പ്രഭാഷണം നടത്തി.

**7. രക്തദാന ക്യാമ്പ് സംഘടിപ്പിച്ചു**

ലോക രക്തദാന ദിനത്തോടനുബന്ധിച്ച് കോളേജ് എൻ.എസ്. എസ് യൂണിറ്റ് 42, 144 തൃശൂർ ജില്ലാ ആശുപത്രിയിൽ രക്തദാന ക്യാമ്പ് നടത്തി.

**8. സിവിക് പൾസ് - ഓൺലൈൻ കംപ്ലയിന്റ് മീഡിയ**

സാങ്കേതിക വിദ്യ ഉപയോഗിച്ച് പൊതുജനങ്ങളുടെ ആശങ്കകൾ പരിഹരിക്കുന്നതിനായി ഡാറ്റാ സയൻസ് വിഭാഗത്തിന്റെയും ഐ. ഇ.ഡി.സി, ഐ.ഐ.സി.യുടെയും ആഭിമുഖ്യത്തിൽ സിവിക് പൾസ് - ഓൺലൈൻ കംപ്ലയിന്റ് മീഡിയ എന്ന വിഷയത്തിൽ സെമിനാർ സംഘടിപ്പിച്ചു.

**9. ലോക യൂത്ത് സ്കിൽ ഡേ ആചരിച്ചു**

ഇംഗ്ലീഷിന്റെ ആഭിമുഖ്യത്തിൽ റിസർച്ച് ആൻഡ് പിജി വിഭാഗം 'ലോക യൂത്ത് സ്കിൽ ഡേ' ആചരിച്ചു. കോളേജ് വൈസ് പ്രിൻസിപ്പൽ ഡോ. വിമല ജോസ് ഉദ്ഘാടനം ചെയ്തു. തമിഴ്നാട് സെന്റ്. ജോസഫ് കോളേജ് അസോസിയേറ്റ് പ്രൊഫ. ഡോ. എസ്. ജോസഫ് അരുൾ മുഖ്യ പ്രഭാഷണം നടത്തി.

**10. ടെക് അവർ സംഘടിപ്പിച്ചു**

കോളേജിലെ കവിപ്രതിഭ ഹാളിൽ വച്ച് ഡാറ്റാ സയൻസ് വകുപ്പ് 'ടെക് അവർ' ന്റെ ആദ്യ പതിപ്പ് പ്രകാശനം നടത്തി. വൈസ് പ്രിൻസിപ്പൽ ഡോ. വിമല ജോസ് പരിപാടി ഉദ്ഘാടനം ചെയ്തു,

**11. അപ്ലൈഡ് നെറ്റ്‌വർക്കിംഗ്**

കമ്പ്യൂട്ടർ ആപ്ലിക്കേഷൻ വകുപ്പും തൃശ്ശൂർ കമ്പ്യൂട്ടർ സയൻസ് കോളേജ് ടീച്ചേഴ്സ് അസോസിയേഷനും (സി.എസ്.സി.ടി.എ) സംയുക്തമായി വിവിധ കോളേജുകളിലെ ഫാക്കൽറ്റികൾക്കായി അപ്ലൈഡ് നെറ്റ്‌വർക്കിംഗ്: ഹാർഡ്‌വെയർ മുതൽ പ്രോട്ടോക്കോളുകൾ വരെ എന്ന വിഷയത്തിൽ ഒരു ഫാക്കൽറ്റി ഡെവലപ്മെന്റ് പ്രോഗ്രാം സംഘടിപ്പിച്ചു.

**12. ഇൻഡക്ഷൻ ആന്റ് ഓറിയന്റേഷൻ**

കോളേജിൽ പുതിയ ബിരുദ വിദ്യാർത്ഥികൾക്കുള്ള ഇൻഡക്ഷൻ ആന്റ് ഓറിയന്റേഷൻ പരിപാടിയായ സാന്തോം ദർശൻ 2025 കോളേജ് അക്കാദമിക് ബ്ലോക്കിലെ പാലോക്കാരൻ സ്ക്വയറിൽ വെച്ച് നടന്നു.

**13. പ്രഭാഷണം നടത്തി**

സുവോളജി ഗവേഷണ-ബിരുദാനന്തര വിഭാഗത്തിന്റെ ആഭിമുഖ്യത്തിൽ നടന്ന പ്രഥമ ഫ്രാൻസി കെ കാക്കശ്ശേരി മെമ്മോറിയൽ പ്രഭാഷണത്തിന്റെ സമാരംഭത്തോടെ ആഴത്തിലുള്ള പ്രതിഫലനവും പ്രചോദനാത്മകവുമായ ഒരു അക്കാദമിക് സമ്മേളനത്തിന് തൃശൂരിലെ സെന്റ്. തോമസ് കോളേജ് സാക്ഷ്യം വഹിച്ചു.

**14. ലോക പരിസ്ഥിതി ദിനാചരണം**

ലോക പരിസ്ഥിതി ദിനാചരണം സുവോളജി വകുപ്പ് 2025 ലോക പരിസ്ഥിതി ദിനം ആചരിക്കുകയും പ്രകൃതിയുടെ സംരക്ഷകർ: കോഴിക്കോട് ജില്ലാ ബയോട്ട എന്ന വിഷയത്തിൽ പ്രഭാഷണം നടത്തുകയും ചെയ്തു.

**15. ലഹരി വിരുദ്ധ പരിപാടി**

എൻ.എസ്.എസ് യൂണിറ്റ് 42 ഉം 144 ഉം അന്താരാഷ്ട്ര മയക്കുമരുന്ന് ദുരുപയോഗത്തിനും അനധികൃത കടത്തിനും എതിരെ സംഘടിപ്പിച്ച പരിപാടിയുടെ ഭാഗമായി മാരത്തൺ നടത്തി.

**ഫാ. ബിജു പാണേങ്ങാടൻ**
എക്സിക്യൂട്ടീവ് മാനേജർ

**മെസ്റ്റിൻ പി.സി**
പി.ആർ.ഒ

# മഹാജൂബിലി ട്രെയിനിംഗ് കോളേജ്, മുള്ളൂർക്കര

**യൂണിവേഴ്സിറ്റി പരീക്ഷ നടത്തി**

മുള്ളൂർക്കര മഹാജൂബിലി ട്രെയിനിംഗ് കോളേജിൽ 2023-2025 ബാച്ചിന്റെ യൂണിവേഴ്സിറ്റി പരീക്ഷ നടത്തി. ജൂലായ് 14-ാം തിയ്യതി മുതൽ 18-ാം തിയ്യതി വരെയായിരുന്നു പരീക്ഷകൾ നടന്നത്.

**പുതിയ അധ്യയ വർഷം**

മുള്ളൂർക്കര മഹാജൂബിലി ട്രെയിനിംഗ് കോളേജിൽ 2025-27 അധ്യയന വർഷത്തെ ഉദ്ഘാടനവും പുതിയ വിദ്യാർത്ഥികളെ വരവേൽക്കുന്ന ചടങ്ങും തിങ്കളാഴ്ച (21-07-2025)രാവിലെ 10ന് കോളേജ് ഓഡിറ്റോറിയത്തിൽ നടന്നു. അധ്യയന വർഷ ഉദ്ഘാടനവും ഭദ്രദീപ പ്രകാശനവും വികാരി ജനറാൾ, ഫാ. ജെയ്സൺ കൂനംപ്ലാക്കൽ നിർവ്വഹിച്ചു.

**ഇൻഡക്ഷൻ പ്രോഗ്രാം**

2025-2027 ബാച്ചിനുള്ള ഇൻഡക്ഷൻ പ്രോഗ്രാം ജൂലായ് 22 മുതൽ 25 വരെ നടത്തി.

**ഫാ. ചാക്കോ ചിറമ്മൽ**
കോളേജ് പ്രിൻസിപ്പൽ

**ഫാ. ഷിജു ചിറ്റിലപ്പിള്ളി**
അസി. മാനേജർ

# കോർപ്പറേറ്റ് എജുക്കേഷണൽ ഏജൻസി

**1. ഓർമ്മിക്കാൻ... ആചരിക്കാൻ..**

| | | |
|---|---|---|
| 1 വെള്ളി | - | ആദ്യവെള്ളി, വി. കുർബാന |
| 4 തിങ്കൾ | - | വി. ജോൺ മരിയ വിയാനി |
| 9 ശനി | - | ക്വിറ്റ് ഇന്ത്യദിനം |
| 15 വെള്ളി | - | ഇന്ത്യൻ സ്വാതന്ത്ര്യദിനം<br>പരി. മറിയത്തിന്റെ സ്വർഗ്ഗാരോപണ തിരുനാൾ |
| 29 വെള്ളി | - | വി. എവുപ്രാസ്യ |

**2. വിജയോത്സവം 2025**

കോർപ്പറേറ്റ് എഡ്യൂക്കേഷണൽ ഏജൻസിയുടെ കീഴിലുള്ള വിദ്യാലയങ്ങളിൽ മികച്ച വിജയം നേടിയ വിദ്യാർത്ഥികളെയും അധ്യാപകരെയും വിദ്യാലയങ്ങളെയും 2025 ജൂൺ 21-ാം തീയതി ശനിയാഴ്ച്ച ഡി.ബി.സി.എൽ.സി ഓഡിറ്റോറിയത്തിൽ വെച്ച് കൂടിയ സമ്മേളനത്തിൽ ആദരിച്ചു. അതിരൂപത മെത്രാപ്പോലീത്ത മാർ ആൻഡ്രൂസ് താഴത്ത് വിജയോൽസവം ഉദ്ഘാടനം ചെയ്തു. അതിരൂപത വികാരി ജനറൽ മോൺ. ജോസ് കോനിക്കര അധ്യക്ഷത വഹിച്ച ചടങ്ങിൽ, റവ. ഫാ. ജോയ് അടമ്പുകുളം (കോർപ്പറേറ്റ് മാനേജർ) സ്വാഗതവും റവ. ഫാ. ജോസഫ് മുരിങ്ങാത്തേരി (മാനേജർ, സെന്റ് ആൻറണീസ് എച്ച് എസ് എസ് പുത്തൻപീടിക) റവ. ഫാ. ജാക്സൺ തെക്കേകര (അസി. മാനേജർ, സി.ജെ.എം.എ. എച്ച്.എസ്.എസ്. വരന്തരപ്പിള്ളി) ശ്രീ. ബെജിൻ പ്രിൻസ് (പ്രിൻസിപ്പൽ, സി.ജെ.എം.എ.എച്ച്.എസ്.എസ്. വരന്തരപ്പിള്ളി), ശ്രീ. പി. കെ. സോജൻ മാസ്റ്റർ (ഹെഡ്മാസ്റ്റർ, സെന്റ് തോമസ് എച്ച് എസ് എസ് ഏങ്ങണ്ടിയൂർ) ശ്രീ. കെ. എ. ബെന്നി മാസ്റ്റർ (എച്ച്. എം. ഫോറം സെക്രട്ടറി) എന്നിവർ ആശംസകൾ നേർന്നു. ഹയർ സെക്കൻഡറി വിഭാഗത്തിൽ, സെന്റ് ആൻറണീസ് എച്ച് എസ് എസ് പുത്തൻപീടിക, സി.ജെ.എം.എ.എച്ച്.എസ്.എസ്. വരന്തരപ്പിള്ളി, സെന്റ് ജോൺസ് എച്ച്.എസ്.എസ്. പറപ്പൂർ എന്നീ വിദ്യാലയങ്ങൾ യഥാക്രമം ഒന്നും രണ്ടും മൂന്നും സ്ഥാനങ്ങൾ കരസ്ഥമാക്കി. എസ്.എസ്.എൽ.സി പരീക്ഷയിൽ മികച്ച വിജയം നേടിയ വിദ്യാലയങ്ങൾക്കുള്ള ട്രോഫികൾ സി.ജെ.എം.എ.എച്ച്. എസ്.എസ്. വരന്തരപ്പിള്ളി, സെന്റ് തോമസ് എച്ച്.എസ്.എസ്. ഏങ്ങണ്ടിയൂർ, സെന്റ് സെബാസ്റ്റ്യൻസ് എച്ച്.എസ്. ചിറ്റാട്ടുകര എന്നീ വിദ്യാലയങ്ങളും നേടുകയുണ്ടായി. ശ്രീ. കെ എഫ് ബാബു മാസ്റ്റർ (എച്ച്. എം. ഫോറം കൺവീനർ) ചടങ്ങിൽ നന്ദി പ്രകാശിപ്പിച്ചു.

**ഫാ. ജോയ് അടമ്പുകുളം**
കോർപ്പറേറ്റ് മാനേജർ

# ഫാമിലി അപ്പൊസ്റ്റൊലേറ്റ് സെന്റർ

**ആഗസ്റ്റ് മാസത്തെ വിവാഹ ഒരുക്ക ധ്യാനം**

തൃശ്ശൂർ അതിരൂപത ഫാമിലി അപ്പൊസ്റ്റൊലേറ്റിന്റെ നേതൃത്വത്തിൽ ആഗസ്റ്റ് മാസം നടത്തുന്ന പ്രീകാന ധ്യാനത്തിന്റെ തിയ്യതികളാണ് താഴെ കൊടുത്തിരിക്കുന്നത്. ബുധൻ, വ്യാഴം, വെള്ളി ദിവസങ്ങളിലാണ് വിവാഹ ഒരുക്ക ധ്യാനം നടക്കുന്നത്. 6,7,8– 13,14,15 – 27,28,29. ബുക്ക് ചെയ്യാനായി തൃശ്ശൂർ ഫാമിലി അപ്പൊസ്റ്റൊലേറ്റിന്റെ ഓഫീസിൽ വരികയോ അല്ലെങ്കിൽ ഓൺലൈൻ വഴിയോ ബുക്ക് ചെയ്യാവുന്നതാണ്. ഓൺലൈൻ വഴി ബുക്ക് ചെയ്യാനുള്ള വെബ് സൈറ്റാണിത് trichurfamilyapostolate.org നിങ്ങളുടെ സംശയങ്ങൾക്ക് വിളിക്കുക 0487 2336066. (തിങ്കൾ മുതൽ ശനി വരെ രാവിലെ 9.30 മുതൽ 5.00 വരെ).

**ബധിരരും മൂകരുമായ വിവാഹത്തിന് ഒരുങ്ങുന്നവർക്കായുള്ള കോഴ്സുകൾ**

തൃശ്ശൂർ ഫാമിലി അപ്പൊസ്റ്റൊലേറ്റിന്റെ നേതൃത്വത്തിൽ ബധിരരും മൂകരുമായ വിവാഹത്തിന് ഒരുങ്ങുന്ന യുവതി യുവാക്കൾക്കുള്ള പ്രീകാന കോഴ്സും ബധിരരും മൂകരുമായ വിവാഹിതരായ ദമ്പതികൾക്കുവേണ്ടിയുള്ള പോസ്റ്റ് കാന കോഴ്സും ഫാമിലി അപ്പൊസ്റ്റൊലേറ്റിൽ വച്ച് ആഗസ്റ്റ് 10–ാം തിയ്യതി ഞായറാഴ്ച്ച രാവിലെ 9.30 മുതൽ വൈകിട്ട് 4.00 വരെ നടക്കുന്നു. 'കുടുംബം ഭൂമിയിലെ സ്വർഗ്ഗം' എന്ന വിഷയത്തെ ആസ്പദമാക്കി ക്ലാസ്സും തുടർന്ന് വി. കുർബാനയും ഉണ്ടായിരിക്കുന്നതാണ്. വിവാഹത്തിന് ഒരുങ്ങുന്നവരും വിവാഹിതരുമായ എല്ലാ ബധിരരും മൂകരുമായിട്ടുള്ളവരെ ക്ഷണിക്കുന്നു. ബഹു. വികാരിയച്ചന്മാർ ഇടവകയിലെ ബധിരരും മൂകരുമായ വിവാഹത്തിന് ഒരുങ്ങുന്നവരെയും വിവാഹം കഴിഞ്ഞ ബധിരരും മൂകരുമായ ദമ്പതികളെയും പറഞ്ഞുവിടുമല്ലോ.

**നവദമ്പതിസംഗമം**

തൃശ്ശൂർ അതിരൂപത ഫാമിലി അപ്പൊസ്റ്റൊലേറ്റിന്റെ നേതൃത്വത്തിൽ 2024 നവംബർ, ഡിസംബർ, 2025 ജനുവരി, ഫെബ്രുവരി, മാർച്ച്, ഏപ്രിൽ, മെയ്, ജൂൺ മാസങ്ങളിൽ വിവാഹിതരായ നവദമ്പതികൾക്കുവേണ്ടിയുള്ള തുടർ പരിശീലനമാണ് ആഗസ്റ്റ് 17 ഞായറാഴ്ച്ച രാവിലെ 9.30 മുതൽ 1 മണി വരെ സംഘടിപ്പിച്ചിരിക്കുന്നത്. അഭിവന്ദ്യപിതാക്കന്മാരുടെ നേതൃത്വത്തിൽ നടത്തുന്ന

നവദമ്പതി സംഗമത്തിലേക്ക് സ്നേഹത്തോടെ ക്ഷണിക്കുന്നു. വിശുദ്ധ കുർബാന ഉണ്ടായിരിക്കുന്നതാണ്.

'ദാമ്പത്യബന്ധം എങ്ങനെ ഊഷ്മളമാക്കാം' എന്ന വിഷയത്തെ ആസ്പദമാക്കിയായിരിക്കും ഈ സെമിനാർ. ഈ മാസങ്ങളിൽ വിവാഹിതരായ ദമ്പതികൾ എല്ലാവരും തന്നെ നിർബന്ധമായും ഈ സെമിനാറിൽ സംബന്ധിക്കാൻ അഭ്യർത്ഥിക്കുന്നു.

**ഫാ. ടിങ്കിൾ വാഴപ്പിള്ളി**
ഡയറക്ടർ

**ഫാ. അനീഷ് കൂത്തൂർ**
**ഫാ. ബിജു ജോസഫ് ആലപ്പാട്ട്**
അസി. ഡയറക്ടർമാർ

# കുടുംബകൂട്ടായ്മ

**കുടുംബകൂട്ടായ്മ ഇലക്ഷൻ 2025-2028**

2025 – 2028 കാലയളവിലേക്കുള്ള കുടുംബകൂട്ടായ്മ യൂണിറ്റ് തിരഞ്ഞെടുപ്പ് ജൂൺ, ജൂലൈ മാസങ്ങളിലായി പൂർത്തികരിച്ചുവല്ലോ. ആഗസ്റ്റ് മാസത്തിൽ ഇടവക കേന്ദ്രസമിതിയുടെ ഇലക്ഷനുകൾ ബഹു. വികാരിയച്ചന്റെ നേതൃത്വത്തിൽ ഇടവകയിൽ സൗകര്യപ്രദമായ ഒരു തിയ്യതി കണ്ടെത്തി സമയബന്ധിതമായി പൂർത്തിയാക്കുമല്ലോ.

**ഇടവക ഇലക്ഷൻ**

1. ജനറൽബോഡിയിൽ നിന്നാണ് ഇടവക കേന്ദ്രസമിതി ഭാരവാഹികളെ തിരഞ്ഞെടുക്കേണ്ടത്.
2. താഴെ പറയുന്ന സ്ഥാനങ്ങളിലേക്കാണ് തിരഞ്ഞെടുപ്പ് നടക്കേണ്ടത്. കൺവീനർ, ജോ.കൺവീനർ (1 പുരുഷൻ), ജോ. കൺവീനർ (1 സ്ത്രീ), സെക്രട്ടറി, ജോ. സെക്രട്ടറി (1 പുരുഷൻ), ജോ. സെക്രട്ടറി (1 സ്ത്രീ), ട്രഷറർ.
3. തിരഞ്ഞെടുക്കപ്പെടുന്ന 7 ഭാരവാഹികളിൽ ഒരാൾ നിർബന്ധമായും 18–30 വയസ്സിന് ഇടയിൽ പ്രായമുള്ള ഒരു യുവജനപ്രതിനിധിയായിരിക്കേണ്ടതാണ്.
4. ഒരു യൂണിറ്റിൽ നിന്നും ഒന്നിൽ കൂടുതൽ ഭാരവാഹികൾ ഉണ്ടായിരിക്കരുത്.
5. ചെയർമാൻ (വികാരി) കുടുംബകൂട്ടായ്മ ഇടവക ജനറൽ ബോഡിയിൽ നിന്ന് രണ്ടു പേരെ പ്രവർത്തകസമിതി അംഗങ്ങളായി നോമിനേറ്റ് ചെയ്യേണ്ടതാണ്.

6. ഭാരവാഹികളുടെ കാലാവധി 3 വർഷമായിരിക്കും.
7. സാധാരണ നിലയിൽ ഒരു വ്യക്തിക്ക് ഒരേ തസ്തികയിൽ 2 ടേമിൽ കൂടുതൽ തുടർച്ചയായി ഭാരവാഹിയായി തുടരാൻ അനുവാദമില്ല.

ഇടവക കുടുംബകൂട്ടായ്മ കേന്ദ്രസമിതി ഇലക്ഷൻ കഴിഞ്ഞാൽ എല്ലാ കുടുംബകൂട്ടായ്മ യൂണിറ്റ് ഭാരവാഹികളുടെയും ഇടവക കേന്ദ്രസമിതി ഭാരവാഹികളുടെയും പൂർണ്ണമായ മേൽവിലാസം ഫോൺ നമ്പർ സഹിതം രേഖപ്പെടുത്തി അതിരൂപത ഓഫീസിൽ 2025 ആഗസ്റ്റ് 31 ന് മുൻപായി എത്തിക്കേണ്ടതാണ്.

**മെറിറ്റ് ഡേ**

2025 ജൂലൈ 5-ാം തിയ്യതി ശനിയാഴ്ച്ച ഉച്ചതിരിഞ്ഞ് 2 മണിക്ക് ഫാമിലി അപ്പൊസ്റ്റൊലേറ്റിൽ വച്ച് മെറിറ്റ് ഡേ 2025 അഭിവന്ദ്യ മാർ ടോണി നീലങ്കാവിൽ ഉദ്ഘാടനം നിർവ്വഹിച്ചു. പ്രസ്തുത യോഗത്തിൽ 2024 - 2025 അദ്ധ്യയന വർഷത്തിലെ പത്ത്, പന്ത്രണ്ട് ക്ലാസ്സുകളിലായി വിവിധ സിലബസുകളിൽ ഫുൾ എ പ്ലസ്, ഫുൾ എ വൺ നേടിയ കുടുംബകൂട്ടായ്മ ഭാരവാഹികളുടെ മക്കളെ അഭിവന്ദ്യ പിതാവ് ആദരിക്കുകയും ചെയ്തു. ആദരവിന് മുന്നോടിയായി ഉന്നത പഠനത്തിനായി ഒരുങ്ങുന്ന വിദ്യാർത്ഥികൾക്ക് ഡയറക്ടർ ഫാ. ഫ്രാൻസിസ് ടിങ്കിൾ വാഴപ്പിള്ളി മോട്ടിവേഷൻ ക്ലാസ്സ് നൽകുകയും ചെയ്തു.

**ഉണർവ് - 2025**

തൃശ്ശൂർ അതിരൂപത കുടുംബകൂട്ടായ്മയുടെ നേതൃത്വത്തിൽ കുടുംബകൂട്ടായ്മയുടെ പ്രവർത്തനങ്ങളെ ശക്തിപ്പെടുത്തുക എന്ന ലക്ഷ്യത്തോടെ കുടുംബകൂട്ടായ്മ ഭാരവാഹികൾക്കുവേണ്ടി നടത്തുന്ന ഉണർവ്- 2025 വടൂക്കര, പീച്ചി എന്നീ ഇടവകകളിൽ മനോഹരമായി നടത്തപ്പെട്ടു. ഇതിന് നേതൃത്വം നൽകിയ ബഹു. വികാരിയച്ചന്മാർക്കും കേന്ദ്രസമിതി ഭാരവാഹികൾക്കും പ്രത്യേകം നന്ദി. ഉണർവ്വ് - 2025 എന്ന ഈ പ്രോഗ്രാം എല്ലാ ഇടവകകളിലും പുതിയ കുടുംബകൂട്ടായ്മ ഭാരവാഹികൾക്കായി നടത്തുവാൻ ശ്രദ്ധിക്കുമല്ലോ. ആവശ്യമുള്ളവർ നേരത്തെ വിളിച്ച് ബുക്ക് ചെയ്യേണ്ടതാണ്. ഫോൺ. 8281064381.

**ഫാ. ടിങ്കിൾ വാഴപ്പിള്ളി**
ഡയറക്ടർ

**ഫാ. അനീഷ് കൂത്തൂർ**
അസി. ഡയറക്ടർ

**ഷിന്റോ മാത്യു**
ജനറൽ കൺവീനർ

**പ്രൊഫ. ജോർജ്ജ് അലക്സ്**
ജനറൽ സെക്രട്ടറി

# മാതൃവേദി

## പ്രാർത്ഥനാദിനവും ആരോഗ്യ ബോധവൽക്കരണ ക്ലാസ്സും

തൃശ്ശൂർ അതിരൂപതയിലെ മാതൃവേദിയുടെ നേതൃത്വത്തിൽ പ്രാർത്ഥനാദിനവും ആരോഗ്യ ബോധവൽക്കരണ ക്ലാസ്സും ആഗസ്റ്റ് 11-ാം തിയ്യതി തിങ്കളാഴ്ച്ച 1.30 മുതൽ 4.30 വരെ തൃശ്ശൂർ ഫാമിലി അപ്പൊസ്റ്റൊലേറ്റിൽ വച്ച് ഉണ്ടായിരിക്കുന്നതാണ്. ഈ ക്ലാസ്സിലേക്ക് താൽപര്യമുള്ള എല്ലാ അമ്മമാരെയും ഏറെ സ്നേഹത്തോടെ ക്ഷണിക്കുന്നു. പങ്കെടുക്കാൻ ആഗ്രഹിക്കുന്നവർ മാതൃവേദി ഭാരവാഹികളുമായി ബന്ധപ്പെടുക.

## കരകൗശല, ഫുഡ് പ്രദർശനവും വിൽപ്പനയും

അമ്മമാരുടെ കഴിവുകളെ വളർത്തുക, പ്രോത്സാഹിപ്പിക്കുക എന്ന ലക്ഷ്യത്തോടെ നമ്മൾ ആരംഭിച്ചിരിക്കുന്ന കരകൗശല വസ്തുക്കളുടെ പ്രദർശനവും, ഫുഡ് പ്രദർശനവും വിൽപനയും ഈ പ്രാവശ്യം നടത്തേണ്ടത് ചേലക്കര, പുത്തൂർ ഫൊറോനകളിലെ ഇടവകകളാണ്. താൽപര്യമുള്ളവർ ആഗസ്റ്റ് 11-ാം തിയ്യതി തിങ്കളാഴ്ച്ച കൊണ്ടുവരാവുന്നതാണ്.

**ഫാ. ടിങ്കിൾ വാഴപ്പിള്ളി**
ഡയറക്ടർ

**ഫാ. അനീഷ് കൂത്തൂർ**
അസി. ഡയറക്ടർ

**ശ്രീമതി ഉജ്ജ്വല ബിജു**
പ്രസിഡണ്ട്

**ശ്രീമതി റീന വർഗ്ഗീസ്**
സെക്രട്ടറി

# പിതൃവേദി

## പിതൃവേദി സംഗമം & മെറിറ്റ് ഡേ

തൃശ്ശൂർ അതിരൂപത പിതൃവേദി അംഗങ്ങൾ എല്ലാവരും ഒത്തുചേരുന്ന പിതൃവേദി സംഗമവും 2024 - 2025 അദ്ധ്യയന വർഷത്തിലെ പത്ത്, പന്ത്രണ്ട് ക്ലാസ്സുകളിലായി വിവിധ സിലബസുകളിൽ ഫുൾ എ പ്ലസ്, ഫുൾ എ വൺ നേടിയ പിതൃവേദി അംഗങ്ങളുടെ മക്കൾക്കുള്ള ആദരവും ആഗസ്റ്റ് 17-ാം തിയ്യതി ഞായറാഴ്ച്ച ഉച്ചകഴിഞ്ഞ്

2.30 ന് തൃശ്ശൂർ ഫാമിലി അപ്പൊസ്റ്റൊലേറ്റിൽ വച്ച് അഭിവന്ദ്യ മാർ ആൻഡ്രൂസ് താഴത്ത് പിതാവിന്റെ അദ്ധ്യക്ഷതയിൽ നടത്തുന്നതായിരിക്കും. പിതൃവേദി അംഗങ്ങളെല്ലാവരും പിതൃവേദി സംഗമത്തിൽ പങ്കെടുക്കണമെന്ന് ഓർമ്മപ്പെടുത്തുകയും സമ്മാനർഹരായവരെ മെറിറ്റ് ഡേയിലേക്ക് ക്ഷണിക്കുകയും ചെയ്യുന്നു.

**ഫാ. ടിങ്കിൾ വാഴപ്പിള്ളി**
ഡയറക്ടർ

**ശ്രീ. ജോജു നീലങ്കാവിൽ**
പ്രസിഡന്റ്

# ലീജിയൺ ഓഫ് അപ്പസ്തോലിക് ഫാമിലീസ്

## LOAF SPIRITUAL DAY

കുടുംബങ്ങൾക്ക്വേണ്ടി ലോഫ് ഒരുക്കുന്ന 'ആത്മീയ സായാഹ്നം' ആഗസ്റ്റ് 9-ാം തിയ്യതി ഫാമിലി അപ്പൊസ്റ്റൊലേറ്റിൽ വെച്ച് നടത്തപ്പെടുന്നു. ദിവ്യകാരുണ്യ ആരാധന, വി.ബലി, വചന സന്ദേശം എന്നിവ ഉണ്ടായിരിക്കുന്നതാണ്. താൽപര്യമുള്ള എല്ലാ കുടുംബങ്ങളെയും ഏറെ സ്നേഹത്തോടെ ക്ഷണിക്കുന്നു.

## LOAF COUPLES RETREAT

ദമ്പതികൾക്കായി ലോഫ് ഒരുക്കുന്ന ദമ്പതി ധ്യാനം ആഗസ്റ്റ് - 8,9,10 തിയ്യതികളിലായി ലോഫിന്റെ നേതൃത്വത്തിൽ TIMHANS, പെരിങ്ങണ്ടൂർ, അത്താണിയിൽ വച്ച് സംഘടിപ്പിക്കുന്നു. ആഗസ്റ്റ് 8 വെള്ളിയാഴ്ച വൈകീട്ട് 6 മണി മുതൽ 10 ഞായറാഴ്ച വൈകീട്ട് 5 മണി വരെയാണ് ധ്യാനം ക്രമീകരിച്ചിരിക്കുന്നത്. വിശദവിവരങ്ങൾക്ക് താഴെ കാണുന്ന നമ്പറിൽ ബന്ധപ്പെടുക. 8921049153, 9446996285, 9895924182.

## LOAF ACADEMIC SESSION

ലോഫ് അക്കാഡമിക് സെക്ഷൻ ആഗസ്റ്റ് 24-ാം തിയ്യതി ഞായറാഴ്ച്ച ഫാമിലി അപ്പൊസ്റ്റൊലേറ്റിൽ വച്ച് കൂടുന്നതാണ്. എല്ലാ കുടുംബങ്ങളെയും ഏറെ സ്നേഹത്തോടെ ക്ഷണിക്കുന്നു.

**ഫാ. ടിങ്കിൾ വാഴപ്പിള്ളി**
ഡയറക്ടർ

**ഡോ. ജോണി തോമസ്**
**& ഡോ. ബെറ്റ്സി ജോണി**
പ്രസിഡണ്ട് ദമ്പതികൾ

# ജോൺപോൾ പ്രോലൈഫ് മൂവ്മെന്റ്

**തിരുമണിക്കൂർ ആരാധന, വി. കുർബാന**

തൃശ്ശൂർ അതിരൂപതയിലെ പ്രോലൈഫ് പ്രസ്ഥാനത്തിലെ എല്ലാ അംഗങ്ങളും ഒന്നു ചേർന്ന് ജീവന്റെ മേഖലയിൽ പ്രവർത്തിക്കുന്ന വർക്കു വേണ്ടിയും ജീവനെതിരായി പ്രവർത്തിക്കുന്നവരുടെ മാന സാന്തരത്തിനുവേണ്ടിയും തൃശ്ശൂർ ഫാമിലി അപ്പൊസ്റ്റൊലേറ്റിൽ വച്ച് ആഗസ്റ്റ് 4 തിങ്കൾ വൈകീട്ട് 4.30 മുതൽ 6.00 വരെ നടത്തുന്ന തിരുമണിക്കൂർ ആരാധനയിലേക്കും വിശുദ്ധ കുർബാനയിലേക്കും എല്ലാ അംഗങ്ങളെയും സ്നേഹപൂർവ്വം ക്ഷണിക്കുന്നു.

**ഏലീശ്വാ സഹഗമനം**

തൃശ്ശൂർ അതിരൂപതയിലെ പ്രോലൈഫ് പ്രസ്ഥാനത്തിന്റെയും ഹോളി ഫാമിലി സിസ്റ്റേഴ്സിന്റേയും നേതൃത്വത്തിൽ നല്ല കുഞ്ഞു ങ്ങൾ പിറക്കുക എന്ന ലക്ഷ്യത്തോടെ ആരംഭിച്ചിട്ടുള്ള ഏലീശ്വാ സഹഗമനം ജൂലായ് മാസത്തെ ഓൺലൈൻ ആരാധനയും ക്ലാസ്സും ആഗസ്റ്റ് 10-ാം തിയ്യതി ഞായറാഴ്ച്ച വൈകീട്ട് 5.30 മുതൽ 6.30 വരെ ഉണ്ടായിരിക്കുന്നതാണ്. ഇതിലേയ്ക്ക് എല്ലാ ഗർഭിണികളെയും സ്നേഹപൂർവ്വം ക്ഷണിക്കുന്നു. ഓൺലൈൻ ലിങ്ക് ലഭിക്കുന്നതി നും കൂടുതൽ വിവരങ്ങൾ അറിയാനും ആഗ്രഹിക്കുന്നവർ ഇതോ ടൊപ്പമുള്ള നമ്പറിൽ വിളിക്കേണ്ടതാണ് 7736106824.

**പ്രോലൈഫ് യൂത്ത് മീറ്റ്**

തൃശ്ശൂർ അതിരൂപതയിലെ പ്രോലൈഫ് പ്രസ്ഥാനത്തിന്റെ നേ തൃത്വത്തിൽ ആഗസ്റ്റ് 16-ാം തിയ്യതി ശനിയാഴ്ച്ച ഉച്ചകഴിഞ്ഞ് 2 മുതൽ 4.00 വരെ യുവജനങ്ങളെ ജീവന്റെ മൂല്യത്തെകുറിച്ച് ബോധ വൽക്കരിക്കുന്ന പ്രോലൈഫ് യൂത്ത് മീറ്റ് തൃശ്ശൂർ ഫാമിലി അപ്പൊ സ്റ്റൊലേറ്റിൽ വച്ച് നടത്തുന്നതാണ്.

**ഫാ. ടിങ്കിൾ വാഴപ്പിള്ളി**
ഡയറക്ടർ

**ശ്രീ. ജെയിംസ് ആഴ്ചങ്ങാടൻ**
പ്രസിഡന്റ്

# തൃശ്ശൂർ അതിരൂപത ഫെസിലിറ്റേഷൻ സെന്റർ

**സെൻട്രൽ സെക്ടർ സ്കോളർഷിപ്പ്**

പ്ലസ് ടു മാർക്കിന്റെ അടിസ്ഥാനത്തിൽ, തുടർപഠനത്തിന് കേന്ദ്ര സർക്കാർ നൽകുന്ന സെൻട്രൽ സെക്ടർ സ്കോളർഷിപ്പിന് ഇപ്പോൾ അപേക്ഷിക്കാം. കേന്ദ്ര ഉന്നത വിദ്യാഭ്യാസ വകുപ്പ് 82,000 വിദ്യാർത്ഥികൾക്കാണ് തുടർപഠനത്തിന് സെൻട്രൽ സെക്ടർ സ്കോളർഷിപ്പ് നൽകുന്നത്. ഒക്ടോബർ 31 വരെയാണ് അപേക്ഷിക്കാനവസരം. ഡിഗ്രി പഠനത്തിന് പ്രതി വർഷം 12,000 രൂപയും തുടർന്ന് ബിരുദാനന്തര ബിരുദത്തിന് പ്രതിവർഷം 20,000 രൂപയും ലഭിക്കും.

**ഒന്നാംവർഷ PG വിദ്യാർത്ഥികൾക്കായ് 3 ലക്ഷം രൂപയുടെ National Scholarship**

PG വിദ്യാർത്ഥികൾക്കായി National scholarship Portal മുഖേനെ UGC നൽകുന്ന 3 ലക്ഷം രൂപയുടെ സ്കോളർഷിപ്പാണ് National Scholarship for Post Graduate Studies.

അവസാന തീയതി: October 31

യോഗ്യത: PG കോഴ്സുകളിൽ ഒന്നാം വർഷം പഠിക്കുന്ന വിദ്യാർത്ഥികൾക്കും ഇന്റഗ്രേറ്റഡ് പിജി കോഴ്സുകളിൽ നാലാം വർഷം പഠിക്കുന്ന വിദ്യാർത്ഥികൾക്കും മാത്രമാണ് അപേക്ഷിക്കാൻ സാധിക്കുക. വരുമാന പരിധി ഇല്ല. റെഗുലർ കോഴ്സുകളിൽ പഠിക്കുന്നവർക്ക് മാത്രമാണ് അപേക്ഷിക്കാൻ സാധിക്കുക. സെൽഫ് ഫിനാൻസിംഗ് കോഴ്സുകളിലെ വിദ്യാർത്ഥികൾക്കും അപേക്ഷിക്കാവുന്നതാണ്. ആർട്സ്, ഹ്യൂമാനിറ്റീസ്, സോഷ്യൽ സയൻസ്, നിയമം, മാനേജ്മെന്റ്, സയൻസ്, എൻജിനീയറിംഗ്, മെഡിക്കൽ, ടെക്നിക്കൽ, അഗ്രികൾച്ചർ, എന്നിങ്ങനെയുള്ള ഒട്ടുമിക്ക വിഭാഗം പിജി വിദ്യാർത്ഥികൾക്കും അപേക്ഷിക്കാവുന്നതാണ്.

ഡിഗ്രിയിലെ മാർക്കിന്റെ അടിസ്ഥാനത്തിൽ ആകും തിരഞ്ഞെടുപ്പ്. ആകെ 10000 പേർക്കാണ് സ്കോളർഷിപ്പ് ലഭിക്കുക. 30% സ്കോളർഷിപ്പുകൾ പെൺകുട്ടികൾക്ക് സംവരണം ചെയ്തിട്ടുണ്ട്. ഒറ്റ പെൺകുട്ടികൾക്ക് തിരഞ്ഞെടുപ്പിൽ മുൻഗണന ഉണ്ട്. സ്കോളർഷിപ്പിന് അപേക്ഷിക്കുന്ന വിദ്യാർത്ഥികൾക്ക് മറ്റു NSP സ്കോളർഷിപ്പുകൾ സ്വീകരിക്കാൻ കഴിയില്ല.

**സുകന്യ സമൃദ്ധി യോജന (SSY) 2025 – 2026**

ഉപരിപഠനം ഉൾപ്പെടെ ഭാവിയിൽ പെൺകുട്ടികളുടെ വിവിധ ആവശ്യങ്ങൾ നിറവേറ്റാൻ സഹായിക്കുന്ന ലഘു സമ്പാദ്യ പദ്ധതിയാണ് സുകന്യ സമൃദ്ധി യോജന. കേന്ദ്രസർക്കാരിന്റെ 'ബേട്ടി ബച്ചാവോ ബേട്ടി പഠാവോ' എന്ന പദ്ധതിയുടെ ഭാഗമായാണ് സുകന സമൃദ്ധി ആരംഭിച്ചത്. പെൺകുട്ടികളുടെ വിദ്യാഭ്യാസ വിവാഹ ചെലവുകൾക്കായി പണം സ്വരൂപിക്കാൻ ഈ പദ്ധതിയിലൂടെ മാതാപിതാക്കൾക്ക് കഴിയും.

പദ്ധതികളെ സംബന്ധിച്ചുള്ള വിശദമായ വിവരണം 2025 ആഗസ്റ്റ് മാസത്തിലെ കത്തോലിക്ക സഭ പത്രത്തിൽ പ്രസിദ്ധം ചെയ്തിട്ടുണ്ട്. അന്വേഷണങ്ങൾക്ക് തൃശൂർ അതിരൂപത ഫാമിലി അപ്പോസ്റ്റോലേറ്റിൽ പ്രവർത്തിക്കുന്ന അതിരൂപത ഫെസിലിറ്റേഷൻ സെന്റർ ഓഫീസുമായി ഫോണിൽ ബന്ധപ്പെടാവുന്നതാണ്. വിശദാംശങ്ങളും അപേക്ഷ ഫോമും www.afctcr.com എന്ന വെബ്സൈറ്റിലും ലഭ്യമാണ്. സംശയ ദുരീകരണത്തിനു (+91) 7909293325, 7902713325 എന്ന നമ്പറുകളിൽ വിളിക്കുക.

**ഫാ. ടിങ്കിൾ വാഴപ്പിള്ളി**
ഡയറക്ടർ

**ശ്രീ. ജോമി ജോൺസൻ**
കൺവീനർ

**ശ്രീ. ജെയിംസ് ആഴ്ചങ്ങാടൻ**
ജോ. കൺവീനർ

# ചിൽഡ്രൻസ് മിനിസ്ട്രി

**ആമി ജെസു ചാലഞ്ച് 2025 പരീക്ഷ**

തൃശ്ശൂർ അതിരൂപത ചിൽഡ്രൻസ് മിനിസ്ട്രിയുടെ നേതൃത്വത്തിൽ 2025 ജൂൺ 22ന് കുരിയച്ചിറ സെന്റ് ജോസഫ് മോഡൽ സ്കൂളിൽ ഉച്ചതിരിഞ്ഞ് 3 മണി മുതൽ 5 മണി വരെ ആമി ജെസു ചാലഞ്ചിന്റെ പരീക്ഷ സംഘടിപ്പിച്ചു. ഏകദേശം 300 ഓളം കുട്ടികൾ പരീക്ഷയിൽ പങ്കെടുത്തു. ആമി ജെസു ചാലഞ്ചിന്റെ പരീക്ഷാഫലം 15 ആഗസ്റ്റ് 2025 ന് പ്രസിദ്ധീകരിക്കുന്നതായിരിക്കും. പങ്കെടുത്ത എല്ലാവർക്കും അതിന് അവരെ ഒരുക്കിയ മാതാപിതാക്കൾക്കും ഒത്തിരി സ്നേഹത്തോടെ നന്ദി പറയുന്നു.

**ഫൊറോന പ്രമോട്ടേഴ്സ് മീറ്റിംഗ്**

ചിൽഡ്രൻസ് മിനിസ്ട്രി ഫൊറോന പ്രമോട്ടേഴ്സിന്റെ മീറ്റിംഗ് ഡി.ബി.സി.എൽ.സി.യിൽ വച്ച് നടത്തപ്പെട്ടു. ഈ യോഗത്തിലെ ചർച്ചയ്ക്കുശേഷം, അതിരൂപത കലാമത്സരങ്ങളിലെ ചില മത്സരങ്ങൾ മാറ്റുകയും, ചില പ്രോഗ്രാം ഒന്നിടവിട്ട് വരുന്ന വർഷങ്ങളിൽ നടത്തുവാനും തീരുമാനിക്കുകയും ചെയ്തു. കൂടാതെ, എല്ലാ വർഷവും ഏപ്രിൽ മാസത്തിൽ നടത്തുവാറുള്ള തിരുബാലസഖ്യം, അൾത്താര സംഘം, ജൂനിയർ സി.എൽ.സി എന്നീ സംഘടനകളുടെ കുട്ടികൾക്കായുള്ള, അതിരൂപതാതല ഫോർമേഷൻ ക്യാമ്പുകൾ ഓഗസ്റ്റ് മാസം മുതൽ ഫൊറോനകളിൽവെച്ച് നടത്തുവാൻ തീരുമാനിച്ചു.

**സാഹിത്യമത്സരം 2025**

തൃശ്ശൂർ അതിരൂപത ചിൽഡ്രൻസ് മിനിസ്ട്രിയുടെ ആഭിമുഖ്യത്തിൽ 2025 ജൂലൈ 12 തിയ്യതി ശനിയാഴ്ച ഉച്ചയ്ക്ക് 1.30ക്ക് കുരിയച്ചിറ, സെന്റ് ജോസഫ് മോഡൽ സ്കൂളിൽ വച്ച് തിരുബാലസഖ്യം അൾത്താരസംഘം ജൂനിയർ സി.എൽ.സി എന്നീ സംഘടനകളുടെ കുട്ടികൾക്കായുള്ള സാഹിത്യമത്സരങ്ങൾ സംഘടിപ്പിച്ചു. ചെറുകഥ, കവിത, ഉപന്യാസം, പെൻസിൽ ഡ്രോയിങ് എന്നീ വിഭാഗങ്ങളിലാണ് മത്സരങ്ങൾ നടത്തപ്പെട്ടത്. അതിരൂപതയിലെ വിവിധ ഇടവകകളിൽ നിന്നുമായി ആയിരത്തിനാന്നൂറോളം കുട്ടികൾ മത്സരത്തിൽ പങ്കെടുത്തു. ചിൽഡ്രൻസ് മിനിസ്ട്രിയുടെ ഓരോ പ്രവർത്തനങ്ങളിലും കൂടുതൽ ഉത്സാഹത്തോടെ പങ്കെടുക്കുന്ന അതിരൂപതയിലെ മിടുക്കരായ എല്ലാ കുഞ്ഞുങ്ങളോടും നന്ദിയും സ്നേഹവും അഭിനന്ദനങ്ങളും അറിയിക്കുന്നു. മത്സരഫലം 2025 ഓഗസ്റ്റ് 15 ന് ഉള്ളിൽ. അറിയിക്കുന്നതാണ്.

**ബെർക്കുമെൻസ് ദിനാചരണം**

അൾത്താരസംഘം കുട്ടികൾ ആഗസ്റ്റ് 13 ന് അവരുടെ മധ്യസ്ഥനായ വിശുദ്ധ ജോൺ ബെർക്കുമെൻസിന്റെ തിരുനാൾ ഇടവകതലത്തിൽ ആചരിക്കണം എന്ന് സ്നേഹത്തോടെ ഓർമ്മപ്പെടുത്തുന്നു അന്നേ ദിവസം സംഘാടനാംഗങ്ങൾ വി. കുർബാനയിൽ കാഴ്ച സമർപ്പണം നടത്തുന്നതും വി. കുർബാനയ്ക്കുശേഷം പതാക ഉയർത്തുന്നതും ഉചിതമാണ്. അൾത്താരസംഘത്തിന്റെ പതാക ചിൽഡ്രൻസ് മിനിസ്ട്രി ഓഫീസിൽ നിന്ന് ലഭിക്കുന്നതാണ്.

**ഫൊറോനതല കലാ മത്സരങ്ങൾ 2025**

തിരുബാലസഖ്യം, അൾത്താരസംഘം ജൂനിയർ സി.എൽ.സി സംഘടനകളിലെ കുട്ടികൾക്കായുള്ള ഫൊറോനതല കലാമത്സരങ്ങൾ ആഗസ്റ്റ്, സെപ്റ്റമ്പർ മാസങ്ങളിലായി ഫൊറോനകളിൽ

നടത്തുന്നതായിരിക്കും. മത്സരങ്ങളുടെ പൊതുനിർദേശങ്ങളും എൻട്രി ഫോം ലഭിക്കാത്തവർ ചിൽഡ്രൻസ് മിനിസ്ട്രി ഓഫീസുമായി ബന്ധപ്പെടേണ്ടതാണ്. സ്കൂൾ തിരുബാലസഖ്യം കുട്ടികൾക്കായുള്ള അതിരൂപതാതല കലോത്സവത്തിന്റെ പൊതുനിർദേശങ്ങളും എൻട്രി ഫോമും പിന്നീട് അറിയിക്കുന്നതാണ്.

**പ്രാർത്ഥിക്കാം പ്രവർത്തിക്കാം**

<u>തിരുവചനം :</u> കർത്താവാണ് എന്റെ സഹായകൻ ഞാൻ ഭയപ്പെടുകയില്ല (ഹെബ്രാ: 13: 6)

<u>സുകൃതജപം :</u> സ്വർഗ്ഗാരോപിതയായ പരിശുദ്ധ കന്യകാ മറിയമേ, നിന്നെ ഞാൻ സ്നേഹിക്കുന്നു, ആത്മാക്കളെ രക്ഷിക്കണമേ.

<u>പ്രാർത്ഥനാ നിയോഗം:</u> വഴിതെറ്റിയ മക്കൾ ഈശോയുടെ സ്നേഹത്തിലേക്ക് പിൻതിരിയുന്നതിനും അവർ അവിടുത്തെ കരുണയിൽ സുരക്ഷിതരാകുകയും ചെയ്യുന്നതിനായി നമുക്ക് പ്രാർഥിക്കാം.

<u>പ്രവർത്തനം :</u> മക്കളാൽ അവഗണിക്കപ്പെടുന്ന മാതാപിതാക്കന്മാർക്കായ് പ്രാർത്ഥിക്കുകയും അവരെ സന്ദർശിച്ച് ആശ്വസിപ്പിക്കുകയും ചെയ്യുക.

**പരിചയപ്പെടുന്ന വിശുദ്ധ**

'ഇടവിടാതെ പ്രാർത്ഥിക്കുവിൻ', എന്ന വി. പൗലോസ് ശ്ലീഹായുടെ ആഹ്വാനത്തിന് ജീവനേകിയ ഒരു അമ്മയെ ഇന്ന് നിങ്ങൾക്ക് പരിചയപ്പെടുത്തുന്നു. വർഷങ്ങളോളം കണ്ണീരോടെ, എല്ലാ പ്രതിബന്ധങ്ങൾക്കിടയിലും തന്റെ ക്രിസ്തുവിൽ നിന്നകന്ന തന്റെ ഭർത്താവിനും മകനും വേണ്ടി പ്രാർത്ഥിച്ച് അവരെ ക്രിസ്തുവിൽ നേടിയ വിശുദ്ധ മോനിക്കയേയാണ് നാം ഈ മാസം സ്മരിക്കുന്നത്. ആഫ്രിക്കയിലെ തഗാസ്റ്റെ എന്ന സ്ഥലത്ത് എ ഡി 331 നായിരുന്നു വി. മോനിക്കയുടെ ജനനം. വി. മോനിക്ക തന്റെ വിശ്വാസത്തെ വിമർശിക്കുന്ന അക്രമാസക്തനായ ഒരു പുരുഷനെ വിവാഹം കഴിച്ചു. ക്ഷമയോടെ ദയയോടെ അവൾ അദ്ദേഹത്തിന്റെ കോപത്തെ സഹിഷ്ണുതയോടെ നേരിടുകയും ജീവിതാവസാനത്തോടെ തന്റെ ഭർത്താവിനെ ക്രിസ്തുമതത്തിലേക്ക് ആകർഷിക്കാൻ അവൾക്ക് സാധിക്കുകയും ചെയ്തു.

വി. മോനിക്കയുടെ ബുദ്ധിമാനായ മകൻ അഗസ്റ്റിൻ പാപത്തിന്റെ പടുകുഴിയിൽ വീണപ്പോൾ, അവൾ അവനുവേണ്ടി കൂടുതൽ പ്രാർത്ഥിക്കുകയും ഉപവസിക്കുകയും കരയുകയും ചെയ്തു. വി.മോനിക്ക 33 വർഷം തന്റെ മകനുവേണ്ടി കണ്ണീരോടെ പ്രാർത്ഥിച്ചിരുന്നു. വിശുദ്ധയുടെ പ്രാർഥനയ്ക്ക് ദൈവം ഒടുവിൽ ഉത്തരം നൽകി. അവൻ ഒടുവിൽ വിശ്വാസത്തിന്റെ മികച്ച വക്താവും സഭ

യുടെ വേദപാരംഗതനുമായി ഉയർത്തപ്പെട്ടു. വി. അഗസ്റ്റിൻ തന്റെ അമ്മയെക്കുറിച്ച് നന്ദിയോടെ എഴുതി: 'അവൾ വളരെ കുറച്ച് മാത്രമേ പറഞ്ഞുള്ളൂ, ഒട്ടും പ്രസംഗിച്ചില്ല, ആഴത്തിൽ സ്നേഹിച്ചു, പ്രാർത്ഥിച്ചു.' ഏ ഡി 387 ആഗസ്റ്റ് 27 ന് ഇറ്റലിയിലെ ഓസ്തിയ എന്ന സ്ഥലത്തുവെച്ച് വി. മോനിക്ക ഇഹലോകാവാസം വെടിഞ്ഞു. സ്നേഹത്തിന്റെയും കണ്ണീരിന്റെയും, എല്ലാറ്റിനുമുപരി പ്രാർത്ഥനയിലെ സ്ഥിരോത്സാഹത്തിന്റെയും ശക്തിയുടെ തെളിവായി വി. മോനിക്ക നിലകൊള്ളുന്നു. ഓഗസ്റ്റ് 27 ന് തിരുസഭ, വിശുദ്ധ മോനിക്കായെ അനുസ്മരിക്കുന്നു. നമുക്കും പ്രാർഥിക്കാം വിശുദ്ധ മോനിക്കയെ ഞങ്ങൾക്കുവേണ്ടി പ്രാർത്ഥിക്കണമേ.

**ഫാ. പോൾ മുട്ടത്ത്**
ഡയറക്ടർ

**സി. ജീജ SSPC**
കോർഡിനേറ്റർ

# ജീസസ്സ് യൂത്ത്

**കോർഡിനേറ്റർസ് ട്രെയിനിംങ്**

ജീസസ് യൂത്ത് തൃശൂർ സോണിന്റെ നേതൃത്വത്തിൽ കോർഡിനേറ്റർസ് ട്രെയിനിംങ് ജൂൺ 27,28,29 ദിവസങ്ങളിൽ ഗലീലി ചിയാരത്ത് വെച്ച് സംഘടിപ്പിച്ചു. മൂന്ന് ദിവസം നീണ്ടുനിന്ന ഈ ട്രെയിനിങ്ങിൽ 18 സബ്സോൺ, മിനിസ്ട്രി, ടീം കോർഡിനേറ്റർസ് ആണ് പങ്കെടുത്തത്. ആത്മീയ തലവും, പരിശീലനതലവും എന്നിങ്ങനെ രണ്ട് ഭാഗമായാണ് ട്രെയിനിംങ് കടന്നുപോയത്.

ദൈവസ്നേഹത്തെകുറിച്ചും, മൂവ്മെന്റിന്റെ ആറു സ്തൂപങ്ങളെക്കുറിച്ചും, എങ്ങനെ കൂടുതൽ തീക്ഷ്ണതയോടെ അവരായിരിക്കുന്ന സബ്സോൺ, മിനിസ്ട്രി, ടീമുകളിൽ ശുശ്രൂഷ ചെയ്യാമെന്നതിനെപറ്റിയുള്ള ക്ലാസുകളിലൂടെ കടന്നു പോയി. ഓരോ സെഷനുശേഷം വ്യക്തിപരമായി വിചിന്തനത്തിലൂടെയും, ഗ്രൂപ്പ് ചർച്ചകളിലൂടെയും, ആക്ടിവിറ്റിയിലൂടെയും വിഷയത്തെ കൂടുതൽ മനസ്സിലാക്കുവാനുള്ള അവസരം കൊടുത്തു. ആരാധനയിലൂടെയും, വിശുദ്ധ കുർബാനയിലെയുടെയും ദൈവസന്നിധ്യത്തിൽ ആയിരിക്കാൻ സാധിച്ചു.

തൃശ്ശൂർ അതിരൂപത ജീസസ്സ് യൂത്ത് ഡയറക്ടർ ഫാ. ബാസ്റ്റിൻ പുന്നോലിപറമ്പിൽ, അസിസ്റ്റന്റ് ഡയറക്ടർ ഫാ. ബിജോയ് പൊൻ

പറമ്പിൽ, ഫാ. ഷോജി വർഗീസ്, ഫാ. തേജസ് കുന്നപ്പിള്ളിൽ, സി. മേരീസ് എഫ്. സി.സി, ജീസസ് യൂത്ത് സോണൽ കോർഡിനേറ്റർ ആൽവിൻ ഡേവിസ്, ജനറൽ കോർഡിനേറ്റർ എയ്ഞ്ചലീന, ഷൈജൻ പോൾ, ഷൈജു മാത്യു, ജിജോ ജോർജ്, സിന്റോ കെ. കെ, ബിനോയ് സി പോൾ, എം.എ ജോഷി എന്നിവർ സന്നിഹിതരായി.

**INTERCESSION INCHARGES GATHERING**

ജൂൺ മാസം 29ാംതീയതി Intercession ministry യുടെ നേതൃത്വത്തിൽ തൃശ്ശൂർ സോണിൽ ഉള്ള എല്ലാ മിനിസ്ട്രികളുടെയും ടീമുകളുടെയും സബ്സോണുകളുടെയും intercession incharge ന്റെ ആദ്യത്തെ gathering നടത്തുകയുണ്ടായി. തൃശ്ശൂർ St Clare's school വെച്ച് 2 മണി മുതൽ 5 മണി വരെ നടന്ന ഗ്യാതറിങ്ങിൽ മധ്യസ്ഥ പ്രാർത്ഥനയുടെ പ്രാധാന്യത്തെ പറ്റി കൂടുതൽ മനസ്സിലാക്കാൻ സഹായിക്കുന്ന ഫിബിൻ കല്ലൂരിന്റെ നേതൃത്വത്തിലുള്ള സെഷനും, ജപമാലയും, ആരാധനയും ഉണ്ടായിരുന്നു. മുപ്പതോളം പേർ ഈയൊരു ഗ്യാതറിങ്ങിൽ പങ്കെടുത്തിരുന്നു.

**ഫാ. ബാസ്റ്റിൻ പുന്നോലിപറമ്പിൽ**
ഡയറക്ടർ

**ഫാ. ബിജോയ് പൊൻപറമ്പിൽ**

**ജെറിൻ ജോയ്**
കോർഡിനേറ്റർ

# ലീജിയൻ ഓഫ് മേരി

**ആരാധനാ ദിനം**

തൃശ്ശൂർ അതിരൂപതാ പാസ്റ്ററൽ സെന്ററിൽ 15/06/2025 ന് കൂടിയ ലീജിയൻ ഓഫ് മേരി സംഘടനയുടെ അതിരൂപതാ കമ്മീസിയം മീറ്റിംഗിൽ ആഗസ്റ്റ് 16 ന് ആരാധനാ ദിനമായി ആചരിക്കുവാൻ തീരുമാനിച്ചു. തൃശ്ശൂർ അതിരൂപതയിലെ 120–ാളം ഇടവക പ്രസീദിയങ്ങളെ പങ്കെടുപ്പിച്ചുകൊണ്ട് സെന്റ് മേരീസ് കോളേജ് ഓഡിറ്റോറിയത്തിൽവെച്ച് ആരാധന നടത്തുന്നതിനും, ആരാധനയുടെ സമാപനം കുറിച്ച് കൊണ്ട് ആത്മീയനിയന്താവ് റവ ഡോ. ജോൺ മൂലനച്ചന്റെ കാർമ്മികത്വത്തിൽ വി. കുർബാന നടത്താനും യോഗം തീരുമാനിച്ചു.

**ഫാ. ജോൺ മൂലൻ**
ആദ്ധ്യാത്മിക നിയന്താവ്

# മദ്യവിരുദ്ധസമിതി

**മദ്യ-രാസ ലഹരികൾ നാടിന്റെ ശാപമാണ്-19.06.2025**

മദ്യ-രാസ ലഹരികൾ നാടിന്റെ ശാപമാണ് എന്ന് തൃശൂർ അതിരൂപത വികാരി ജനറാൾ മോൺ. ജെയ്സൺ കൂനംപ്ലാക്കൽ പ്രസ്താവിച്ചു. കെ.സി.ബി.സി. മദ്യവിരുദ്ധ സമിതി മുക്കാട്ടുകര സെന്റ് ജോർജ്ജ് ദൈവാലയ അങ്കണത്തിൽ സംഘടിപ്പിച്ച പ്രസ്ഥാനത്തിന്റെ സ്വർഗ്ഗീയ മദ്ധ്യസ്ഥനായ വാ. മാറ്റ് ടാൽബോത്ത് അനുസ്മരണ യോഗം ഉദ്ഘാടനം ചെയ്ത് പ്രസംഗിക്കുകയായിരുന്നു അദ്ദേഹം.

**അന്താരാഷ്ട്ര ലഹരിവിരുദ്ധ ദിനാചരണം – 26.06.2025**

കെ.സി.ബി.സി. മദ്യവിരുദ്ധ സമിതി തൃശൂർ അതിരൂപത അന്താരാഷ്ട്ര ലഹരിവിരുദ്ധ ദിനാചരണം സംഘടിപ്പിച്ചു. തൃശൂർ വരന്തരപ്പിള്ളി സെന്ററിൽ അരങ്ങേറിയ യോഗത്തിന് തൃശൂർ ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് ബഹു. ശ്രീ. വി.എസ്. പ്രിൻസാണ് ഉദ്ഘാടനം ചെയ്തത്. കല്ലൂർ സെന്റ് റാഫേൽ സ്കൂളിലെ വിദ്യാർത്ഥിനികൾ വേദിയിൽ ലഹരിയ്ക്കെതിരെ ഫ്ളാഷ്മോബ് അവതരിപ്പിച്ചു.

**മധ്യമേഖല സമ്മേളനം – 06.07.2025**

കെ.സി.ബി.സി. മദ്യവിരുദ്ധ സമിതി തൃശൂർ അതിരൂപത തൃശൂർ പാസ്റ്ററൽ സെന്ററിൽ മധ്യമേഖല സമ്മേളനം സംഘടിപ്പിച്ചു. ഇരിങ്ങാലക്കുട, തൃശൂർ, കോട്ടപ്പുറം, പാലക്കാട്, സുൽത്താൻപേട്ട എന്നീ രൂപത-അതിരൂപതകളാണ് യോഗത്തിൽ പങ്കെടുത്തത്. തൃശൂർ അതിരൂപത വികാരി ജനറാൾ മോൺ. ജോസ് കോനിക്കരയാണ് ഉദ്ഘാടനം ചെയ്തത്. മധ്യമേഖല പ്രസിഡന്റ് ശ്രീ. സാബു എടാട്ടുകാരൻ അധ്യക്ഷത വഹിച്ചു.

**ലഹരിവിരുദ്ധ ജനകീയ സദസ്സ് – 06.07.2025**

ലഹരിയ്ക്കെതിരായ പ്രവർത്തനം കാലഘട്ടത്തിന്റെ അനിവാര്യതയാണെന്നും സമൂഹം ഒറ്റക്കെട്ടായി അണിനിരക്കണമെന്നും റവ. ഫാ. ഫ്രാൻസീസ് പള്ളിക്കുന്നത്ത് പ്രസ്താവിച്ചു. കെ.സി.ബി.സി. മദ്യവിരുദ്ധ സമിതി തൃശൂർ കിഴക്കേകോട്ടയിൽ സംഘടിപ്പിച്ച മദ്യ-ലഹരി വിരുദ്ധ ജനകീയസദസ്സ് ഉദ്ഘാടനം ചെയ്ത് പ്രസംഗിക്കുകയായിരുന്നു അദ്ദേഹം.

**ഫാ. ദേവസ്സി പന്തല്ലൂക്കാരൻ**
ഡയറക്ടർ

**ശ്രീ. ലിന്റോ ഫ്രാൻസിസ്**
പി.ആർ.ഒ.

# അതിരൂപത പബ്ലിക് റിലേഷൻസ് ഡിപ്പാർട്ട്മെന്റ്

**പാരിഷ് ബുള്ളറ്റിൻ മത്സര വിജയികൾക്കുള്ള സമ്മാനദാനം ആഗസ്റ്റ് 30ന്**

തൃശ്ശൂർ അതിരൂപത പബ്ലിക് റിലേഷൻസ് വകുപ്പിന്റെ ആഭിമുഖ്യത്തിൽ അതിരൂപത മാധ്യമദിനം 2025 ഓഗസ്റ്റ് 30 ഉച്ചകഴിഞ്ഞ് രണ്ടിന് തൃശൂർ സെൻ തോമസ് മെഡിലിക്കോട്ട് ഹാളിൽ വച്ച് നടക്കും. ഈ മാധ്യമ ദിനത്തിൽ വച്ച് ഇടവകകളിൽ നിന്ന് നടത്തിയ പാരിഷ് ബുള്ളറ്റിൻ മത്സര വിജയികൾക്കുള്ള സമ്മാനങ്ങൾ വിതരണം ചെയ്യും.

**ഇടവക പി ആർ ഒ മാരുടെ പേരുകൾ നൽകണം**

നിലവിലുള്ള ഇടവക പി ആർ ഒ മാരുടെ പേരുകളും മറ്റ് വിവരങ്ങളും തൃശ്ശൂർ അതിരൂപതയിൽ നിന്ന് അയച്ച് തന്നിട്ടുള്ള ലിങ്ക് പൂരിപ്പിച്ച് എത്രയും വേഗം നൽകണമെന്ന് ബഹുമാനപ്പെട്ട വികാരിയച്ചന്മാരോട് വിനീതമായിട്ട് അഭ്യർത്ഥിക്കുന്നു.

**പാരിഷ് ബുള്ളറ്റിൻ മത്സരം 2024 വിജയികൾ**

എല്ലാ മാസവും പ്രസിദ്ധീകരിക്കുന്ന വിഭാഗത്തിലെ സമ്മാനാർഹർ

| | |
|---|---|
| ഒന്നാം സമ്മാനം | സാൻജോസ് പാരിഷ് വോയ്സ് - പാവറട്ടി |
| | കത്തീഡ്രൽ വോയ്സ് - തൃശ്ശൂർ ലൂർദ്ദ് |
| രണ്ടാം സമ്മാനം | സാന്തോം വോയ്സ് - തിരൂർ |
| | പാദുവാദീപം - മണ്ണുത്തി |
| | അമലോത്ഭവ - മരത്താക്കര |
| | മരിയ രശ്മി - പേരാമംഗലം |
| മൂന്നാം സമ്മാനം | മാർത്തോമാ ദീപ്തി - മറ്റം |
| | ഷാലോം - അരണാട്ടുകര |
| | നിർമ്മാല്യം - എരുമപ്പെട്ടി |

ഇടവിട്ട മാസങ്ങളിൽ പ്രസിദ്ധീകരിക്കുന്ന വിഭാഗത്തിലെ സമ്മാനാർഹർ

| | |
|---|---|
| ഒന്നാം സമ്മാനം | സാൻജോ പൾസ് - അമലനഗർ |
| രണ്ടാം സമ്മാനം | പ്രേഷിതനാദം - ചേലക്കര |
| മൂന്നാം സമ്മാനം | മരിയരശ്മി - നന്തിപുലം നോർത്ത് |

| | |
|---|---|
| | റോസറി വോയ്സ് – കല്ലൂർ പടിഞ്ഞാറ് |

<u>കവർ</u>

| | |
|---|---|
| ഒന്നാം സമ്മാനം | എഫ്ഫാത്ത – വാടാനപ്പിള്ളി |
| | സാൻജോസ് പാരിഷ് വോയ്സ് – പാവറട്ടി |
| രണ്ടാം സമ്മാനം | മരിയൻ വോയ്സ് – പൊങ്ങണംകാട് |
| | മാർത്തോമാ ദീപ്തി – മറ്റം |
| | സെന്റ് സേവിയേഴ്സ് വോയ്സ് – വടക്കാഞ്ചേരി |
| മൂന്നാം സമ്മാനം | സാൻജോ വോയ്സ് – കുരിയച്ചിറ |
| | ആന്റോസ് പാരിഷ് ബുള്ളറ്റിൻ – പുതുക്കാട് |
| | കത്തീഡ്രൽ വോയ്സ് – തൃശ്ശൂർ ലൂർദ്ദ് |

<u>എഡിറ്റോറിയൽ</u>

| | |
|---|---|
| ഒന്നാം സമ്മാനം | പാരിഷ് വോയ്സ് – നല്ലെങ്കര |
| | സി. കെ. ഫ്രാൻസിസ്, നല്ല ഇടയൻ – മുക്കാട്ടുകര |
| രണ്ടാം സമ്മാനം | പ്രദീപ് ഉപ്പാംതടം, പ്രേഷിതനാദം – ചേലക്കര |
| | സെബി എലുവത്തിങ്കൽ, അമലോത്ഭവ – മരത്താക്കര |
| | പ്രിൻസൺ പുത്തിരി, തിരുഹൃദയനാദം – പെരിഞ്ചേരി |
| | പാരിഷ് വോയ്സ് – ചിറ്റാട്ടുകര |
| മൂന്നാം സമ്മാനം | പാവുണ്ണി കാരമുക്ക്, ആമ്മേൻ – നോർത്ത് കാരമുക്ക് |
| | ലിന്റോ വടക്കൻ, ദിവ്യസ്പന്ദനം – കുറുമാൽ |
| | സെന്റ് ആന്റണീസ് വോയ്സ് – അന്തിക്കാട് |

<u>ലേ ഔട്ട്</u>

| | |
|---|---|
| ഒന്നാം സമ്മാനം | യേശുനാദം – ഒല്ലൂർ |
| | കത്തീഡ്രൽ വോയ്സ് – തൃശ്ശൂർ ലൂർദ്ദ് |
| രണ്ടാം സമ്മാനം | അമലോത്ഭവ – മരത്താക്കര |
| | ഡോളേഴ്സ് ഡൈജസ്റ്റ് – തൃശ്ശൂർ ബസിലിക്ക |

| | |
|---|---|
| | ചെറുപുഷ്പനാദം – ഒളരിക്കര |
| മൂന്നാം സമ്മാനം | നല്ല ഇടയൻ – മുക്കാട്ടുകര |
| | പാദുവാരശ്മി – അമ്മാടം |
| | എഫ്ഫാത്ത – വാടാനപ്പിള്ളി |

<u>കവിത</u>

| | |
|---|---|
| ഒന്നാം സമ്മാനം | ബൈജു തറയിൽ, തിരുകുടുംബദീപം – സേവനാലയം |
| | ചാക്കോതൈക്കാട്, ഗ്ലോറിയ– ബ്രഹ്മകുളം |
| രണ്ടാം സമ്മാനം | മാർട്ടിൻ ജെയിംസ്, നിത്യജ്യോതി – വിയ്യൂർ |
| | ഫ്രാൻസിസ് എം. വി., പാദുവാദീപം – മണ്ണുത്തി |
| മൂന്നാം സമ്മാനം | മെൽബി ഷിബു, പ്രേഷിതനാദം – ചേലക്കര |
| | ഫ്രാൻസിസ് എലുവത്തിങ്കൽ, ഷാലോം – അരണാട്ടുകര |
| | ആൽഗ മരിയ ടി. എസ്., ഫ്രാൻസിസ്കൻ വോയ്സ്– തലക്കോട്ടുകര |

<u>ലേഖനം</u>

| | |
|---|---|
| ഒന്നാം സമ്മാനം | പ്രൊഫ. കെ. എം. ഫ്രാൻസീസ്, |
| | കത്തീഡ്രൽ വോയ്സ് – തൃശ്ശൂർ ലൂർദ്ദ് |
| രണ്ടാം സമ്മാനം | അലോഷ്യസ് കുറ്റിക്കാട്ട്, അമലോത്ഭവ – മരത്താക്കര |
| | ബിൻസി വർഗ്ഗീസ്, ബോസ്കോ വോയ്സ് – മരിയാപുരം |
| | പിയൂസ് ചിറ്റിലപ്പിള്ളി, വിശ്വാസപ്രഭ – പാലയൂർ |
| മൂന്നാം സമ്മാനം | നീതു റപ്പായി, പ്രകാശനാളം – പുത്തൻപീടിക |
| | ലില്ലി പി. സി., ടച്ച് മീ – കുന്നംകുളം |
| | ലിമ സോബി, യേശുനാദം – ഒല്ലൂർ |
| | ഡോ. ജെനി റാഫേൽ, സ്നേഹദൂത് – നെല്ലിക്കുന്ന് |

<u>കഥ</u>

| | |
|---|---|
| ഒന്നാം സമ്മാനം | ലാസർ ചുങ്കത്ത്, സാന്തോം വോയ്സ് – തിരൂർ |
| രണ്ടാം സമ്മാനം | പ്രൊഫ. ചാക്കോ കാക്കശ്ശേരി, മാർത്തോമദീപ്തി – മറ്റം<br>ഷാജു, സെന്റ് സേവിയേഴ്സ് വോയ്സ്– വടക്കാഞ്ചേരി |
| മൂന്നാം സമ്മാനം | ഹേസൽ ഷിബിൻ, കത്തീഡ്രൽ വോയ്സ് – തൃശ്ശൂർ ലൂർദ്ദ്<br>ജോളി കുരിയാക്കോസ്, അന്നാസ് ഡൈജസ്റ്റ് – തൃശ്ശൂർ സെന്റ് ആൻ<br>മായ ജോഷി, സ്നേഹസ്പന്ദനം – ചെവ്വൂർ |

<u>കാർട്ടൂൺ</u>

| | |
|---|---|
| ഒന്നാം സമ്മാനം | ജോൺസൻ നമ്പഴിക്കാട്, മാർത്തോമാ ദീപ്തി – മറ്റം |
| രണ്ടാം സമ്മാനം | സി. മരിയ ജിൻസി SMC, വിജയകാഹളം – ചേറൂർ |
| മൂന്നാം സമ്മാനം | ജോഷി ജോസ്, മരിയരശ്മി – പേരാമംഗലം |

<u>ഇടയശബ്ദം (വികാരി)</u>

ഫാ. ഏബിൾ ചിറമ്മൽ, എഫ്ഫാത്ത – വാടാനപ്പിള്ളി

ഫാ. പ്രതീഷ് കല്ലറക്കൽ, ആമ്മേൻ – കാരമുക്ക് നോർത്ത്

ഫാ. ആന്റണി ചിറ്റിലപ്പിള്ളി Sr., യേശുനാദം – ഒല്ലൂർ

ഫാ. വിൽസൺ പിടിയത്ത്, പാരിഷ് വോയ്സ് – ചിറ്റാട്ടുകര

ഫാ. ഡഗ്ലസ് പീറ്റർ, സെന്റ് ആന്റണീസ് വോയ്സ് – അന്തിക്കാട്

<u>ഇടയശബ്ദം (സഹവികാരി)</u>

ഫാ. ജോയൽ ചിറമ്മൽ CMI, മാർത്തോമ ദീപ്തി – മറ്റം

ഫാ. ജിന്റോ ചിറമ്മൽ CMI, തിരുഹൃദയനാദം – പെരിഞ്ചേരി

ഫാ. നിതിൻ പൊന്നാരി, മരിയകാഹളം – കണ്ടശ്ശാംകടവ്

ഫാ. ജോമോൻ താണിക്കൽ, സാൻജോ വോയ്സ് – കുരിയച്ചിറ

ഫാ. ഹാഡ്ലി നീലങ്കാവിൽ, ബോസ്കോ വോയ്സ് – മരിയാപുരം

**ഫാ. സിംസൺ ചിറമ്മൽ**
ഡയറക്ടർ

**ജോർജ്ജ് ചിറമ്മൽ**
പ്രസിഡണ്ട്

# 19–ാം വൈദികസമിതി ഉദ്ഘാടനയോഗ റിപ്പോർട്ട്

പത്തൊമ്പതാം വൈദികസമിതിയുടെ പ്രഥമയോഗം 2025 ജൂലൈ 11 വെള്ളിയാഴ്ച ഉച്ചകഴിഞ്ഞ് 2:30 ന് ആർച്ച്ബിഷപ്സ് ഹൗസിൽ നടന്നു. ബഹു. ബാസ്റ്റിൻ ആലപ്പാട്ട് അച്ചന്റെ പ്രാർത്ഥനയോടെ യോഗം ആരംഭിച്ചു. വികാരി ജനറൽ മോൺ.ജോസ് കോനിക്കര Jr. അച്ചൻ യോഗത്തിലേക്ക് ഏവരെയും സ്വാഗതം ചെയ്തു. അഭിവന്ദ്യ മാർ ടോണി നീലങ്കാവിൽ പിതാവ് വൈദികസമിതിയുടെ ലക്ഷ്യം, ഉത്തരവാദിത്വം പ്രവർത്തനങ്ങൾ എന്നിവയെ കുറിച്ച് ക്ലാസ്സ് നയിച്ചു. തുടർന്ന് അഭിവന്ദ്യ മാർ ആൻഡ്രൂസ് താഴത്ത് പിതാവിന്റെ അധ്യക്ഷതയിൽ വൈദികസമിതിയുടെ പുതിയ സെക്രട്ടറിയെയും മറ്റ് കമ്മിറ്റി അംഗങ്ങളെയും തെരഞ്ഞെടുത്തു. പത്തൊമ്പതാം വൈദികസമിതിയുടെ സെക്രട്ടറിയായി ഫാ. അലക്സ് മരോട്ടിക്കൽ തെരഞ്ഞെടുക്കപ്പെട്ടു. തുടർന്ന് വിവിധ വിഭാഗങ്ങളിലേക്കുള്ള തെരഞ്ഞെടുപ്പ് നടന്നു.

അജണ്ട കമ്മിറ്റി: ഫാ. ജോൺ അയ്യങ്കാനയിൽ, ഫാ. സാജൻ പിണ്ടിയാൻ, ഫാ. മാത്യു കുറ്റിക്കോട്ടയിൽ

എൻക്വയറി കമ്മിറ്റി: ഫാ. ജോസ് നന്തിക്കര സി.എം.ഐ. (സന്ന്യാസ പ്രധിനിധി), ഫാ. ലാസർ താണിക്കൽ ഫാ. വർഗീസ് കൂത്തൂർ, ഫാ. ബിജു പാണേങ്ങാടൻ, ഫാ. തോമസ് കാക്കശ്ശേരി, ഫാ.ജോസ് ചാലക്കൽ, ഫാ. ഫ്രാങ്കോ കവലക്കാട്ട്

കോർപ്പറേറ്റ് എഡ്യൂക്കേഷൻ ഏജൻസി സെലക്ഷൻ കമ്മറ്റിയംഗം– ഫാ. ഫ്രാൻസിസ് നീലങ്കാവിൽ

തീർത്ഥാടനകേന്ദ്രകമ്മിറ്റി അംഗം: ഫാ. ജോസ് പുന്നോലിപ്പറമ്പിൽ

തുടർന്നു നടന്ന ചർച്ചകൾക്കുശേഷം പുതിയ സെക്രട്ടറിയായി തെരഞ്ഞെടുക്കപ്പെട്ട ഫാ. അലക്സ് മരോട്ടിക്കലിന്റെ നന്ദിക്കും പ്രാർത്ഥനക്കുംശേഷം യോഗം പര്യവസാനിച്ചു.

**ഫാ. അലക്സ് മരോട്ടിക്കൽ**
വൈദികസമിതി സെക്രട്ടറി

# 19 പത്തൊമ്പതാം പാസ്റ്ററൽ കൗൺസിൽ അഞ്ചാം യോഗ റിപ്പോർട്ട്

19-ാം പാസ്റ്ററൽ കൗൺസിലിന്റെ അഞ്ചാമത്തെ യോഗം 2025 ജൂൺ14ന് അതിരൂപത ഫാമിലി അപ്പസ്തോലേറ്റ് സെന്ററിൽ നടത്തപ്പെട്ടു. രാവിലെ 9:30ന് രജിസ്ട്രേഷൻ ആരംഭിച്ചു. ശ്രീമതി ദിവ്യ നയിച്ച പ്രാർത്ഥനയോടെ ആരംഭിച്ച യോഗത്തിൽ വികാരി ജനറാൾ മോൺ. ജെയ്സൺ കൂനംപ്ലാക്കൽ ഏവർക്കും സ്വാഗതം ആശംസിച്ചു. പാസ്റ്ററൽ കൗൺസിൽ ജോയിന്റ് സെക്രട്ടറി ശ്രീമതി എൽസി വിൻസെന്റ് 2024 നവംബറിൽ നടന്ന യോഗത്തിന്റെ റിപ്പോർട്ടും 2025 മാർച്ചിൽ നടന്ന മെത്രാപ്പോലീത്തൻ പാസ്റ്ററൽ കൗൺസിൽ യോഗത്തിന്റെ റിപ്പോർട്ടും അവതരിപ്പിച്ചു. യോഗം റിപ്പോർട്ട് പാസ്സാക്കി.

അഹമ്മദാബാദ് വിമാനദുരന്തത്തിൽ മരണപ്പെട്ടവർക്ക് ആദരാഞ്ജലികളർപ്പിച്ചതിനുശേഷം അതിരൂപത ചാൻസലർ ഫാ. ഡൊമിനിക് തലക്കോടൻ യോഗനടപടികൾ വിശദീകരിച്ചു. അഭിവന്ദ്യ മാർ ആൻഡ്രൂസ് താഴത്ത് പിതാവ് യോഗത്തിൽ അധ്യക്ഷത വഹിച്ചു. തുടർന്ന് പ്രത്യാശയിൽ ഒന്നായി വളരുന്ന സമൂഹം എന്ന വിഷയത്തിൽ റവ. ഫാ. ദിജോ ഒലക്കേങ്കിൽ ക്ലാസ്സ് നയിച്ചു. അനുദിനജീവിതത്തിൽ പ്രാവർത്തികമാക്കേണ്ട ഒരു സുകൃതമാണ് പ്രത്യാശ എന്നദ്ദേഹം വിശദീകരിച്ചു. വ്യക്തി ജീവിതത്തിലും കുടുംബത്തിലും ഉള്ള പ്രത്യാശയാണ് സമൂഹത്തിൽ പ്രകടമാകുന്നത്. പ്രത്യാശ നഷ്ടപ്പെടുന്നിടത്ത് വ്യക്തിബന്ധങ്ങളുടെ ദൃഢത ഉലയുന്നു എന്നും ഈ ജൂബിലി വർഷത്തിൽ പ്രത്യാശയിൽ വളരുന്ന സമൂഹമാകുന്നതിന് വിവിധതലങ്ങളിൽ തയ്യാറാക്കിയ കർമ്മപദ്ധതികൾ നമ്മെ സഹായിക്കട്ടെ എന്നും അദ്ദേഹം കൂട്ടിച്ചേർത്തു.

'സമുദായ ശാക്തീകരണം ഇന്നിന്റെ ആവശ്യകത' എന്ന വിഷയം ആസ്പദമാക്കി ഡോ. കെ. എം. ഫ്രാൻസിസ് ക്ലാസ്സ് നയിച്ചു. അംഗസംഖ്യയിൽ കാര്യമായ കുറവ് സംഭവിച്ചുകൊണ്ടിരിക്കുന്ന നമ്മുടെ സമുദായം ഇന്ന് നേരിടുന്ന അവഗണനകളെയും അതിക്രമങ്ങളെയും മറികടക്കാൻ സ്വത്വബോധം വീണ്ടെടുക്കണമെന്ന് അദ്ദേഹം ഉദ്ബോധിപ്പിച്ചു.

ഇടവേളക്കുശേഷം ചേലക്കര, എരുമപ്പെട്ടി, കണ്ടശ്ശാംകടവ്, കൊട്ടേക്കാട് എന്നീ ഫൊറോനകളിൽ നടന്ന ചർച്ചകളുടെ റിപ്പോർട്ട് അതത് ഫൊറോന കൗൺസിൽ സെക്രട്ടറിമാർ യഥാക്രമം അഖിൽ ജോസ്, പോൾസൺ എം.ടി., അഡ്വ. സന്തോഷ് മണ്ടുംപാല, ജെയിംസ് സി.ജെ. എന്നിവർ അവത രിപ്പിച്ചു. മറ്റു ഫൊറോനകളിലെ റിപ്പോർട്ടുകൾ ക്രോഡീകരിച്ച് അജണ്ട കമ്മറ്റിയംഗം ശ്രീ. എ. ഡി. ഷാജു അവതരിപ്പിച്ചു.

തുടർന്ന് ചർച്ചാവേളയായിരുന്നു. സമുദായ ശാക്തീകരണം പ്രവൃത്തിപഥത്തിൽ എങ്ങനെ നടപ്പാക്കാം എന്ന് ചർച്ചയിൽ പ ങ്കെടുത്തവർ വിവിധ നിർദ്ദേശങ്ങളോടെ ചൂണ്ടികാട്ടി. വലിയ കുടുംബങ്ങളുടെ പ്രാധാന്യം, യുവജനങ്ങളെ പള്ളിയോട് ചേർത്തു നിർത്തേണ്ടതിന്റെ ആവശ്യകത, രാഷ്ട്രീയരംഗത്തെ സജീവപങ്കാളിത്തം, ബിസിനസ്സ് കൂട്ടായ്മയുടെ ആവശ്യകത, സംഘടനകളിലെ പുതിയ ഭാരവാഹികളുടെ സാന്നിധ്യം, കത്തോ ലിക്കാകോൺഗ്രസ്സിന്റെ പുനർസംഘാടനം, കുടുംബങ്ങളുടെ ശാക്തീകരണം, സമുദായ ശാക്തീകരണ ബോധവത്കരണവും റിസോഴ്സ് ടീമിന്റെ ലഭ്യതയും, പാക്ടിന്റെ പ്രവർത്തനം, കർഷക കൂട്ടായ്മകൾ, സർക്കാർ ആനുകൂല്യങ്ങളുടെ ശരിയായ വിനിയോഗം തുടങ്ങിയ വിഷയങ്ങൾ ചർച്ച ചെയ്യപ്പെട്ടു. അഭിവന്ദ്യ മാർ ടോണി നീലങ്കാവിൽ പിതാവ് മോഡറേറ്ററായിരുന്നു.

തുടർന്ന് വികാരി ജനറാൾ മോൺ. ജോസ് കോനിക്കര അറിയിപ്പുകൾ നൽകി. ദിവംഗതനായ ഫ്രാൻസിസ് മാർപ്പാപ്പയുടെ അനുസ്മരണയോഗം, അതിരൂപതാദിനം എന്നിവയിൽ പങ്കെ ടുത്ത അംഗങ്ങൾക്ക് പ്രത്യേകം നന്ദി പറഞ്ഞു. ഫൊറോന കൗൺസിൽ അംഗങ്ങളും പാസ്റ്ററൽ കൗൺസിൽ അംഗങ്ങളും സമുദായ ശാക്തീകരണപരിപാടിയിൽ സജീവമായി പങ്കെടു ക്കണമെന്ന് അദ്ദേഹം ഓർമ്മിപ്പിച്ചു. പാസ്റ്ററൽ കൗൺസിൽ യോഗങ്ങളിലെ ഹാജർ എല്ലാം അംഗങ്ങളും ഉറപ്പു വരുത്തണം. അടുത്ത പാസ്റ്ററൽ കൗൺസിൽ യോഗം സെപ്തംബർ 13നാ ണെന്നും അറിയിച്ചു. ശൂന്യവേളയിൽ ജൂബിലി മിഷൻ ആശു പത്രി ഡയറക്ടർ ഫാ. റെന്നി മുണ്ടൻകുരിയൻ സ്ഥാപനത്തിൽ നൽകുന്ന വിവിധ കോഴ്സുകൾ വിശദീകരിച്ചു. കോഴ്സുകൾക്ക് അർഹരായവർക്ക് സ്കോളർഷിപ്പ് നൽകുന്നുണ്ടെന്നും പ്രവർ ത്തന മികവിന് സ്ഥാപനം അഖിലേന്ത്യാതലത്തിൽ 8-ാം സ്ഥാന വും സംസ്ഥാനതലത്തിൽ ഒന്നാം സ്ഥാനവും കരസ്ഥമാക്കി യതായും അറിയിച്ചു.

അധ്യക്ഷപ്രസംഗത്തിൽ അഭിവന്ദ്യ ആൻഡ്രൂസ് താഴത്ത് പിതാവ് സമുദായശാക്തീകരണത്തിന് നേതൃത്വം കൊടുക്കാൻ പാസ്റ്ററൽ കൗൺസിൽ അംഗങ്ങളെ ആഹ്വാനം ചെയ്തു. ജൂൺ, ജൂലൈ മാസങ്ങളിൽ സമുദായ ജാഗ്രതാസദസ്സുകൾ നടത്താൻ കത്തോലിക്കാകോൺഗ്രസ്സും പാസ്റ്ററൽ കൗൺസിൽ അംഗങ്ങളും നേതൃത്വം കൊടുക്കണമെന്ന് അഭിവന്ദ്യപിതാവ് ആഹ്വാനം ചെയ്തു. രാഷ്ട്രീയകാര്യസമിതി തുടരില്ലെന്നും പകരം സമുദായ ജാഗ്രതാസമിതിയായിരിക്കും പ്രവർത്തിക്കുക എന്നും അഭിവന്ദ്യ പിതാവ് അറിയിച്ചു. അജണ്ടകമ്മറ്റിയിൽ ഒഴിവു വന്ന സ്ഥാനങ്ങളിലേക്ക് വൈദിക പ്രതിനിധിയായി ഫാ. വർഗ്ഗീസ് തരകനെയും, സന്യസ്ത വൈദികപ്രതിനിധിയായി ഫാ. ജോയ്സ് തോണിക്കുഴി SDB യെയും തെരഞ്ഞെടുത്തു.

അഡ്വ. അജി വർഗ്ഗീസ് പ്രമേയം അവതരിപ്പിക്കുകയും യോഗം അത് അംഗീകരിക്കുകയും ചെയ്തു. യോഗത്തിൽ പങ്കെടുത്തവർക്ക് പാസ്റ്ററൽ കൗൺസിൽ സെക്രട്ടറി ശ്രീ. ജോഷി വടക്കൻ നന്ദി രേഖപ്പെടുത്തി. അഭിവന്ദ്യപിതാവിന്റെ സമാപനാശീർവാദത്തോടെ ഉച്ചക്ക് 1:30ന് യോഗം പര്യവസാനിച്ചു.



**ഫാ. ഡൊമിനിക് തലക്കോടൻ**
ചാൻസലർ & ജനറൽ സെക്രട്ടറി

## ഏദൻ

നമ്മുടെ അതിരൂപതയിലെ വിദ്യാസമ്പന്നരും എന്നാൽ തൊഴിൽ തേടുന്നവരുമായ ചെറുപ്പക്കാർക്ക് അവർ ആഗ്രഹിക്കുന്ന മേഖലകളിൽ തൊഴിൽ ലഭിക്കുവാൻ വേണ്ട നൈപുണ്യം കൊടുക്കുവാനും അതുവഴി ലഭ്യമായ അവസരങ്ങളിൽ നിയമനം ലഭിക്കുന്നതിനും പ്രാപ്തരാക്കുവാൻ അനുയോജ്യമായ കരിയർ പ്ലേസ്മെന്റ് ഗൈഡൻസും തുടർന്ന് ജോബ് ഫെയറും നടത്തുവാൻ അതിരൂപത അധ്യക്ഷനായ അഭിവന്ദ്യ ആൻഡ്രൂസ് താഴത്ത് പിതാവിന്റെയും സഹായ മെത്രാൻ അഭിവന്ദ്യ ടോണി പിതാവിന്റെയും ആശീർവാദത്തോടുകൂടി

പ്രഗത്ഭരായ ഒരു ടീം ഏദൻ എന്ന പേരിൽ ഒരു ട്രസ്റ്റിന് രൂപം നൽകി പ്രവർത്തനം ആരംഭിച്ചിരിക്കുകയാണ്. DBCLC യിൽ ആണ് ഏദൻ ട്രസ്റിന്റെ ഓഫീസ്.

വിവിധ മേഖലകളിൽ ഉയർന്ന പദവികളിൽ ഇപ്പോൾ ജോലി ചെയ്യുന്നവരും നീണ്ട കാലത്തെ പരിചയസമ്പത്തുള്ളവരും തൊഴിൽ ദാതാക്കൾ എന്ന നിലയിൽ നമ്മുടെ കഴിവുള്ള ചെറുപ്പക്കാർക്ക് അവരുടെ വ്യവസായ ബിസിനസ്സ് സ്ഥാപനങ്ങളിൽ നിയമനം നൽകുവാൻ തയ്യാറായവരുമാണ് ഈ ഉദ്യമത്തിന് ചുക്കാൻ പിടി ക്കുന്നത്. സമുദായ ശാക്തീകരണത്തിന്റെ പ്രവർത്തനങ്ങൾക്ക് ആക്കം നൽകുവാൻ ഉന്നം വെച്ചുള്ള ഈ ട്രസ്റ്റിന്റെ പ്രവർത്തനങ്ങൾ ഹൈ സ്കൂൾ, ഡിഗ്രി തലത്തിലുള്ള നമ്മുടെ കുട്ടികൾക്ക് അവരുടെ കഴിവിനും അഭിരുചിക്കും അനുസരിച്ചുള്ള പഠന തുടർപഠന കാര്യങ്ങളിൽ മാർഗ നിർദേശം നൽകുവാനും, കച്ചവട രംഗത്തും മറ്റു ബിസിനസ് രംഗത്തും കാർഷിക രംഗത്തും നമ്മുടെ ആല്മായർ നേരിടുന്ന പ്രതിസന്ധികൾ മനസ്സിലാക്കി ആവശ്യമായ സാങ്കേതിക മാനേജ്മന്റ് നിർദേശങ്ങൾ നൽകി അത്തരം സാമ്പത്തിക കർമ്മ പദ്ധതികളിൽ ഒത്തൊരുമിച്ച് മുന്നേറുവാനും ലക്ഷ്യമിടുന്നു.

ആദ്യ പടി എന്ന നിലയിൽ ഏദൻ ടീം തെരെഞ്ഞെടുത്ത നൂറ്റി അമ്പതോളം അഭ്യസ്തവിദ്യരായ ചെറുപ്പക്കാരെ പരിശീലിപ്പിച്ച് വിവിധ കമ്പനികളിൽ മുഖാമുഖത്തിന് അയച്ചു കഴിഞ്ഞു. ഇതിൽ കുറച്ചു പേർക്ക് ജോലി ലഭിച്ചു എന്നത് ഈ പ്രവർത്തനങ്ങൾക്ക് ഉത്തേജനം നൽകുന്നു. നൂറ്റിഅൻപതു് പേര് വീതമുള്ള മൂന്ന് ബാച്ചിനു കൂടെ കൂടെ ഈ വർഷം തന്നെ ഈ പരിശീലനം നൽകുന്നതാണ്. കൂടാതെ നമ്മുടെ കാറ്റിക്കിസം മിഷനുമായും എക്സൽ അക്കാഡമിയുമായും ഏദൻ സഹകരിച്ച് പ്രവർത്തിക്കുന്നതായിരിക്കും.

ഏദൻ ഓഫീസ് നമ്പർ 7306426724

ഇമെയിൽ edentrust.tcr @gmail.com



Transfiguration of the Lord
August 6

# തിരുനാൾ ആശംസകൾ



**വി. എവുപ്രാസ്യ**

ഓഗസ്റ്റ് 29

Registered R.N.I. No. 27348/1975
KL/TCR/275/2024-2026
Licence No. KL/CR/TCR/WPP-11/2024-2026
Licensed to Post Without Prepayment
Posted at Thrissur RMS

₹ **25/-**
Date of Publication 24.07.2025
**August - 2025**



തിരുനാൾ ആശംസകൾ

**പരിശുദ്ധ കന്യകാമറിയത്തിന്റെ സ്വർഗ്ഗാരോപണം**

**സ്വാതന്ത്ര്യദിനാശംസകൾ**

**ഓഗസ്റ്റ് 15**

Printed and Published by Dr. Francis Aloor on behalf of Catholic Archdiocese of Trichur and
Printed at St. Mary's Orphanage Press, Madona Nagar, Kachery - 680 005 and
Published at Catholic Archbishop's House, Thrissur, Kerala - 680 005., Editor: Dr. Francis Aloor